# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2021 മാർച്ച് 11 | ദീപം 54 | നാളം 2 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# വോട്ടിന്റെ രാഷ്ട്രീയവും വോട്ടറുടെ ഗതികേടും!





ജോർജ് കള്ളിവയൽ

കേരളം ഉൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പാണ് എവിടെയും ചർച്ച. ഏപ്രിൽ ആറിന് പോളിങ് ബൂത്തിലേക്കു പോകുന്ന കേരളത്തിലും തമിഴ്നാട്ടിലും പുതുച്ചേരിയിലും സ്ഥാനാർത്ഥിനിർണയം പൂർത്തിയാകുന്നതിനുമുമ്പേ പ്രചാരണം ചൂടുപിടിക്കുകയാണ്. മാർച്ച് 27 മുതൽ ഏപ്രിൽ 29 വരെ എട്ടു ഘട്ടങ്ങളിലായി തിരഞ്ഞെടുപ്പു നടക്കുന്ന പശ്ചിമബംഗാളിലും മാർച്ച് 27 മുതൽ ഏപ്രിൽ ആറുവരെ മൂന്നു ഘട്ടമായി വോട്ടെടുപ്പു നടക്കുന്ന അസമിലും പ്രചാരണം സജീവമായി. നാലു പ്രധാന സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലെയും ഫലം പ്രഖ്യാപിക്കുന്ന സൂപ്പർ ഞായറാഴ്ചയായ മേയ് രണ്ടുവരെയുള്ള കാത്തിരിപ്പാകും പ്രയാസം. ജനവിധി വോട്ടിങ് യന്ത്രത്തിൽ രേഖപ്പെടുത്തിയ ശേഷം ഏകദേശം ഒരു മാസം കഴിഞ്ഞേ കേരളം ആരു ഭരിക്കുമെന്നറിയാനാകൂ. രാഷ്ട്രീയനേതാക്കൾ, സ്ഥാനാർത്ഥികൾ, പ്രവർത്തകർ മുതൽ സാധാരണക്കാർ വരെയുള്ളവരുടെ നെഞ്ചിടിപ്പു ചെറുതാകില്ല.

സംസ്ഥാനത്തെ 140 നിയമസഭാമണ്ഡലങ്ങളിലെയും മലപ്പുറം ലോക്സഭാ മണ്ഡലത്തിലെയും തിരഞ്ഞെടുപ്പിനു പതിവില്ലാത്ത ഉദ്വേഗവും ആശങ്കകളും വീറും വാശിയും കാണാനാകും. കൊവിഡ് പ്രതിസന്ധി രൂക്ഷമായി തുടരുന്നതിനിടെയാണു സംസ്ഥാനത്തെ സുപ്രധാന നിയമസഭാതിരഞ്ഞെടുപ്പു നടക്കുന്നത്. ഭരണത്തുടർച്ചയാണോ, പതിവുള്ള ഭരണമാറ്റമാണോ, ബിജെപിയുടെ കുതിപ്പാണോ സംസ്ഥാനത്ത് ഉണ്ടാവുകയെന്നതിൽ ആർക്കും തീർച്ചയില്ല.

ഓണാഘോഷത്തോടെ വർദ്ധിച്ച കൊവിഡ് വ്യാപനം തദ്ദേശതിരഞ്ഞെടുപ്പോടെയാണു കൈവിട്ടത്. ഇപ്പോൾത്തന്നെ രാജ്യത്ത് ഏറ്റവും കൂടുതൽ പുതിയ കൊവിഡ് കേസുകളുള്ള കേരളത്തിൽ ഇത്തവണയെങ്കിലും എല്ലാവരും സൂക്ഷിക്കേണ്ടതു പരമപ്രധാനമാണ്. വീടിനു പുറത്തിറങ്ങുമ്പോൾ അന്യവ്യക്തികളുമായുള്ള അകലം, മാസ്ക്, സാനിറ്റൈസർ എന്നിവയോടൊപ്പം സോപ്പ് ഉപയോഗിച്ചു കൈകളുംമുഖവുംവൃത്തിയായി കഴുകുകയെന്നതിലും എല്ലാവർക്കും ശ്രദ്ധയുണ്ടാകേണ്ടതു നമ്മുടെയും രാജ്യത്തിന്റെയും ആവശ്യമാണ്.

### വിശ്വാസ്യത ചോരുന്ന സർവേകൾ

തിരഞ്ഞെടുപ്പ് അടുത്തതോടെ അഭിപ്രായസർവേകളുടെ തുടക്കവുമായി. കേരളത്തിൽ ഏഷ്യാനെറ്റ്, 24 ന്യൂസ് എന്നിവരോടൊപ്പം സി വോട്ടർ എന്ന ഏജൻസിയുമായി ചേർന്നു കൊൽക്കത്തയിലെ ആനന്ദബസാർ പത്രിക ഗ്രൂപ്പു നടത്തിയ സർവേഫലങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനും എൽഡിഎഫിനും വലിയ പ്രതീക്ഷ നൽകുന്നതാണ്. മൂന്നു സർവേകളും ഒരുപോലെ ഇടതുമുന്നണിയുടെ തുടർഭരണമാണു സംശയമില്ലാതെ പ്രവചിക്കുന്നത്.

എന്നാൽ, സർവേകൾ പലതും പിഴയ്ക്കുന്നതു കേരളവും രാജ്യവും കണ്ടു. സർവേകൾ പറഞ്ഞതുപോലെയല്ല പലയിടത്തും ഒറിജിനൽ ജനവിധി. മണ്ഡലം തിരിച്ചു തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചപ്പോൾ പലയിടത്തും പ്രവചനം തെറ്റി. അതിനാൽ, പൊതുവായ പ്രവചനമാണ് ഇക്കുറി മൂന്നു സർവേകളിലും ഉണ്ടായത്. സർവേക്കാർ എന്തു പ്രവചിച്ചാലും ഫലത്തിൽ കടുത്ത മൽസരമാകും നടക്കുക.

കേരളത്തിൽ 83–91 വരെ സീറ്റുകൾ ഇടതുമുന്നണി നേടുമെന്നാണ് എബിപി - സി വോട്ടർ സർവേയിലെ പ്രവചനം. യുഡിഎഫിന് 47–55 സീറ്റുകളേ കിട്ടുവെന്നാണ് ഇക്കൂട്ടർ പറയുന്നത്. ബിജെപിക്കു രണ്ടു സീറ്റു കിട്ടിയാൽ ഭാഗ്യം. ഒന്നുപോലും ജയിക്കാതിരുന്നാലും അദ്ഭുതപ്പെടാനില്ലെന്നാണ് ഈ സർവേയുടെ വിലയിരുത്തൽ.

▶ 8

# വെയിൽച്ചൂടിൽ വെന്തുരുകി കേരളം





ഇഗ്നേഷ്യസ് കലയന്താനി

കൊവിഡ്ചൂടിനു പിന്നാലെ ഇനി വരുന്നത് വേനൽച്ചൂട്. കൂടെ ഇലക്ഷൻ ചൂടുകൂടിയാകുമ്പോൾ വരുംനാളുകളിൽ കേരളം ചുട്ടുപഴുക്കും.

വേനൽ കടുത്തതോടെ പല സ്ഥലങ്ങളിലും ചൂട് 40 ഡിഗ്രി സെൽഷ്യസിനു മേലെയായി. കോട്ടയം, ആലപ്പുഴ ജില്ലകളിൽ ചൂട് ശരാശരിയിലും മൂന്നു ഡിഗ്രി കൂടുതലാണ്. പാലക്കാട്ടാകട്ടെ 40 ഡിഗ്രി പിന്നിട്ടു.

പകൽ 36 ഡിഗ്രി ചൂടാണ് പല സ്ഥലത്തും. ഉച്ചനേരത്ത് അത് 38 ഡിഗ്രിയിലെത്തും. രാവിലെ പത്തിനും അഞ്ചിനും ഇടയിൽ പുറത്തിറങ്ങാൻ പറ്റാത്തത്ര രൂക്ഷമാണ് ചൂട്. ചൂടുകൂടുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ അതോറിറ്റി ജാഗ്രതാനിർദേശവും നൽകിക്കഴിഞ്ഞു.

പകൽ 11 നും മൂന്നിനും ഇടയിൽ നേരിട്ടു വെയിൽ കൊള്ളുന്നത് ഒഴിവാക്കണമെന്നാണു മുഖ്യനിർദേശം. പ്രായമായവർ, ഗർഭിണികളും കുട്ടികളും മറ്റു രോഗങ്ങൾ ഉള്ളവരും ഉറപ്പായും 11 മുതൽ മൂന്നു മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ ശ്രദ്ധിക്കണം. നിർജലീകരണം തടയാൻ ധാരാളം വെള്ളം കുടിക്കുക, മദ്യം, കാപ്പി, ചായ കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ ഒഴിവാക്കുക, പുറത്തേക്കിറങ്ങുമ്പോൾ കുടയോ തൊപ്പിയോ ഉപയോഗിക്കുക, പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. മൃഗങ്ങൾക്കും പക്ഷികൾക്കും ശുദ്ധജലലഭ്യത ഉറപ്പാക്കുക തുടങ്ങിയവയാണ് മറ്റു നിർദേശങ്ങൾ.

വേനൽമഴയുടെ കുറവ്, കടലിലെ ഉയർന്ന താപനില, അന്തരീക്ഷ ഈർപ്പത്തിന്റെ ഉയർന്ന തോത്, കോൺക്രീറ്റ് കെട്ടിടങ്ങളുടെയും ടാർ റോഡുകളുടെയും വാഹനങ്ങളുടെയും എയർ കണ്ടീഷനറുകളുടെയും വർധനവ്, തണ്ണീർത്തടങ്ങളുടെ കുറവ് തുടങ്ങിയവയെല്ലാം ചൂടിന്റെ ആധിക്യത്തിനു കാരണമായി.



തുലാമഴയുടെ കുറവാണ് ഈ വർഷം ഇത്രവേഗം ചൂടു കൂടാൻ കാരണമായതെന്നാണ് കാലാവസ്ഥാനിരീക്ഷകരുടെ അഭിപ്രായം. 492 മി.മീ. മഴ ലഭിക്കേണ്ടിടത്ത് കിട്ടിയത് 369 മാത്രം. 28 ശതമാനത്തിന്റെ കുറവ്. വേനൽമഴ ലഭിച്ചില്ലെങ്കിൽ ജലക്ഷാമം രൂക്ഷമാകുമെന്ന ആശങ്കയും നിലനിൽക്കുന്നു.

▶ 13

# ഇനി കവിതയുടെ നിർമാല്യകാലം

## അന്തരിച്ച പ്രശസ്ത കവി വിഷ്ണുനാരായണൻനമ്പൂതിരിയെക്കുറിച്ച്



പ്രഫ. സിജു ജോസഫ്

“കിണറ്റിലീമണ്ണിൽ
ഉറവയുണ്ടതിൽ
കുളുർക്കുകില്ലേതു
കനൽ? പക്ഷേ
കോരിയെടുക്കും വിദ്യ
നാം മറന്നുപോയാലോ?”

പ്രകൃതിസ്നേഹവും മാനവികതയും ആത്മീയതയും വേണ്ടുവോളം നിറഞ്ഞ, ഇതര ദേശങ്ങൾ എന്നും ആദരവോടെ മാത്രം നോക്കിയിട്ടുള്ള മഹത്തായ ഒരു സംസ്കൃതിയിൽ പിറന്നിട്ടും അതൊക്കെയെപ്പോഴോ കൈവിട്ട് ജീവിതം മടുത്തും ദുരിതദുഃഖങ്ങളുടെ കനൽ താണ്ടിയും നീങ്ങുന്ന തന്റെ സഹോദരങ്ങളെ നോക്കി നിരന്തരം ഇങ്ങനെ ചോദിച്ചുകൊണ്ടിരുന്ന കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. കവിതകൊണ്ടു മാത്രമല്ല, ജീവിതംകൊണ്ടും മരണംകൊണ്ടും അദ്ദേഹം നമ്മോടു പങ്കുവച്ച സത്യവും മറ്റൊന്നായിരുന്നില്ല.

അല്ലെങ്കിലെന്തിനാണ് 1994 ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ ഇംഗ്ലീഷ് വിഭാഗം മേധാവിയായി വിരമിച്ചയുടൻതന്നെ കാത്തിരുന്ന മോഹിപ്പിക്കുന്ന മറ്റ് അക്കാദമിക് താവളങ്ങളെല്ലാം ഉപേക്ഷിച്ച് തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തിലെ മേൽശാന്തിക്കാരന്റെ ജോലിയിലേക്ക് അദ്ദേഹം ഓടിയെത്തിയത്? മനസ്സുമുഴുവൻ അമ്മയായിരുന്നു, അമ്മയ്ക്കു കൊടുത്ത വാക്കായിരുന്നു. അഞ്ചു കുഞ്ഞുങ്ങളുണ്ടായതിലഞ്ചുപേരും ‘വിഷ്ണുപദം’ പ്രാപിച്ചപ്പോൾ ആറാമതുണ്ടായവനെ നോക്കി അമ്മ ഭഗവാനു കൊടുത്ത വാക്ക് പഠിക്കുകയും പഠിപ്പിക്കുകയും എഴുതുകയും ചെയ്ത ശാസ്ത്രത്തിന്റെയോ സാഹിത്യത്തിന്റെയോ യുക്തിയുടെയോ ഒന്നും അളവുകോലുകളെടുക്കാതെ ആ വാക്കിന്റെ മോക്ഷത്തിനുവേണ്ടി അങ്ങനെ സ്വയം സമർപ്പിച്ചത് വിശ്വാസത്തിന്റെ മാത്രം ആത്മബലത്തിലായിരുന്നു.

മാതാവിനോടു മാത്രമല്ല മാതൃസംസ്കൃതിയോടുംകൂടിയുള്ള അഭേദ്യമായ ആത്മബന്ധത്തിന്റെ സാക്ഷ്യമായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരിയുടെ എഴുത്തും ജീവിതവും. വേദങ്ങളും ഉപനിഷത്തുകളും കാളിദാസസാഹിത്യവുമെല്ലാം ഉൾപ്പെടുന്ന ആദിഭാരതീയാവബോധവും ഗാന്ധിജിയുടെയും ടാഗോറിന്റെയും വിവേകാനന്ദന്റെയും ശങ്കരാചാര്യരുടെയും നാരായണഗുരുവിന്റെയുമെല്ലാം ദർശനങ്ങളെ ഉൾക്കൊള്ളുന്ന ഇന്ത്യയെന്ന വികാരവും വിട്ടൊഴിയാത്ത മനസ്സായിരുന്നു ആ കാവ്യലോകത്തിന്റെ ഊർജവും വെളിച്ചവും. പിതൃയാനവും ശോണമിത്രനും ഗംഗാനാരായണനും മിത്രാവതിയും ബ്രഹ്മദത്തനും ഉജ്ജയിനിയിലെ രാപകലുകളുമൊക്കെയുള്ള കവിതകൾ ഇതിനുദാഹരണങ്ങളാണ്.

“ഭൂമിയോടൊട്ടി
നില്ക്കുന്നോൻ
ഭൂമിഗീതങ്ങളോർക്കു
വോൻ
ഭൂമിയെന്നാലെനി
ക്കെന്റെ
കുലപൈതൃക
മല്ലയോ”

എന്നു പാടുവാനും പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി തെരുവിലിറങ്ങാനും അദ്ദേഹം മടിക്കാതിരുന്നതിന്റെ കാരണവും മറ്റൊന്നല്ല. മലിനമാകാത്ത വായുവും വെള്ളവും ആഹാരവുമുള്ള, പ്രളയത്തിന്റെയോ വരൾച്ചയുടെയോ പ്രഹരശേഷിയിലൊടുങ്ങി മറയാത്ത മണ്ണും മനുഷ്യരും തന്റെ കാലത്തുമാത്രമല്ല നാളെയും ഉണ്ടാവണമെന്നു കരുതലോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത തലമുറയിലെ ഒരു കണ്ണികൂടി നമുക്കു നഷ്ടമായിരിക്കുന്നു; അതും സുഗതകുമാരിറ്റീച്ചറിന്റെ വിയോഗമുളവാക്കിയ ശൂന്യതയെ നാം മറികടക്കുന്നതിനുമുമ്പുതന്നെ.

എത്ര കരുതലോടെയാണോ മനുഷ്യന്റെ പുറംലോകത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചത്, അത്രതന്നെ കരുതലോടെയായിരുന്നു മനുഷ്യന്റെ ‘അഹംലോക’ത്തെക്കുറിച്ചും അദ്ദേഹം ചിന്തിച്ചത്.

‘ബുദ്ധിമുട്ടില്ലായെങ്കിലെൻ
വാർഡിലേക്കെത്തണം
താങ്കളെ കാണുവാനാ
ഗ്രഹം’

എന്ന് ഏതോ ഒരു മനുഷ്യൻ ആശുപത്രിക്കിടക്കയിൽനിന്നെഴുതിയ കത്തു കിട്ടുമ്പോൾ കവിഹൃദയം വല്ലാതെ തുടിക്കുന്നു. പാതിരാത്രി പിന്നിടുമ്പോഴും മനുഷ്യനെ മനുഷ്യനാക്കുന്ന ആന്തരികഗുണങ്ങളെക്കുറിച്ചും അവയുടെ പ്രചോദനശക്തിയെക്കുറിച്ചുമോർത്ത് അദ്ദേഹം വിസ്മയിക്കുന്നു. അല്ലയോ സ്നേഹിതാ, നിന്റെ നോവുന്ന ജീവിതാവസ്ഥയിലും കേവലം സ്വപ്നജീവിയായ ഈ പദ്യകാരനോടു തോന്നുന്ന സ്നേഹത്തിന്റെ രഹസ്യമെന്ത് എന്നു കവി ആരായുന്നു.

> മനുഷ്യനും പ്രകൃതിയും ഈശ്വരനും ഒന്നാകുന്ന സംസ്കൃതിയുടെ അചഞ്ചലമായ ആദിമവിശുദ്ധി എഴുത്തിലും ജീവിതത്തിലും അവസാന നിമിഷംവരെ കാത്തുസൂക്ഷിച്ച മലയാളത്തിന്റെ പുണ്യം മറയുന്നില്ല.



“വാസനകളാൽ
കർമബന്ധങ്ങളാൽ
വാശിയോടെ കുതിച്ചും
കുടുങ്ങിയും
വീണടിഞ്ഞും പിടഞ്ഞെണീറ്റും
ചീർത്ത വീറിനാലടിഞ്ഞേറിയും
വെമ്പിയും പായുമീ
ജീവലക്ഷ
മഹാഗതിയൊന്നിൻ ചെറിയ
ചുഴികൾ നാം”

എന്നാണ് കവി താനുൾപ്പെടുന്ന മാനവസമൂഹത്തെ ഇവിടെ വിശേഷിപ്പിക്കുന്നത്. ജീവിതത്തിന്റെ ആസക്തിയും അനാസക്തിയും വിജയപരാജയങ്ങളും സുഖദുഃഖങ്ങളും സംഘർഷങ്ങളും സന്ദേഹങ്ങളുമെല്ലാം കവിക്കു കിട്ടിയ കത്തിന്റെ ബാക്കിയായി ഇവിടെ പ്രതിപാദിക്കുന്നു.

ആരാധകന്റെ കത്തുകിട്ടിയിട്ട് തലകുലുക്കി ഞെളിഞ്ഞ് ‘ഞാൻ എന്നെത്തന്നെയൊന്ന് അഭിനന്ദിക്കാതെ തരമില്ലെന്നു’ ഞെളിയുകയല്ല; മറിച്ച്, അപരനുവേണ്ടിയെന്തെങ്കിലും നന്മ ചെയ്യുമ്പോൾ മാത്രമാണ് ജീവിതം ധന്യമാകുന്നതെന്ന തിരിച്ചറിവിൽ കൂടുതൽ വിനയാന്വിതനായി മുന്നോട്ടുപോവുകയാണു കവി.

ഇത്ര മാത്രമേ കവി പറയുന്നുള്ളൂ;

“ജീവിതത്തിൽ വെറുതെ
യാകുന്നില്ല
ഭാവശുദ്ധിയും ഭംഗിയും
വെണ്മയും
പൂവിനുള്ള സുഗന്ധവും
അന്യനായി
താനൊരുക്കും ചെറിയ
സംതൃപ്തിയും”

ധർമാധർമങ്ങളെച്ചൊല്ലി സംഘർഷമനുഭവിക്കുന്ന മനുഷ്യമനസ്സിന്റെ ചിത്രമാണ് ‘ലക്ഷ്മണൻ’ എന്ന കവിതയിൽ വിഷ്ണുനാരായണൻ നമ്പൂതിരി ആവിഷ്കരിക്കുന്നത്. സീതാപരിത്യാഗമാണു സന്ദർഭം. ജ്യേഷ്ഠത്തിയെ വനത്തിലുപേക്ഷിച്ചുപോരാൻ നിർബന്ധിതനാകുന്ന ലക്ഷ്മണൻ

“പുതിയൊരു തീർപ്പിനു
പുത്തരിയങ്ക
ക്കളരിയിതെന്നുടെ
മനമോ?”

എന്ന് അമർഷവും സങ്കടവും കലർന്ന സ്വരത്തിൽ സ്വയം ചോദിക്കുന്നുണ്ട്. കാളിദാസന്റെയും ഉപനിഷത്തുകളുടെയും ടാഗോറിന്റെയും കാവ്യചൈതന്യത്തെ സ്വാംശീകരിച്ച അതേ കവി കുമാരനാശാന്റെയും വൈലോപ്പിള്ളിയുടെയുമൊക്കെ വഴികളിൽ സഞ്ചരിച്ചതിന്റെ ഉദാഹരണംകൂടിയാണിത്. ഗോളാന്തരവ്യോമതലം കടന്നു കുതിക്കുന്ന മനുഷ്യപ്രതിഭാപ്രകർഷത്തെയോർത്ത് ഊറ്റംകൊള്ളുമ്പോഴും അവനവന്റെയുള്ളിലെ ആകാശം കാണാൻ മറന്നുപോകരുതെന്ന് സൗമ്യമധുരമായി നമ്മെ ഓർമിപ്പിച്ച കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. ‘ഐൻസ്റ്റീന്റെ അതിഥി’ എന്ന കവിതയിൽ ഹൈസൻബർഗും ഐൻസ്റ്റീനും തമ്മിലുള്ള കൂടിക്കാഴ്ചയെ വർണിക്കുമ്പോൾ അവിടെ ശാസ്ത്രസിദ്ധാന്തങ്ങളെ ബ്രഹ്മസത്യങ്ങളുമായി ബന്ധപ്പെടുത്തിയാവിഷ്കരിക്കാനാണ് കവി ശ്രമിച്ചത്.

മനുഷ്യനും പ്രകൃതിയും ഈശ്വരനും ഒന്നാകുന്ന സംസ്കൃതിയുടെ അചഞ്ചലമായ ആദിമവിശുദ്ധി എഴുത്തിലും ജീവിതത്തിലും അവസാനനിമിഷംവരെ കാത്തുസൂക്ഷിച്ച മലയാളത്തിന്റെ പുണ്യം മറയുന്നില്ല.

സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം, അപരാജിത, ഉജ്ജയിനിയിലെ രാപകലുകൾ, ഭൂമിഗീതങ്ങൾ, മുഖമെവിടെ, ഇന്ത്യ എന്ന വികാരം, അതിർത്തിയിലേക്കൊരു യാത്ര, ഋതുസംഹാരം (പരിഭാഷ), കവിതയുടെ ഡി.എൻ.എ. എന്നിവയാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പ്രധാന കൃതികൾ.

കേന്ദ്ര, കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2014 ൽ രാഷ്ട്രം പത്മശ്രീ നല്കി ആദരിച്ചു. വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾക്കുടമയാണിദ്ദേഹം.

വേദോപനിഷത്തുകളിൽ തുടങ്ങി ആധുനികമനുഷ്യന്റെ സംഘർഷങ്ങളെയും സന്ദിഗ്ധതകളെയും പ്രതിഫലിപ്പിച്ച കാവ്യധാരകളിൽവരെ വേരാഴവും വേരോട്ടവുമുള്ള മനോഹരമായ കവിതകൾ കൈരളിക്കു സമ്മാനിച്ചാണ് അദ്ദേഹം യാത്രയായത്. ഇനി കവിതയുടെ നിർമാല്യം കണ്ടുരുണരേണ്ട നാളുകൾ...

■

# അക്ഷരങ്ങളെ മായ്ക്കുന്ന ദൃശ്യങ്ങൾ



റ്റോം ജോസ് തഴുവംകുന്ന്

വായനയോളം ഫലം ചെയ്യുന്നതും ചെലവുകുറഞ്ഞതും തലമുറകളിലേക്കു പകരപ്പെടുന്നതുമായ മറ്റൊന്നില്ല. പക്ഷേ, പുസ്തകങ്ങളും തദ്വാരയുള്ള പാഠ്യപദ്ധതികളും സജീവമാകുമ്പോഴും വരുംതലമുറയിലേക്കു പകരുന്നത് വെറും ക്യാപ്സ്യൂൾ അറിവുകളാണ്. 'വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ മൊഴിയുടെ ആഴം തലമുറകൾ അറിയാതെ പോകരുത്.





ഡിജിറ്റൽയുഗത്തിന്റെ മാസ്മരികതകൊണ്ട് ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളെ നേരിടാനാകില്ലെന്നു കാലം തെളിയിച്ചുകഴിഞ്ഞു. അദ്ഭുതവിജ്ഞാനത്തിന്റെ ആധുനികയുഗത്തിലും 'തൊട്ടാവാടികൾ' പെരുകുന്നതിന്റെ കാരണം ശരിയായ വായനയുടെ അഭാവമാണ്.

ആധുനികവിജ്ഞാനത്തിന്റെ 'മിറക്കിൾ' തന്നെയായി ഇന്നത്തെ തലമുറ വളരുമ്പോഴും ബന്ധങ്ങളും സ്നേഹത്തിന്റെ അർത്ഥവും ജീവിതത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളുമൊക്കെ കൈമോശം വന്നവരായി അവർ മാറുകയാണ്. എനിക്കെന്തു കിട്ടുമെന്ന സ്വാർത്ഥചിന്തയിലേക്കു ഭൂരിപക്ഷവും മാറിയിരിക്കുന്നു. ആരെയും വിശ്വാസമില്ലെന്നു പറയുന്ന ഡിജിറ്റൽ മനുഷ്യൻ. സകലതും യന്ത്രത്തിനു വഴിമാറുമ്പോൾ മനുഷ്യരിലെ ദൈവം മരവിക്കുകയാണോ? മനഃസാക്ഷിയില്ലായ്മയുടെ കൂടാരമായി സമൂഹം മാറിയിരിക്കുന്നു.

അറിവിന്റെ സൂക്ഷിപ്പുകൾ മാത്രമല്ല, ജീവിതത്തിന്റെ സുരക്ഷയും പുസ്തകത്താളുകളിൽ ഒളിച്ചിരുപ്പുണ്ട്. കാരണം, ജീവിതത്തിന്റെ പകർത്തെഴുത്തുകളാണ് അവയിൽ പലതും! ഇന്ന് എല്ലാം കാഴ്ചകളിലൂടെയാണ്. എല്ലാവരുടെയും ചർച്ച ദൃശ്യങ്ങളെക്കുറിച്ചാണ്. വായിക്കുന്നതിനെക്കുറിച്ചു മറക്കുവാൻ പ്രേരിപ്പിക്കുന്ന കാഴ്ചകൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ ലോകത്തിരുന്ന് ആസ്വദിക്കുന്നവർ! പരിസരബോധം നഷ്ടമാക്കുകയും പരാധീനതകൾക്കു പരിഹാരം കാണാനാകാതെ സ്വയം ഇരുട്ടിൽതപ്പുകയും ചെയ്യുന്നവർ.

എങ്ങും ആശങ്കകളുടെ നെരിപ്പോടുകളാണ് നീറിപ്പുകയുന്നത്. ബന്ധങ്ങൾ ബന്ധനങ്ങളാകുന്നു; അഥവാ കരാറുകളാകുന്നു. എവിടെയും ചിരിയുണ്ടെങ്കിലും ഒന്നും ഹൃദയാനന്ദത്തിൽനിന്നുള്ളതല്ലെന്നു കാലം സാക്ഷിക്കുന്നു. ചതിയും വഞ്ചനയും വിപണിയൊരുക്കി കാത്തിരിക്കുന്നു. എവിടെത്തിരിഞ്ഞുനോക്കിയാലും ടെക്നോളജിയുടെ അനിതരസാധാരണപ്രവർത്തനമാണ് നടക്കുന്നത്. നാമൊക്കെ മനുഷ്യത്വം മറന്ന് യന്ത്രത്തിനു പിന്നാലെ ഓടുകയാണ്. മനുഷ്യന്റെ കൂട്ടും കൂട്ടുത്തരവാദിത്വവും കൂട്ടായ വിജയവും കണ്ടുവളർന്ന തലമുറയെക്കുറിച്ചുള്ള പഠനം താളിയോലകളിൽ ചിതലരിക്കുന്നു!



> ചുറ്റും നടക്കുന്നതിലേക്ക് ജീവിതം തുറന്നുവച്ച് പഴമയുടെ വർത്തമാനങ്ങൾ വായിച്ചറിയാൻ ആരും മിനക്കെടുന്നില്ല. വായിച്ചും എഴുതിയും കണ്ടെത്തിയും കണ്ടുപിടിച്ചും ലോകത്തിന്റെ നെറുകയിലേക്കു വളർന്നെത്തിയവരെക്കുറിച്ച്, അവർ മനുഷ്യരായി ജീവിച്ചതിന്റെ അകംപൊരുളിനെക്കുറിച്ച് ഇന്നത്തെ തലമുറ വായിച്ചുതന്നെ അറിയണം.

നിശ്ചയിക്കപ്പെട്ടതും 'സിംഗിൾ ട്രാക്ക്' സ്വഭാവമുള്ളതുമായ ആധുനിക അറിവുകൾ നാളെയുടെ തലമുറയെ പല സ്ഥലങ്ങളിലും വഴിമുട്ടിക്കും. കാരണം, 'ഇതാണെന്റെ വഴി' എന്ന തിരിച്ചറിവിനൊപ്പം 'ഇതുതന്നെയാണോയെന്റെ വഴി' എന്നൊന്നു വിചിന്തനം നടത്താൻ അവർക്കു കഴിയുന്നില്ല. ഓരോരുത്തരെയും ഏല്പിച്ചിരിക്കുന്ന 'താലന്ത്' കൃത്യമായി കണ്ടെത്തി വളർത്തിയെടുത്ത് ജീവനും ജീവിതവും തനിക്കും മറ്റുള്ളവർക്കും സന്ദേശമാക്കി മാറ്റുവാൻ ഇന്നത്തെ തലമുറയ്ക്കു കഴിയണമെങ്കിൽ പഴയ കാലടികളെ പിഞ്ചെല്ലാനും സ്വയം തിരിച്ചറിയാനും കഴിയണം. പറന്നുനടക്കുന്ന പക്ഷിയുടെ ആകാശം പൊടുന്നനേ വീണുകിട്ടിയതല്ല, അതിനു പിന്നിൽ ഒരു കൂടും മുട്ടയും പിച്ചവയ്ക്കലും ചിറകടിക്കലും, ചിറകടിച്ചിരുന്ന ആദ്യകൊമ്പുകളുടെ അടർന്നുവീഴലും തുടർന്നുള്ള ഉയർന്നുപറക്കലിലെ വീഴ്ചകളും താഴ്ചകളും യാതനകളുംകൂടിയുണ്ടെന്നു പഠിക്കണം! ഈ കഷ്ടതകളെക്കൂടി കൂടപ്പിറപ്പായി കണക്കാക്കി കരുതിപ്പോരുമ്പോഴാണ് വിജയത്തിന്റെ തിളക്കം പൂർണമാകുന്നത്.

ആധുനിക തലമുറ പിറന്നുവീഴുന്നതുതന്നെ സെൽഫോണിന്റെ മാന്ത്രികച്ചെപ്പിനകത്തേക്കാണ്. എന്തും പഠിക്കുന്നതും പരിശീലിക്കുന്നതും ഇതിലൂടെയാണ്. ഉള്ളതും ഇല്ലാത്തതും നല്ലതും ചീത്തയും ഒക്കെക്കൂടി ഉപയോക്താവിനെ കൺഫ്യൂഷനിലോ സ്വപ്നാടനത്തിലോ എത്തിക്കുന്നു. ഇന്നത്തെ മക്കളുടെ കളിപ്പാട്ടം സെൽഫോണാണെന്നുള്ളത് വായനയുടെ ലോകത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പഠനവിധേയമാക്കേണ്ടതാണ്. സെൽഫോണിന്റെ സ്ക്രീനിലേക്കു കൂനിക്കൂടിയിരുന്ന് പരിസരബോധം നഷ്ടപ്പെട്ട് ഏകാകിയായി എന്തിനെയോ തിരയുന്ന ആധുനികതലമുറ അപകടവഴിയിലൂടെയാണു നീങ്ങുന്നത്.

ഇന്നലെകളിലെ ജീവിതത്തെക്കുറിച്ച് ഇന്നിന്റെ മക്കൾ അറിയണമെങ്കിൽ വായനയുടെ ലോകം ഉണരണം. അതിലേക്കു ചൂണ്ടുപലകയാകാൻ വിദ്യാലയങ്ങളുടെ അകത്തളങ്ങൾക്കു കഴിയണം. അറിവിന്റെയും തൊഴിലിന്റെയും സിലബസും കരിക്കുലവും വിട്ട് മക്കൾ ജീവിതത്തിന്റെ വിശാലതയിലേക്കിറങ്ങണം. പരീക്ഷകൾക്കും മാർക്കുകൾക്കുമപ്പുറം ജീവിതത്തിന്റെ സന്മാർഗരേഖയുണ്ട്; മക്കളെ നല്ലതു വായിക്കാൻ പ്രേരിപ്പിക്കണം. മാർക്കും ഗ്രേഡും ജോലിയും കിട്ടാനുള്ള ഇന്റർവ്യൂചോദ്യങ്ങളുടെ ഉത്തരം കാണാപ്പാഠം പഠിപ്പിക്കലല്ല ജീവിതം! പരുപരുത്ത യാഥാർത്ഥ്യങ്ങളോടു പൊരുതിനിന്ന് വിജയിച്ചുകയറണമെങ്കിൽ കഴിഞ്ഞകാലത്തിന്റെ മൊഴിമുത്തുകളായ രചനകൾ തിരഞ്ഞെടുത്ത് മക്കളെ പ്രോത്സാഹിപ്പിക്കണം.

എന്തു മത്സരം സംഘടിപ്പിച്ചാലും വിജയികൾക്ക് സെൽഫോണും കമ്പ്യൂട്ടറുമല്ലാതെ, നല്ല പുസ്തകങ്ങൾ സമ്മാനമായി നൽകാൻ ഇന്നിന്റെ മത്സരവേദികൾ തയ്യാറാകണം. വായിക്കുന്നവരെയും എഴുതുന്നവരെയും ആധുനിക ബുദ്ധിജീവികൾ അവജ്ഞയോടെയാണ് നോക്കിക്കാണുന്നതെന്നതും വിചിത്രമാണ്. ഇന്നത്തെ തലമുറയുടെ കൈവശം ഒരു പേനപോലും കാണാനില്ല. എല്ലാം സെൽഫോണിൽത്തന്നെ തിരയുന്നതാണ് ആധുനികരീതി.

ദിനപത്രം വീടിന്റെ ഉമ്മറത്ത്, വരുംദിവസത്തെ പത്രമെത്തുംവരെയോ അതുകഴിഞ്ഞോ വിശ്രമിച്ചെന്നുവരാം. അതിനുശേഷം ഏതെങ്കിലും ഓൺലൈൻ പാഴ്സൽ പൊതിയാനോ അത്യാവശ്യം പലചരക്കു പൊതിയാനോ ഉപയോഗിച്ചെന്നും വരാം. പത്രപാരായണം പഴഞ്ചനാളുകളുടെ നേരംപോക്കാണെന്ന ഒരു പുച്ഛം എങ്ങും ദൃശ്യമാണ്. ക്യാപ്സൂൾ വാർത്തകളും ടാബ്ലറ്റ് കാഴ്ചകളുംകൊണ്ട് ആധുനികർ തൃപ്തിയടയുകയാണ്. വായനയുടെ ലോകം തുറക്കുകയെന്നത് നമ്മുടെ കടമയായി വളർത്തിയെടുക്കണം.

മടിയന്റെ പണിപ്പുരയായി മാറുന്ന ഇന്നത്തെ സെൽഫോൺ ഒരു മാന്ത്രികക്കെണിയായി ആധുനികതലമുറയ്ക്കു മാറുന്നെങ്കിൽ നാമെല്ലാം ജാഗ്രതയിലാകണം. അടുത്തിരിക്കുന്നവരെപ്പോലും അറിയാനോ ബന്ധങ്ങളെക്കുറിച്ചു പഠിക്കാനോ പരിചയം അല്ലെങ്കിൽ സൗഹൃദം ബലപ്പെടുത്താനോ ഇഷ്ടപ്പെടാത്ത പുതുതലമുറ സെൽഫോണിനു മുന്നിൽ കാഴ്ചകളുടെ പിടിയില മരുകയാണ്. വായനയിലൂടെ വളരണമെന്ന ബോധം ഗുരുവിനും ശിഷ്യനും നഷ്ടമായിരിക്കുന്നു.

ലോകത്തിനായി ലോകത്തിലേക്കു വളരേണ്ടവർ ലോകത്തെ മുഴുവനായി സ്വന്തം കൈപ്പിടിയിലേക്ക് ഒതുക്കുവാനുള്ള തീവ്രശ്രമത്തിലാണ്. ചുറ്റും നടക്കുന്നതിലേക്കു ജീവിതം തുറന്നുവച്ച് പഴമയുടെ വർത്തമാനങ്ങൾ വായിച്ചറിയാൻ ആരും മിനക്കെടുന്നില്ല. വായിച്ചും എഴുതിയും കണ്ടെത്തിയും കണ്ടുപിടിച്ചും ലോകത്തിന്റെ നെറുകയിലേക്കു വളർന്നെത്തിയവരെക്കുറിച്ച്, അവർ മനുഷ്യരായി ജീവിച്ചതിന്റെ അകംപൊരുളിനെക്കുറിച്ച് ഇന്നത്തെ തലമുറ വായിച്ചുതന്നെ അറിയണം. □

---

**കവിത**

**ജോർജുകുട്ടി താവളം**

## സ്ത്രീ

ഭൂമിക്കൊപ്പം ക്ഷമ –
യുള്ളവളാകും നാരി
സീമകളില്ലാതെന്തും
സഹിക്കും മനസ്വിനി
വീടിന്റെ വിളക്കായി
വെളിച്ചം വിതറുവോൾ
ആടിടുന്നെത്ര വേഷം
ജീവിതനാടകത്തിൽ.

ചൊല്ലിടുന്നബലയെ –
ന്നാകിലും പരാതിക–
ളില്ലാതെ വേണ്ടതെല്ലാം
ചെയ്തിടുന്നവിശ്രമം
ആണിനെക്കാളുമൊട്ടും
പിന്നിലല്ലവളെന്നു
കാണുവാനകക്കാമ്പിൻ
മിഴികൾ തുറക്കണം.




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*



**ജോയിഷ് ജോസ്**

"**ഞാ**നൊരു രാജ്യസ്നേഹിയാണ്, ഞാനെന്റെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനായി ഞാനെല്ലാം പരിത്യജിക്കും."

*മലാല യൂസഫ്സായ്*

# മലാലയുടെ ഹൃദയനൊമ്പരങ്ങൾ

മലാലയുടെ ആത്മകഥ വായിക്കുമ്പോൾ ഇങ്ങനെയും ഈ ലോകത്തു സംഭവിക്കുന്നുണ്ടോയെന്നു നിങ്ങൾ അദ്ഭുതപ്പെട്ടേക്കാം, അതേ, ഇങ്ങനെയും ഒരു ലോകമുണ്ട്. മതതീവ്രവാദികളുടെയും അടിച്ചമർത്തപ്പെട്ട സ്ത്രീത്വങ്ങളുടെയും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ബാല്യങ്ങളുടെയും ലോകം...

1997 ജൂലൈ 12 ന് പാക്കിസ്ഥാനിലെ സ്വാത് താഴ്വരയിലാണ് മലാലയുടെ ജനനം. അച്ഛൻ സിയാവുദ്ദീൻ യൂസഫ്സായ്, അമ്മ ടൂർപെകായി യൂസഫ്സായ്. താലിബാന്റെ ശക്തികേന്ദ്രമായ സ്വാത് താഴ്വര എന്നും ഭീകരത നിറഞ്ഞതാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ എതിർത്തിരുന്ന താലിബാൻ ആക്രമണങ്ങൾ അഴിച്ചുവിട്ടുകൊണ്ടേയിരുന്നു. താലിബാന്റെ എതിർപ്പിനെ മറികടന്നാണ് അവിടത്തെ കുട്ടികളെ രക്ഷിതാക്കൾ സ്കൂളിലേക്ക് അയച്ചിരുന്നത്.

കുട്ടിക്കാലംമുതൽ താലിബാന്റെ വിദ്യാഭ്യാസനിഷേധത്തെ കണ്ടാണ് മലാല വളർന്നത്. ബി.ബി.സിയുടെ ഉറുദു ബ്ലോഗുകളിലൂടെ അവൾ താലിബാനെതിരേ പ്രതികരിച്ചുതുടങ്ങി. ബ്ലോഗുകളിലെ പരാമർശങ്ങളെത്തുടർന്ന് പാക് താലിബാൻ മലാലയെ വധിക്കാൻ പലതവണ ശ്രമിച്ചു. 2012 ഒക്ടോബറിൽ പതിനഞ്ചു വയസ്സുള്ള മലാല താലിബാൻ സൈനികരുടെ ആക്രമണത്തിന് ഇരയായി. സ്കൂളിൽനിന്നു കൂട്ടുകാരോടൊന്നിച്ചു വീട്ടിലേക്കു മടങ്ങുംവഴി സ്വാത് താഴ്വരയിൽ അക്രമികളുടെ വെടിയേല്ക്കുകയായിരുന്നു. ശിരസ്സിനു വെടിയേറ്റു ഗുരുതരാവസ്ഥയിലായ മലാലയെ ആദ്യം പെഷാവറിലെ സൈനികാശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് വിദഗ്ധചികിത്സയ്ക്കായി ബ്രിട്ടനിലേക്കു മാറ്റുകയായിരുന്നു, മികച്ച ചികിത്സ ലഭിച്ചതിനെത്തുടർന്ന് ആരോഗ്യം വീണ്ടെടുത്തു. മലാല പിന്നീട് തന്റെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുകയും ലോകത്തിലെ അഭയാർത്ഥികളായ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി മുഴുവൻ സമയപ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങുകയും ചെയ്തു. സമാധാനശ്രമങ്ങൾക്കുള്ള അംഗീകാരമായി 2014 ൽ കൈലാഷ് സത്യാർത്ഥിക്കൊപ്പം സമാധാനത്തിനായുള്ള നൊബേൽ സമ്മാനം മലാലയ്ക്കു ലഭിച്ചു.

തന്റെ ബാല്യകാലം, സ്വന്തം വീടു നഷ്ടപ്പെടുമ്പോൾ മനസ്സിൽ അലയടിക്കുന്ന വികാരങ്ങൾ, ജീവിച്ചുവന്ന, പരിചയിച്ച സമുദായത്തിൽനിന്നു മാറുമ്പോൾ ഉണ്ടാകുന്ന പ്രാണനൊമ്പരങ്ങൾ, ഇന്നലെവരെ ജീവിച്ച ലോകം ഇനിയില്ലെന്നും പുതിയൊരു ലോകത്തേക്കു കാലെടുത്തുവയ്ക്കുകയാണെന്നും മനസ്സിനെ പറഞ്ഞുപഠിപ്പിക്കുന്ന




തിന്റെ ബുദ്ധിമുട്ട്... ഇവയൊക്കെയും ഈ പുസ്തകത്തിലൂടെ മലാല നമ്മുടെ മുന്നിലേക്കു വയ്ക്കുകയാണ്. മതബോധമോ സാമൂഹികബോധമോ തൊട്ടുതീണ്ടിയിട്ടില്ലാത്ത താലിബാൻ പോലെയുള്ള അതിതീവ്രചിന്താധാരകളെ എത്ര അകലത്തിൽ നിർത്തണമെന്നതിനെക്കുറിച്ച് ഒരു തിരിച്ചറിവാണ് മലാല സമൂഹത്തിനു നൽകുന്നത്. പാക്കിസ്ഥാനിലെ ജനതയെ ആധുനികലോകത്തിന്റെ പുറംപോക്കിലേക്കു മാറ്റിനിർത്തിയതിൽ, ആ നാടിനെ അനേകകാതം പിറകോട്ടുവലിച്ചതിൽ തീവ്രവാദത്തിന് എത്രമാത്രം പങ്കുണ്ടെന്ന് മലാലയുടെ പുസ്തകം വായിച്ചുകഴിയുമ്പോൾ നമുക്കു ബോധ്യമാവും. 'ഒരു പുസ്തകത്തിനും ഒരു പേനയ്ക്കും ഒരു വിദ്യാർത്ഥിക്കും ഒരു അധ്യാപകനും ലോകത്തെ മാറ്റിമറിക്കാനാകും' എന്ന മലാലയുടെ വാക്കുകൾ ഇന്നും എങ്ങും മുഴങ്ങട്ടെ..

■

# ഇവിടെയുണ്ട്, ദൈവശാസ്ത്രജ്ഞനായ ഒരു ഡോക്ടർ

**ഡോ. ആന്റണി ജോസ്**

**രോ**ഗത്തിനു മരുന്നുകുറിക്കുമ്പോൾ വൈദ്യനുറപ്പുണ്ടാകും, അതെങ്ങനെയാണ് രോഗിയിൽ പ്രവർത്തിക്കുകയെന്ന്. നൂറ്റാണ്ടുകളുടെ ശാസ്ത്രീയഗവേഷണങ്ങളും പരീക്ഷണനിരീക്ഷണങ്ങളും നല്കുന്ന വിശ്വാസ്യതയാണത്, ആയിരങ്ങളിൽ ഫലം കണ്ട അനുഭവസമ്പത്തും.

ഇങ്ങനെയൊക്കെയാണെങ്കിലും കുറിപ്പടി തയ്യാറാക്കുമ്പോൾ, 'എന്റെ ദൈവമേ...' എന്ന് സർവ്വേശ്വരനിൽ ശരണം തേടുന്ന ഒരാളെക്കുറിച്ചു സങ്കല്പിക്കാമോ?

ദൈവശാസ്ത്രവും വൈദ്യശാസ്ത്രവും സമന്വയിക്കപ്പെടുമ്പോൾ ആതുരശുശ്രൂഷാമേഖലയിൽ നവോത്ഥാനമുണ്ടാക്കാമെന്നു തെളിയിച്ചയാൾ...

അതാണ് ഡോ. ജോയി ഫ്രാൻസിസ്. പാലാ കാർമൽ ഹോസ്പിറ്റലിൽ മുപ്പത്തിയഞ്ചിലേറെ വർഷമായി ഫിസിഷ്യനാണദ്ദേഹം.



ഡോ. ജോയി ഫ്രാൻസിസ്

തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽനിന്നു മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടിക്കൊണ്ട്, ഡോ. ജോയി ഇന്ന് വാർത്തകളിൽ ഇടംപിടിച്ചിരിക്കുകയാണ്. 'ജീവന്റെ പ്രാരംഭദശയിലെ പ്രശ്നങ്ങൾ' എന്നതായിരുന്നു ഗവേഷണവിഷയം. സഭാവേദികളിൽ ഗൗരവമായ ചർച്ച നടന്നുകൊണ്ടിരിക്കുന്ന ചില വിഷയങ്ങൾ തന്നെയാണ് തിരഞ്ഞെടുത്തത്. വന്ധ്യത - പരിശോധനകളും ചികിത്സയും, അബോർഷൻ, വാടകഗർഭപാത്രം, സ്റ്റെംസെൽ റിസർച്ച്, ക്ലോണിങ് തുടങ്ങിയ വിവാദവിഷയങ്ങൾ പഠനവിധേയമാക്കി. ക്രൈസ്തവസ്വാധീനമുള്ള രാജ്യങ്ങളിൽപ്പോലും ഒരുപക്ഷേ, വിലകല്പിക്കപ്പെടാതെപോകുന്ന കാര്യങ്ങൾ.

അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ വിശ്വാസികൾക്കെന്നല്ല, നാസ്തികലോകത്തിനുപോലും കെടാദീപങ്ങളാണെന്നു പറയേണ്ടിവരും. സർവേശ്വരൻ സന്നിവേശിപ്പിച്ച പ്രകൃതിനിയമങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണം ഇത്തരം വിഷയങ്ങളിൽ തീരുമാനമെടുക്കുവാൻ. പഠനം പറയുന്നു: ദൈവികനിയമങ്ങളുടെ പരിധി ലംഘിക്കാവുന്നതല്ല. ലത്തീൻ ഭാഷയിലെ 'Nay plus ultra' എന്ന പ്രയോഗം മുന്നറിയിപ്പിന്റെ ചുവന്ന കൊടിയാണ്. മനുഷ്യബുദ്ധിക്ക് അപാരമായ ചിന്തവിശകലനശേഷിയുണ്ട്. അത് ദൈവദത്തമായ വരവും സ്വാതന്ത്ര്യവുമാകുന്നു. ഈ സ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെട്ട് ജീവന്റെ പകർച്ചയിലും പോഷണത്തിലും സ്ഥാപനത്തിലും വാസഗേഹങ്ങളിലും മാറ്റിമറിക്കലുകൾ നടത്തുമ്പോൾ ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുമെന്ന് സഭ അസന്ദിഗ്ധമായി പറയുന്നു. ദാമ്പത്യസ്നേഹാധിഷ്ഠിതമായ ലൈംഗികതയിലേക്ക്, യാന്ത്രികതയും ആൾമാറാട്ടങ്ങളും കുടിയിരുത്തപ്പെടുന്നത് അധാർമികമാണ്. വന്ധ്യതയുമായി ബന്ധപ്പെട്ട പരിശോധനകൾക്കും ദിശാബോധം നഷ്ടപ്പെടാൻ പാടില്ല. അദ്ദേഹത്തിന്റെ കണ്ടെത്തലുകളിൽ ശ്രദ്ധേയമായ ചിലതാണ് അവ. വരുംകാലങ്ങളിൽ സഭയുടെ ധാർമികനിലപാടുകൾക്ക്, പ്രത്യേകിച്ച് വൈദ്യശാസ്ത്രവിഷയങ്ങളിൽ, ഈ പഠനം കരുത്താകുമെന്ന കാര്യത്തിൽ സംശയമില്ല. ധാർമിക ദൈവശാസ്ത്രജ്ഞനും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വൈസ് റെക്ടറുമായ ഫാ. ഡോ. ഡൊമിനിക് വെച്ചൂർ ആയിരുന്നു അദ്ദേഹത്തിന്റെ ഗൈഡ്.



ഡോ. ജോയി ഫ്രാൻസിസ് റിസർച്ച് ഗൈഡ് ഫാ. ഡോ. ഡൊമിനിക് വെച്ചൂരിനൊപ്പം

ഡോ. ജോയി കോട്ടയം മെഡിക്കൽ കോളജിൽനിന്നു മെഡിക്കൽ ബിരുദവും കോഴിക്കോട് മെഡിക്കൽ കോളജിൽനിന്നു ജനറൽ മെഡിസിനിൽ ബിരുദാനന്തരബിരുദവും ഉള്ളയാളാണ്. എന്നാൽ, കൗതുകകരമായ വസ്തുത മറ്റൊന്നാണ്, തന്റെ കരിയറുമായി ബന്ധപ്പെട്ടതിനെക്കാൾ ഡിഗ്രികൾ കരസ്ഥമാക്കിയിരിക്കുന്നത് ദൈവശാസ്ത്രത്തിലാണ്. ബി.റ്റി.എച്ച്, എം.റ്റി.എച്ച്. എന്നിവയ്ക്കുശേഷമാണ് ഇപ്പോൾ ധാർമികദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിരിക്കുന്നത്.

സഭയുടെ ഔദ്യോഗികകൃത്യനിർവഹണത്തിന്റെ ഭാഗമായി പല ഉത്തരവാദിത്വങ്ങളും അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. വി. അൽഫോൻസാമ്മയുടെ നാമകരണനടപടികളുമായി ബന്ധപ്പെട്ട മെഡിക്കൽ ടീമിലെ പ്രധാന അംഗമായിരുന്നു. ജിനിൽ എന്ന ബാലന്റെ രോഗസൗഖ്യം അതിസ്വാഭാവികമാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയിരുന്നു. കൂടാതെ, എസ്.ഡി. കോൺഗ്രിഗേഷൻ സ്ഥാപകനും ദൈവദാസനുമായ ഫാ.വർഗീസ് പയ്യപ്പിള്ളിയുടെ ഭൗതികാവശിഷ്ടങ്ങൾ പരിശോധിച്ച് തിട്ടപ്പെടുത്തുകയുണ്ടായി.

കേവലം, ആശയലോകത്തിന്റെ ധൈഷണികതയെ ഉപാസിക്കുന്ന ഒരാൾ മാത്രമല്ല ഡോ. ജോയി ഫ്രാൻസിസ്. അദ്ദേഹത്തിന്റെ ജീവിതംതന്നെ ആത്മീയതയിൽ പ്രദീപ്തമാകുന്നു.

എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്കു ശേഷമാണ് രോഗികളെ പരിശോധിക്കുന്നതും ചികിത്സ നിശ്ചയിക്കുന്നതും. ആശുപത്രിയിലെ പ്രഭാതപ്രാർത്ഥനയ്ക്ക് ഡോ. ജോയി എന്നും മുൻനിരയിലുണ്ടാകും. കരുണക്കൊന്തയുടെ മന്ത്രങ്ങൾ ഉരുവിട്ടും ക്രിസ്തുവിന്റെ സമാധാനം പകർന്നുമാണ് അദ്ദേഹം കുറിപ്പുകൾ തയ്യാറാക്കുന്നത്. ഇതെല്ലാം ദൃക്സാക്ഷികൾ പറയുന്നതാണ്.

വിതയത്തിൽ കുടുംബാംഗമായ ഡോ. ജോയി ഫ്രാൻസിസ് ഭാര്യ ത്രേസ്യാമ്മയ്ക്കൊപ്പം പാലായിലാണു താമസം. മകൻ പ്രദീപ് എൻജിനീയറും മകൾ പ്രിയ അധ്യാപികയുമാണ്.

രോഗാതുരർക്കും രോഗീശുശ്രൂഷകർക്കും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികസപര്യയും ഗവേഷണപഠനങ്ങളും അനുഗ്രഹമാകുമെന്നു പ്രത്യാശിക്കാം.

■



എം.ജി. സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ (ദേവമാതാ കോളജ്, കുറവിലങ്ങാട്). പാലാ രൂപതാംഗമായ ഫാ. ജോയൽ പൂവരണി പണ്ടാരപ്പറമ്പിൽ ചാക്കോ - ഏലിക്കുട്ടി ദമ്പതികളുടെ മകനാണ്.

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

**ഒരു വാക്ക് എന്റെ നാവിലെത്തുന്നതിനു മുമ്പുതന്നെ കർത്താവേ, അത് അവിടുന്ന് അറിയുന്നു.**
**സങ്കീർത്തനങ്ങൾ 139:4**

## എഡിറ്റോറിയൽ

# സാമൂഹികമാധ്യമനിയന്ത്രണച്ചട്ടം മാനിക്കപ്പെ

ഓൺലൈൻ മാധ്യമ സംസ്കാരവുമായി മുതിർന്നവരുൾപ്പെടെയുള്ള പൊതുസമൂഹം പൊരുത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കൊവിഡനന്തരകാലഘട്ടത്തിലാകട്ടെ, ഡിജിറ്റൽ വഴികളിലൂടെയായിരിക്കും ലോകത്തിന്റെ ജൈത്രയാത്ര. സൈബർസാധ്യതകളും വെല്ലുവിളികളും ന്യൂജൻ ചർച്ചകൾക്കിഷ്ടവിഷയവുമാണ്. പക്ഷേ, സാങ്കേതികവിദ്യയുടെ അഭൂതപൂർവമായ ഗതിവേഗത്തിൽ അപകടക്കെണികളും ചതിക്കുഴികളും ഒളിഞ്ഞും തെളിഞ്ഞും മനുഷ്യജീവിതത്തെയാകെ താറുമാറാക്കുന്ന സാഹചര്യത്തിലാണ് കേന്ദ്രസർക്കാർ സാമൂഹികമാധ്യമനിയന്ത്രണച്ചട്ടം കൊണ്ടുവന്നിരിക്കുന്നത്.

സാമൂഹികമാധ്യമം, വാർത്താപോർട്ടലുകൾ, ഒ.ടി.ടി. (ഓവർ ദ ടോപ്പ്) പ്ലാറ്റ്ഫോമുകൾ എന്നിവയുടെ ഉള്ളടക്കത്തെ നിയന്ത്രിക്കാനാണ് കേന്ദ്രസർക്കാർ ചട്ടം കൊണ്ടുവന്നത്. ഇവയുടെ ദുരുപയോഗം പരിധിവിട്ടതിനാലും പരാതിക്കറുതിയില്ലാത്തതിനാലുമാണ് പുതിയ ചട്ടങ്ങൾക്കു രൂപം കൊടുക്കേണ്ടിവന്നതെന്ന് കേന്ദ്രമന്ത്രിമാരായ രവിശങ്കർ പ്രസാദും പ്രകാശ് ജാവഡേക്കറും പറഞ്ഞു.

രാജ്യത്തിന്റെ പരമാധികാരത്തെയും സുരക്ഷയെയും അഖണ്ഡതയെയും ബാധിക്കുന്ന പോസ്റ്റുകളുടെ ഉള്ളടക്കത്തിന്റെ ഉറവിടം സാമൂഹികമാധ്യമസ്ഥാപനങ്ങൾ വ്യക്തമാക്കണം. പരാതിയുടെ അടിസ്ഥാനത്തിൽ അധിക്ഷേപകരമോ വിവാദപരമോ ആയ ഉള്ളടക്കങ്ങൾ അധികൃതർ 36 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യണം. ലൈംഗികത, സ്ത്രീകളുടെ നഗ്നദൃശ്യങ്ങൾ, ആൾമാറാട്ടം, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ലൈംഗികാതിക്രമദൃശ്യങ്ങൾ തുടങ്ങിയവയുടെ ഉള്ളടക്കം സംബന്ധിച്ച പരാതി ലഭിച്ചാൽ 24 മണിക്കൂറിനുള്ളിൽ അവ നീക്കം ചെയ്യണം. ഉപഭോക്താക്കളുടെ വയസ്സ് അടിസ്ഥാനമാക്കി ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ ഉള്ളടക്കത്തെ അഞ്ചു വിഭാഗങ്ങളായി തിരിക്കണം. എല്ലാവർക്കും കാണാവുന്നത്, എ വിഭാഗത്തിലുള്ളത് എന്നതിനു പുറമേ, 7 വയസ്സിനു മുകളിൽ, 13 വയസ്സിനു മുകളിൽ, 16 വയസ്സിനു മുകളിൽ എന്നിങ്ങനെയാണ് തരംതിരിവ്. മുതിർന്നവർക്കുള്ള ഉള്ളടക്കങ്ങൾ കുട്ടികൾ കാണുന്നില്ലെന്ന് ഉറപ്പാക്കാൻ രക്ഷാകർത്തൃനിയന്ത്രണ (പേരന്റൽ ലോക്) സംവിധാനവും ഒരുക്കണം. ഒ.ടി.ടി. പ്ലാറ്റ് ഫോം, വാർത്താപോർട്ടൽ, ഡിജിറ്റൽ മീഡിയ എന്നിവയ്ക്ക് സ്വയം നിയന്ത്രണസംവിധാനം, കോഡ് ഓഫ് എത്തിക്സ്, ത്രിതലതർക്കപരിഹാരസംവിധാനം എന്നിവ ഉണ്ടായിരിക്കണം തുടങ്ങിയുള്ള ക്രിയാത്മകമായ മാർഗനിർദേശങ്ങളാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്.

എന്നാൽ, ചട്ടങ്ങളുടെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ചു നവമാധ്യമപ്രവർത്തകരുടെ ഭാഗത്ത് കടുത്ത അതൃപ്തിയാണുണ്ടായിരിക്കുന്നത്. പൊതുജനങ്ങളുമായോ ബന്ധപ്പെട്ടവരുമായോ ഒരു ചർച്ചയും നടത്താതെയാണ് നിയന്ത്രണങ്ങൾ കൊണ്ടുവന്നതെന്നാണ് സൈബർ സ്വതന്ത്രരുടെയും സോഫ്റ്റ്വെയർ വ്യവസായപ്രമുഖരുടെയും പരാതി. പോസ്റ്റുകളുടെ ഉറവിടം വ്യക്തമാക്കണമെന്ന വ്യവസ്ഥ വ്യക്തികളുടെ സ്വകാര്യത തകർക്കാനുദ്ദേശിച്ചുള്ളതാണെന്ന വാദവും പ്രബലമാണ്. അതേസമയം, സാമൂഹികമാധ്യമമായ ഫെയ്സ്ബുക്കും വ്യവസായസംഘടനകളും ചട്ടങ്ങളെ സ്വാഗതം ചെയ്തിരിക്കുന്നുവെന്നതും വാർത്തയിലിടം നേടിയിട്ടുണ്ട്.

രാജ്യത്തു പ്രവർത്തിക്കുന്ന വാർത്താ വെബ്സൈറ്റുകളുടെ എണ്ണമോ വിവരമോ സർക്കാരിന്റെ കൈവശമില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഒ.ടി.ടി. പ്ലാറ്റ്ഫോമുകാരുമായി വിവിധയിടങ്ങളിൽ ചർച്ച നടത്തിയെന്ന് വാർത്താവിതരണമന്ത്രാലയം ആവർത്തിക്കുമ്പോഴും, സാമൂഹികമാധ്യമോപഭോക്താക്കളും നിർമാതാക്കളുമായ ലക്ഷക്കണക്കിനാളുകൾ ചർച്ചാസാധ്യതകൾക്കപ്പുറത്ത് സ്വൈരവിഹാരം നടത്തുന്നുണ്ടെന്ന വസ്തുതയും വിസ്മരിക്കാനാവില്ല.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉത്തരവാദിത്വപൂർണമായ സമീപനം രാജ്യപുരോഗതിക്കാവശ്യമാണ്. സൈബറിടങ്ങളിലെ അതിക്രമങ്ങൾ തടയാനായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണച്ചട്ടങ്ങൾ സ്വാഗതാർഹമായ കാര്യം തന്നെയാണ്. പുരോഗതിയുടെ നാൾവഴികളിൽ പുതുതലമുറ ആവേശപൂർവ്വം കുതിച്ചുമുന്നേറുമ്പോഴും, വിവരസാങ്കേതികവിജ്ഞാനത്തിന്റെ വിസ്ഫോടനത്തോടൊപ്പം ധാർമികാപചയത്തിന്റെ ഇരുൾപ്പുറങ്ങളും സൈബറിടങ്ങളിൽ അവർ പരതിത്തളരുന്നുണ്ടെങ്കിൽ, സംശയിക്കേണ്ട, നിശ്ചയമായും നിയന്ത്രണങ്ങളും പെരുമാറ്റച്ചട്ടങ്ങളും അനിവാര്യമാണ്. അതാണിപ്പോൾ ഭാരതസർക്കാർ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ, മാധ്യമസ്വാതന്ത്ര്യത്തിന്റെമേലും പൗരന്റെ സ്വകാര്യാവകാശങ്ങളുടെമേലുമുള്ള അനാവശ്യമായ കയ്യേറ്റങ്ങളായി അവ പരിണമിക്കരുതെന്നുമാത്രം.



## പ്രതികരണം

## അധികാരരാഷ്ട്രീയത്തിലെ പങ്കിടൽനാടകങ്ങൾ

മുന്നണിസംവിധാനത്തിൽ, അധികാരം പങ്കിട്ടെടുക്കാൻ മാത്രമുള്ളതോ? കേരളത്തിൽ അനേക പതിറ്റാണ്ടുകളായി രാഷ്ട്രീയത്തിൽ മുന്നണി സംവിധാനം നിലനിന്നു പോരുന്നു. അധികാരം സൂചിപ്പിക്കുന്ന എല്ലാ തലങ്ങളിലെ സ്ഥാനങ്ങളും, തന്മൂലം, പങ്കിട്ടെടുക്കുന്ന സമ്പ്രദായവും നിലനിൽക്കുന്നു. മന്ത്രി, മേയർ, ചെയർമാൻ, പ്രസിഡണ്ട് തുടങ്ങിയ എല്ലാ സ്ഥാനങ്ങളും രാഷ്ട്രീയപ്പാർട്ടികൾ തമ്മിലും പിന്നെ ഒരു പാർട്ടിയിലെ അംഗങ്ങൾ തമ്മിലും നിർലജ്ജം പങ്കിടുന്നു. പല സ്ഥാപനങ്ങളിലും അഞ്ചു വർഷത്തെ കാലാവധിയിൽ ആകെ നടക്കുന്ന നാടകങ്ങൾ, ഈ പങ്കുവയ്ക്കലും അതനുസരിച്ചുള്ള രാജിവയ്പും തർക്കങ്ങളും പിന്നെ തിരഞ്ഞെടുപ്പും സത്യപ്രതിജ്ഞകളും മാത്രം! കൂട്ടുകക്ഷികളിലെ ഉന്നതരുടെ മധ്യസ്ഥതയിൽ, ഭരണഘടനാപരമോ നിയമപരമോ ആയ യാതൊരു സാധുതയുമില്ലാത്ത ഉടമ്പടികൾ ഒപ്പുവച്ചു, കാത്തിരുന്നാണ് ഈ പങ്കുനാടകം അരങ്ങേറുന്നത്!

ഒരു വിവരാവകാശാന്വേഷണത്തിൽ, അഞ്ചു വർഷക്കാലാവധിയിൽ അഞ്ചും ആറും പ്രസിഡണ്ടു തിരഞ്ഞെടുപ്പുകൾ നടന്നതായി വിവരം കിട്ടിയിട്ടുണ്ട്. അവിടെയൊക്കെ ഭരണകാര്യങ്ങൾ സുഗമമായി നടക്കാൻ പോകുന്നുണ്ടോ? നടന്നിട്ടുണ്ടോ?

അധികാരം വീതിക്കുക, പിന്നെ പറ്റുന്നതൊക്കെ പങ്കുവയ്ക്കുക, ആജീവനാന്തപെൻഷൻ തരപ്പെടുത്തുക, ഇത്രയും മാത്രമേ ഇത്തരം ഭരണസമിതികൾ ചെയ്യുന്നുള്ളൂ. വെറും അടിപിടികളും തർക്കങ്ങളും വോട്ടിനു പകരം നോട്ടിടപാടുകളുംതന്നെ! ചുരുക്കത്തിൽ, ഉടൻ നടക്കാൻ പോകുന്ന പൂരവും ഇതുതന്നെ. ഈ ശാപത്തിൽനിന്ന് ഈ നാടിനൊരു മുക്തി പ്രതീക്ഷിക്കണോ, സാധ്യമാണോ?

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

## ഹൃദ്യമായ ലേഖനങ്ങൾ

മാർച്ച് 4 ലക്കം ദീപനാളം വിവിധ വിഭവങ്ങൾകൊണ്ട് ഏറെ സമ്പന്നമായിരുന്നുവെന്നു പറയുന്നതിൽ സന്തോഷമുണ്ട്. വനിതാദിനസംബന്ധിയായ ലേഖനങ്ങൾ ഉന്നതനിലവാരം പുലർത്തി.

കോട്ടയത്തിന്റെ പെൺനേതൃത്വങ്ങളെ പരിചയപ്പെടുത്തിയ കെ.ജി. രഞ്ജിത്തിന്റെ ലേഖനം സന്ദർഭോചിതമായി. അതുപോലെതന്നെ ദീപാ നിശാന്ത്, മധ്യവർഗകുടുംബങ്ങളിലെ അകത്തളങ്ങളിലേക്കും തൊടിയിറമ്പുകളിലേക്കും കൂട്ടിക്കൊണ്ടുപോയി വായനക്കാർക്കു കാട്ടിത്തന്ന 'രുചിയിടങ്ങൾ' ഏറെ ഹൃദ്യമായി അനുഭവപ്പെട്ടു.

സാമൂഹികപ്രവർത്തകയായ സിസ്റ്റർ റോസ് ആന്റോയുടെ ജീവിതത്തെ പരിചയപ്പെടുത്തിയ 'വയൽവരമ്പിലെ സുവിശേഷകാന്തിയും'യും ഏറെ പ്രചോദനമരുളുന്നതായി. ജീവിതം എങ്ങനെ പ്രാർത്ഥനയാക്കാമെന്നു നമുക്കു കാണിച്ചു തരുകയാണീ സന്ന്യാസിനി. ദൈവേഷ്ടംപോലെ, പ്രതിഫലേച്ഛയില്ലാതെ സിസ്റ്റർ ചെയ്യുന്ന സാമൂഹികപ്രവർത്തനങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നിഷ ആന്റണിയുടെയും ആൻസി മാത്യുവിന്റെയും സ്ത്രീപക്ഷചിന്തകളും ഏറെ പ്രസക്തം.

**സാലിമ്മ ജോൺ**
**കടുത്തുരുത്തി**

കൊവിഡ് മഹാമാരിയെക്കുറിച്ചുള്ള ആശങ്കകൾ അവസാനിച്ചിട്ടില്ല. ദീപനാളം മാർച്ച് 4 ലക്കത്തിൽ 'ഈ മഹാമാരിക്ക് അവസാനമില്ലേ?' എന്നു ചോദിച്ചുകൊണ്ട് ശ്രീ തോമസ് കുഴിഞ്ഞാലിൽ എഴുതിക്കണ്ടു. എല്ലാവരുടെയും മനസ്സിലുള്ള ഒരു ചോദ്യമാണിത്. എന്തെന്നാൽ, നിഷ്ഠ പുലർത്തുന്നുവെന്നു നാം നമ്മോടു തന്നെ ചോദിക്കേണ്ടതുണ്ട്. കൈകഴുകൽ മുറയ്ക്കു നടക്കുന്നില്ലെന്നു പറഞ്ഞുകൂടാ. മാസ്കിനും പഞ്ഞമില്ല. തരാതരം മാസ്കുകൾ! പല നിറത്തിൽ, പല രൂപത്തിൽ. അവ കുട്ടികളുടെയും യുവതീയുവാക്കളുടെയും വൃദ്ധരുടെയും

## ജാഗ്രതയില്ലാത്ത മുഖാവരണങ്ങൾ

കൊവിഡ് സൃഷ്ടിച്ച അസ്വാതന്ത്ര്യത്തിന്റെ പിടിയിൽനിന്ന് ആളുകൾ മോചിതരായിട്ടില്ല.

ഇതൊക്കെയാണെങ്കിലും, സമൂഹം ഇതിനോടു പൊരുത്തപ്പെട്ടു കഴിഞ്ഞു എന്നൊരു പറച്ചിൽ ഇന്നു പൊതുവിൽ നിലവിലുണ്ട്. എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്നു വ്യക്തമല്ല. ആളുകൾ സാധാരണ ജീവിതത്തിലേക്കു നടന്നുകയറിയതാണോ? ആയിരിക്കാം. ആളുകൾക്കു ജീവിക്കണമല്ലോ. പിന്നെ, വൈറസിനോടുള്ള ആദ്യകാലങ്ങളിലെ വലിയ പേടി ഇപ്പോഴില്ലായെന്നതും സത്യം. കൊവിഡ് മരണങ്ങളുടെ വാർത്തകളൊക്കെ വിറയലില്ലാതെ വായിക്കാനും പഠിച്ചുകഴിഞ്ഞു.

ഇതൊന്നുമല്ല പ്രധാനകാര്യം. ജാഗ്രതയെക്കുറിച്ചുള്ള ഓർമപ്പെടുത്തൽ മൊബൈൽവഴിയും ടെലിവിഷൻവഴിയും മുറയ്ക്കു നടക്കുന്നുണ്ടെങ്കിലും അതു പാലിക്കുന്നതിൽ എത്രകണ്ട്

മുഖങ്ങളിൽ വന്നു നിറയുന്നു. പണ്ടത്തെ കൗപീനങ്ങളെ ഓർമിപ്പിച്ചുകൊണ്ട് അവ വീടുകളുടെ കോലായങ്ങളിൽ നിരനിരയായി തൂങ്ങിയാടുന്നു.

പക്ഷേ, വീട്ടിൽനിന്നിറങ്ങുന്നത് മാസ്കുകൾ മുഖമടച്ചു ധരിച്ചുകൊണ്ടാണെങ്കിലും വഴിയിലിറങ്ങിയാൽ ഓരോരുത്തരുടെയും സ്ഥിതി മാറുന്നു. പലരുടെയും മാസ്ക് താടിയിലും കഴുത്തിലുമൊക്കെയാണ്. എല്ലാം ഒരലങ്കാരം മാത്രം. സാമൂഹികാകലം പാലിക്കണമെന്നു പറയുന്നു. പക്ഷേ, തിക്കിനും തിരക്കിനും ഒരു കുറവുമില്ല. പ്രകടനങ്ങൾ! പൊതുസമ്മേളനങ്ങൾ! വാചകമേളകൾ! തീറ്റ-കൂടി സൽക്കാരങ്ങൾ! ഒന്നിനും കുറവില്ല. 'ഈ മഹാമാരിക്ക് അവസാനമില്ലേ'യെന്ന് ആര് ആരോടു ചോദിക്കാൻ?

**കെ.ജി. പുരുഷോത്തമൻ**
**കായംകുളം**



ഗിഫു മേലാറ്റൂർ




# സൈബർ വൊളന്റിയർമാർ സർക്കാരിനോ ജനത്തിനോ?

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ പൊതു ജനപങ്കാളിത്തത്തോടെ സൈബർ വൊളന്റിയർ വിഭാഗത്തിനു രൂപംനൽകുകയാണ് കേന്ദ്ര സർക്കാർ. സൈബർതലത്തിലെ ദേശവിരുദ്ധ പ്രവർത്തനങ്ങൾ, ഭീകരവാദം, തീവ്രവാദം, ചൈൽഡ് പോണോഗ്രഫി, ലൈംഗികപീഡനം തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആഭ്യന്തരമന്ത്രാലയത്തിന്റെ ഇന്ത്യൻ സൈബർ ക്രൈം കോ ഓർഡിനേഷൻ സെന്ററിനു കീഴിലാണ് പുതിയ സംവിധാനം വരുന്നത്. സൈബർ വൊളന്റിയർമാരാകാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖകളും അപേക്ഷയും നൽകണം. ആഭ്യന്തരമന്ത്രാലയത്തിന്റെ വെബ്സൈറ്റിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. രജിസ്ട്രേഷൻ നേടിക്കഴിഞ്ഞാൽ ആ വിവരം സാമൂഹിക മാധ്യമങ്ങളിലോ പൊതുവിടങ്ങളിലോ വെളിപ്പെടുത്താൻ പാടില്ലെന്നു പ്രത്യേക നിഷ്കർഷയുണ്ട്. ഇതുസംബന്ധിച്ച മുഴുവൻ വിവരങ്ങളും അതീവരഹസ്യമായിരിക്കണം. ജമ്മു കശ്മീർ, ത്രിപുര എന്നിവിടങ്ങളിലാണ് തുടക്കത്തിൽ പുതിയ സൈബർ ക്രൈംസെൽ പരീക്ഷിക്കപ്പെടുക. ഇതിന്റെ ഫലങ്ങൾ വിലയിരുത്തിയശേഷമേ രാജ്യവ്യാപകമായി നടപ്പാക്കുകയുള്ളൂ.

**എന്തിന് പുതിയൊരു സൈബർ വൊളന്റിയർ സേന?**

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സൈബർ പോലീസ്, നോഡൽ സൈബർ സെൽ തുടങ്ങി നിലവിൽത്തന്നെ പല സംവിധാനങ്ങളുമുണ്ട്. ദേശദ്രോഹം, തീവ്രവാദം തുടങ്ങി മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങളെല്ലാം ഈ ഔദ്യോഗിക ഏജൻസികൾക്കു കീഴിൽ കണ്ടെത്തുകയും പ്രതിരോധിക്കുകയും ചെയ്തുവരുന്നു. പിന്നെന്തിന് പുതിയൊരു സൈബർ വൊളന്റിയർ സേന? സർക്കാരിനെതിരായ വിമർശങ്ങളെയും വിയോജിപ്പുകളെയും തടയുകയാണ് സൈബർ ക്രൈം സെല്ലിലൂടെ ഉന്നമാക്കുന്നതെന്നാണ് നിരീക്ഷിക്കപ്പെടുന്നത്.

**സൈബർ മേഖലയുടെ വളർച്ച**

ഡിജിറ്റൽ ഇന്ത്യയാണ് താൻ വിഭാവനം ചെയ്യുന്നതെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി അടിക്കടി അവകാശപ്പെടാറുള്ളത്. വലിയ മാറ്റങ്ങളും മുന്നേറ്റങ്ങളുമാണ് ഡിജിറ്റൽ മേഖലയുടെ ഗതിവേഗത്തിലുള്ള വളർച്ച രാജ്യത്തെ ഭരണ, സാമൂഹിക മേഖലകളിൽ ഉണ്ടാക്കിയത്. കാര്യക്ഷമമായ ഭരണനിർവഹണത്തിനും സേവന പ്രദാനത്തിനും അത് വഴിതുറന്നു. വ്യാപാര-വ്യവസായ മേഖലകളുടെയും സമ്പദ്ഘടനയുടെയും മികച്ച ഭാവി കരുപ്പിടിപ്പിക്കുന്നതിലും ഇതിന്റെ പങ്ക് വളരെ വലുതാണ്. ഇന്ത്യയെപ്പോലെ അതിവേഗത്തിൽ വികസിക്കുന്ന ഒരു വികസ്വര രാഷ്ട്രത്തിന്, വികസിതരാജ്യങ്ങളുമായി മത്സരിക്കാനും സൈബർ മേഖലയുടെ വളർച്ച സഹായകമാണ്.

**സാമൂഹികമാധ്യമങ്ങളെ ഭയപ്പെടുന്ന ഭരണകൂടങ്ങൾ**

ഇതൊക്കെയാണെങ്കിലും സൈബർലോകത്തെ, പ്രത്യേകിച്ചും സാമൂഹികമാധ്യമങ്ങളെ ഭരണകൂടങ്ങൾക്കു ഭയമാണ്. ആശയപ്രചാരണ രംഗത്ത് മറ്റെന്തിനെക്കാളും ഇന്ന് മുന്നിട്ടുനിൽക്കുന്നത് സാമൂഹികമാധ്യമങ്ങളാണ്. ശക്തമായ നിരവധി ഭരണകൂടങ്ങളെ കടപുഴക്കിയെറിയാൻ മാത്രം കരുത്തുറ്റ മുല്ലപ്പൂവിപ്ലവം സാധ്യമാക്കിയത് സാമൂഹികമാധ്യമങ്ങളായിരുന്നല്ലോ. അതുകൊണ്ടുതന്നെ ഒരു ഭാഗത്ത് സൈബർ മേഖലയുടെ വളർച്ചയ്ക്കുവേണ്ടി വാദിക്കുമ്പോൾ, മറ്റൊരു ഭാഗത്തുകൂടി സൈബർമേഖലയുടെ സ്വതന്ത്രമായ നീക്കത്തിനു തടയിടാനും ശ്രമിക്കുന്നു ഭരണകൂടങ്ങൾ. പുതിയ സൈബർ വൊളന്റിയർ സേനയുടെ രൂപവത്കരണത്തിലൂടെ കേന്ദ്രം ലക്ഷ്യമാക്കുന്നതും സൈബർലോകത്തിനുമേൽ നുകം വയ്ക്കലല്ലേ?

**ദേശവിരുദ്ധതയെക്കുറിച്ചുള്ള അവ്യക്തത**

പുതിയ സൈബർ ക്രൈം സെല്ലിൽ ആർക്കും അംഗങ്ങളാകാമെന്നാണ് ആഭ്യന്തരവകുപ്പിന്റെ പ്രത്യക്ഷവാഗ്ദാനമെങ്കിലും അപേക്ഷകനെക്കുറിച്ച് തിരിച്ചറിയൽ രേഖകൾവഴി പൂർണമായും പഠിച്ചറിഞ്ഞശേഷമായിരിക്കും രജിസ്ട്രേഷൻ നൽകണമോ വേണ്ടയോ എന്നു തീരുമാനിക്കുക. സ്വാഭാവികമായും കേന്ദ്രസർക്കാറിന്റെ ജനാധിപത്യനയങ്ങളോടു വിയോജിപ്പു പ്രകടിപ്പിക്കാത്ത, ഹിന്ദുത്വ അജൻഡകളെ അംഗീകരിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾക്കുമാത്രമേ സെല്ലിൽ അംഗത്വം നൽകാൻ സാധ്യതയുള്ളൂ. അതോടെ സർക്കാറിനെതിരായ രചനാത്മകമായ വിമർശങ്ങളെപ്പോലും ദേശദ്രോഹമോ തീവ്രവാദമോ ആയി മുദ്രകുത്താൻ എളുപ്പമാകും. രാജ്യത്ത് ഇതുവരെ ദേശവിരുദ്ധ ഉള്ളടക്കത്തിനും പ്രവൃത്തികൾക്കും നിയമപരമായ നിർവചനം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ വിശേഷിച്ചും. ദേശവിരുദ്ധതയെക്കുറിച്ചുള്ള ഈ അവ്യക്തത മുതലെടുത്ത് നിരവധി മനുഷ്യാവകാശപ്രവർത്തകരെയും ജനാധിപത്യവാദികളെയും സർക്കാർ അഴിക്കുള്ളിലാക്കിയിട്ടുമുണ്ട്.

**കേന്ദ്രവൃത്തങ്ങളെ ചൊടിപ്പിച്ചത്**

സൈബർ ലോകത്തിനു മൂക്കുകയറിടാനുള്ള കേന്ദ്രനീക്കത്തിന്റെ ഭാഗംതന്നെയാണ് ഇപ്പോൾ ട്വിറ്ററിനെതിരായ ഭീഷണികളും. കർഷകപ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി മാധ്യമപ്രവർത്തകരുടെയും ആക്ടിവിസ്റ്റുകളുടെയും രാഷ്ട്രീയക്കാരുടെയും അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുകയാണ് ട്വിറ്ററിനോടു കേന്ദ്രം. ഇതുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയത്തിൽനിന്ന് തുടരെത്തുടരെ ഉത്തരവുകൾ ലഭിച്ചതായി ട്വിറ്റർ സിഇഒ വെളിപ്പെടുത്തി. കർഷകസമരവുമായി ബന്ധപ്പെട്ട് ട്വിറ്ററിൽ വന്ന ചില സന്ദേശങ്ങളെ ചൂണ്ടിക്കാട്ടിയാണ് ട്വിറ്ററിനെതിരേ കേന്ദ്രം വാളോങ്ങുന്നതെങ്കിലും 'റിഹാന ഇന്ത്യൻ സർക്കാറിനെ പിടിച്ചുലച്ചു' വെന്ന ട്വീറ്റിന് ട്വിറ്റർ സിഇഒ ലൈക്ക് ചെയ്തതാണ് കേന്ദ്രവൃത്തങ്ങളെ കൂടുതൽ ചൊടിപ്പിച്ചത്.

**റിഹാനയുടെ ട്വീറ്റ്**

കർഷകസമരമേഖലകളിൽ സർക്കാർ ഇന്റർനെറ്റ് ബന്ധം വിച്ഛേദിച്ച സിഎൻഎൻ വാർത്ത പങ്കുവച്ചുള്ള പ്രശസ്ത പോപ്ഗായിക റിഹാനയുടെ, കർഷകസമരക്കാർക്ക് അനുകൂലമായ ട്വീറ്റിന് അന്താരാഷ്ട്രതലത്തിൽ വൻപിന്തുണ ലഭിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് ട്വിറ്റർ സിഇഒ അതിനു ലൈക്കടിച്ചത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായസ്വാതന്ത്ര്യത്തിനു നിരക്കാത്തതാണ് ട്വിറ്റർ അക്കൗണ്ടുകൾ മരവിപ്പിക്കാനുള്ള കേന്ദ്ര ഉത്തരവെന്നാണ് ട്വിറ്ററിന്റെ ആദ്യപ്രതികരണം. ഇതോടെ സർക്കാറിനെ അനുസരിച്ചില്ലെങ്കിൽ കടുത്ത നടപടികൾ നേരിടേണ്ടിവരുമെന്ന് കേന്ദ്ര ഐടി മന്ത്രാലയം ഭീഷണി മുഴക്കി. മാത്രമല്ല, ട്വിറ്ററിനു ഭീമമായ പിഴ ചുമത്താനും ഒരു വിഭാഗം ട്വിറ്റർ ജീവനക്കാർക്കെതിരേ ഏഴു വർഷംവരെ തടവു ലഭിക്കുന്ന കുറ്റം ചുമത്തി കേസെടുക്കാനും ആരംഭിച്ചു കേന്ദ്രം. ഇതേത്തുടർന്ന് നിലനില്പിനുവേണ്ടി കേന്ദ്രം ചൂണ്ടിക്കാട്ടിയ ഏതാനും അക്കൗണ്ടുകൾ ട്വിറ്റർ ഇന്നലെ മരവിപ്പിക്കുകയുണ്ടായി. ഇന്ത്യയ്ക്കകത്തുമാത്രമാണ് അക്കൗണ്ടുകൾ നീക്കം ചെയ്തതെന്നും ഇന്ത്യയ്ക്കു വെളിയിൽ ഈ അക്കൗണ്ടുകളെല്ലാം സജീവമായിരിക്കുമെന്നുമുള്ള അറിയിപ്പോടെയായിരുന്നു ട്വിറ്ററിന്റെ നടപടി.

□

## ജനപ്രതിനിധികൾ കക്ഷിരാഷ്ട്രീയത്തിന് അതീതരായിരിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ജനപ്രതിനിധികൾ നീതിബോധവും ധാർമികതയുമുള്ളവരും കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്നവരുമാകണമെന്ന് രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപതയിലെ വിവിധ ഇടവകകളിൽനിന്ന് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും മത്സരിച്ചു വിജയിച്ചവരുടെ സമ്മേളനം പാലാ ബിഷപ്സ് ഹൗസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇലക്ഷനിൽ കക്ഷിരാഷ്ട്രീയമുണ്ടായിരിക്കാം. എന്നാൽ, ഇലക്ഷനുശേഷം കക്ഷിരാഷ്ട്രീയത്തിനതീതമായി സാമൂഹികപ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ ജനപ്രതിനിധികൾ ശക്തിയാർജ്ജിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറാൾമാരായ മോൺ. ഏബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ സ്വാഗതവും കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി നന്ദിയും പറഞ്ഞു.

കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ അംഗങ്ങളാണ് രൂപതാതിർത്തിക്കുള്ളിൽപ്പെടുന്നത്. പാലാ, ഈരാറ്റുപേട്ട, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളും കടുത്തുരുത്തി, ഉഴവൂർ, ളാലം, ഈരാറ്റുപേട്ട, പാമ്പാടി, പാമ്പാക്കുട, കാഞ്ഞിരപ്പള്ളി, ഇളംദേശം തുടങ്ങിയ ബ്ലോക്കുപഞ്ചായത്തുകളും പാലാ രൂപതയുടെ അതിർത്തിയിൽ വരുന്നവയാണ്.



പാലാ രൂപതയിലെ വിവിധ ഇടവകകളിൽനിന്നു ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും തിരഞ്ഞെടുക്കപ്പെട്ടവർക്കായി പാലാ ബിഷപ്സ്ഹൗസിൽ വിളിച്ചുചേർക്കപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തവർ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മറ്റു രൂപതാധികാരികൾ എന്നിവരോടൊപ്പം.

# ഇന്ത്യാ – ചൈനബന്ധത്തിലെ നിർണായകവഴിത്തിരിവ്

## സംഘർഷമേഖലകളിൽനിന്നുള്ള സേനാപിന്മാറ്റം പൂർത്തിയായി



തോമസ് കുഴിഞ്ഞാലിൽ

"ഒരു വെടിയുണ്ടപോലും ചെലവഴിക്കാതെയും ഒരു ജീവൻ പോലും നഷ്ടപ്പെടുത്താതെയുമുള്ള ചൈനയുടെ കൈയേറ്റ തന്ത്രം ലഡാക്കിൽ വിലപ്പോവില്ല. അവിടെ നമ്മുടെ സൈന്യം നിതാന്തജാഗ്രതയിലാണ്. ഏതു പ്രതിസന്ധിയെയും നേരിടാൻ നമ്മുടെ രാജ്യം സുസജ്ജമാണ്."

ന്യൂഡൽഹിയിലെ വിവേകാനന്ദ ഫൗണ്ടേഷൻ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കവേ ഇന്ത്യൻ കരസേനാമേധാവി ജനറൽ മനോജ് നരവനെ നടത്തിയ പ്രസ്താവനയാണ് മേലുദ്ധരിച്ചത്. കിഴക്കൻ ലഡാക്കിന്റെ പാൻഗോങ് തടാകത്തിനരികിൽനിന്നുള്ള ഇന്ത്യയുടെയും ചൈനയുടെയും സൈന്യങ്ങളുടെ പിന്മാറ്റത്തെക്കുറിച്ചു പരാമർശിക്കുകയായിരുന്നു അദ്ദേഹം.

'രണ്ടടി മുമ്പോട്ട്, ഒരടി പിന്നോട്ട്' എന്ന തന്ത്രമാണ് യഥാർത്ഥ നിയന്ത്രണരേഖയിലും കിഴക്കൻ ലഡാക്കിലും ചൈന പയറ്റുന്നത്. ദക്ഷിണചൈനാക്കടലിലെ അവരുടെ അതിക്രമങ്ങളാണ് ഏറ്റവും വലിയ ഉദാഹരണം. കോർ – കമാൻഡർമാരുടെ നേതൃത്വത്തിൽ നടത്തിയ ഒമ്പതാംവട്ട ചർച്ചകൾക്കൊടുവിലാണ് പിന്മാറ്റത്തിനുള്ള വഴിയൊരുങ്ങിയത്. "ഇതൊരു കീഴടങ്ങലായിക്കാണേണ്ടതില്ല; മറിച്ച്, രണ്ടുകൂട്ടരുടെയും വിജയമാണ്. എങ്കിലും, പ്രശ്നങ്ങൾ ഇനിയും ബാക്കിയാണ്. ഏറ്റുമുട്ടലുകൾ ഒഴിവാക്കാനും സമാധാനം പുനഃസ്ഥാപിക്കാനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്." ജനറൽ നരവനെ കൂട്ടിച്ചേർത്തു.

ഇരുരാജ്യങ്ങളും സേനാപിന്മാറ്റത്തിനുള്ള ധാരണയിൽ എത്തുന്നതിനു രണ്ടാഴ്ചകൾക്കുമുമ്പ് ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ് തന്റെ സൈന്യത്തോട് ഏതു സമയത്തും യുദ്ധസജ്ജരായിരിക്കാൻ ആവശ്യപ്പെട്ടിരുന്നു. തെക്കുപടിഞ്ഞാറൻ പ്രവിശ്യയായ ജയിഷുവിലെ വായുസേനാവിഭാഗത്തോടായിരുന്നു ഷിയുടെ ആഹ്വാനം. ചൈനയിലെ ഏറ്റവും നീണ്ട അവധിക്കാലമായ 'ലൂണാർ ഇയർ' (ചാന്ദ്രവർഷം) ആഘോഷങ്ങൾക്കു മുന്നോടിയായി, സെൻട്രൽ മിലിട്ടറി കമ്മീഷൻ ചെയർമാൻകൂടിയായ പ്രസിഡന്റിന്റെ സന്ദർശനത്തിനിടെയായിരുന്നു അത്. രാത്രിയിലോ അവധിക്കാലങ്ങളിലോ ആണ് പല യുദ്ധങ്ങളും നടന്നിട്ടുള്ളതെന്ന് മുൻകാലചരിത്രങ്ങൾ ഉദ്ധരിച്ചുകൊണ്ട് സൈന്യത്തെ ഓർമിപ്പിക്കാനും അദ്ദേഹം മറന്നില്ല. ദക്ഷിണചൈനാക്കടലിലെ തായ്‌വാനു സമീപം സൈനികാഭ്യാസങ്ങൾ ആരംഭിച്ചതും സിൻജിയാംഗിലുള്ള സൈനികത്താവളത്തിൽ അത്യന്താധുനികയുദ്ധോപകരണങ്ങൾ വിന്യസിച്ചതും ഷീ ചിൻ പിംഗിന്റെ ആഹ്വാനത്തിനു പിന്നാലെയാണ്. ചൈനയിൽത്തന്നെ വികസിപ്പിച്ചെടുത്ത ഭാരം കുറഞ്ഞ 'ടൈപ്പ് 15' ടാങ്കുകൾ 4,300 മീറ്റർ ഉയരത്തിലുള്ള മഞ്ഞുമൂടിയ പ്രദേശങ്ങളിലെത്തിച്ചു പ്രവർത്തനക്ഷമത പരീക്ഷിക്കുകയും ചെയ്തു.

കിഴക്കൻ ലഡാക്കിലെ പാൻഗോങ് തടാകക്കരയിലെ ഫിംഗർ 4 ൽ യുദ്ധസജ്ജരായി മുഖാമുഖം നിന്ന സൈനികരുടെ പിന്മാറ്റത്തിനുള്ള കരാറിലാണ് പട്ടാള കമാൻഡർമാർ ഒപ്പിട്ടത്. ഉടമ്പടിപ്രകാരം തടാകത്തിന്റെ വടക്കുഭാഗത്തുള്ള ചൈനയുടെ സൈന്യവും പടക്കോപ്പുകളും കവചിതവാഹനങ്ങളും ഫിംഗർ 3 ന്റെ കിഴക്കുഭാഗത്തുള്ള സിരിജാപ് താവളത്തിലേക്കും ഇന്ത്യയുടെ കാലാൾപ്പടയും യുദ്ധോപകരണങ്ങളും സൈനികടാങ്കറുകളും ഫിംഗർ 3 നടുത്തുള്ള ധൻസിംഗ് ഥാപ്പ പോസ്റ്റിലേക്കും പിൻവാങ്ങും. ഇതേസമയംതന്നെ തടാകത്തിന്റെ തെക്കുഭാഗത്തുള്ള സൈനികരുടെയും പിന്മാറ്റം നടക്കും. എന്നിരുന്നാലും, തന്ത്രപ്രധാനസ്ഥാനങ്ങളിൽ ചെറിയ തോതിലുള്ള സൈനികസാന്നിധ്യമുണ്ടാകും.

കഴിഞ്ഞവർഷം സെപ്റ്റംബർ 10-ാം തീയതി ചൈനയുടെ വിദേശകാര്യമന്ത്രി വാംഗ്‌യീയും ഇന്ത്യയുടെ വിദേശകാര്യമന്ത്രി എസ്. ജയശങ്കറും മോസ്കോയിൽ നടത്തിയ ചർച്ചകളിലാണ് പിന്മാറ്റത്തിനുള്ള അന്തിമരൂപം നല്കിയത്. അതിർത്തിയിൽ സംഘർഷം നിലനില്ക്കുന്നത് രണ്ടു രാജ്യങ്ങൾക്കും ഗുണകരമാവില്ലെന്നും സൈന്യങ്ങൾ മുഖാമുഖം നില്ക്കുന്ന അവസ്ഥ അവസാനിപ്പിക്കണമെന്നും നിർദേശമുണ്ടായി. കമാൻഡർതലത്തിൽ ജനുവരി 24-ാം തീയതി നടന്ന ഒമ്പതാംവട്ട ചർച്ചകളാണ് ഒടുവിൽ ഫലം കണ്ടത്.

കഴിഞ്ഞ വർഷം മേയ്മാസം മുതൽ ചൈനയുടെ പീപ്പിൾസ് ലിബറേഷൻ ആർമിയുടെ കടന്നുകയറ്റം തടാകത്തിന്റെ വടക്കേക്കരയിൽ നടക്കുന്നതു ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് പിന്മാറ്റത്തിന് ചൈനയെ ഇന്ത്യ നിർബന്ധിച്ചത്. ഗൽവാൻ താഴ്‌വരയിലെ 14-ാം നമ്പർ പട്രോളിങ് പോസ്റ്റിലെത്തിയ ചൈനയുടെ കാലാൾപ്പടയുമായി നമ്മുടെ സൈനികർ ഏറ്റുമുട്ടിയത് ജൂൺ 15-ാം തീയതിയായിരുന്നു. ഒരു കമാൻഡിങ് ഓഫീസർ അടക്കം 20 സൈനികരുടെ ജീവനാണ് അന്ന് നമുക്കു നഷ്ടമായത്. ഒരു ബറ്റാലിയൻ കമാൻഡർ ഉൾപ്പെടെ നാലു സൈനികർ മാത്രമേ അന്നത്തെ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടുള്ളൂവെന്ന എട്ടുമാസങ്ങൾക്കുശേഷമുള്ള ചൈനയുടെ വെളിപ്പെടുത്തൽ പ്രതിരോധവൃത്തങ്ങൾ വിശ്വാസത്തിലെടുത്തിട്ടില്ല. ജൂൺ 15 ലെ ഏറ്റുമുട്ടലിനുശേഷം ഓഗസ്റ്റ് അവസാനം രണ്ടു രാജ്യങ്ങളിലെയും സൈനികർ തടാകത്തിന്റെ തെക്കൻ തീരത്ത് നൂറുമീറ്റർ അടുത്തുവരെയെത്തി. 1962 ലെ യുദ്ധത്തിനുശേഷം വിജനമായിക്കിടന്ന പർവതഭാഗങ്ങൾ കയ്യടക്കി പട്രോളിങ് പോസ്റ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞതും നമുക്കു നേട്ടമായി. കണ്ണോടുകണ്ണ് നോക്കിനിന്ന ശത്രുസൈന്യം സെപ്റ്റംബർ മാസം മധ്യത്തിൽ വെടിപൊട്ടിച്ച് പ്രകോപനം സൃഷ്ടിക്കുകയും ചെയ്തു.



കൈലാസപർവതത്തിലെ മഞ്ഞുരുകി താഴ്‌വരയിൽ രൂപപ്പെട്ട പാൻഗോങ് തടാകത്തിന് 135 കിലോമീറ്റർ നീളമുണ്ട്. 14,000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന അതിമനോഹരമായ ഈ തടാകം ശൈത്യകാലത്ത് തണുത്തുറയും. വേനൽക്കാലത്ത് രണ്ടു രാജ്യത്തിന്റെയും സൈനികർ സ്പീഡ് ബോട്ടുകളിൽ പട്രോളിങ് നടത്തും. കൈലാസപർവതത്തിന്റെ എട്ടു ശിഖരങ്ങൾ തടാകത്തിലേക്കു താഴ്ന്നിറങ്ങി നില്ക്കുന്നതിനാൽ ആകാശക്കാഴ്ചയിൽ വിരലുകൾപോലെ തോന്നിക്കും.

യഥാർത്ഥനിയന്ത്രണരേഖ കടന്നുപോകുന്ന ഫിംഗർ 8 ൽ നിന്ന് എട്ടു കിലോമീറ്റർ അകലെ ഫിംഗർ 4 വരെയുള്ള നമ്മുടെ ഭൂമിയാണ് ശത്രുസൈന്യം കവർന്നെടുത്തത്. നമ്മുടെ സൈന്യം ഫിംഗർ 4 ൽനിന്ന് 3 ലേക്കു പിൻവാങ്ങുമ്പോൾ നഷ്ടപ്പെടുന്നത് ഫിംഗർ 3 മുതൽ 8 വരെയുള്ള ഭൂമി! സേനാപിന്മാറ്റക്കരാർ പ്രകാരം ഈ ഭൂപ്രദേശം 'നിസ്സൈനീകൃതമേഖലയായി (No man's land) മാറും. നമ്മുടെ സൈനികർ ഫിംഗർ 8 വരെ പട്രോളിംഗ് നടത്തിയിരുന്നതാണെന്നറിയുമ്പോഴാണ് പിന്മാറ്റ ഉടമ്പടിയിൽ മറഞ്ഞിരിക്കുന്ന ചതി വെളിപ്പെടുന്നത്. 'നമ്മുടെ ഒരിഞ്ചുഭൂമിപോലും നഷ്ടപ്പെട്ടിട്ടില്ല' എന്ന നരേന്ദ്രമോദിയുടെ അവകാശവാദത്തിന്റെ പൊള്ളത്തരമാണ് ചോദ്യം ചെയ്യപ്പെടേണ്ടത്. ഇതേക്കുറിച്ചുള്ള ആരോപണങ്ങളുയർന്നപ്പോൾ പ്രതിരോധമന്ത്രി രാജ്നാഥ്സിംഗും പ്രധാനമന്ത്രിയുടെ വാദഗതിയിൽത്തന്നെ ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ പ്രസ്താവന ഇപ്രകാരമായിരുന്നു:

"നാലു പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിലാണ് ഇരുരാജ്യങ്ങളുടെയും സേനാപിന്മാറ്റം യാഥാർത്ഥ്യമായത്. പരസ്പരവിശ്വാസത്തിലാണ് ഈ കരാറിൽ നമ്മുടെ രാജ്യം പങ്കാളിയായത്. അതിർത്തിപ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്തുന്നതിനാണ് മുൻഗണന നല്കേണ്ടത്. ഇനിയും ഒത്തിരിയേറെ പ്രശ്നങ്ങൾ ബാക്കിയാണ്. അവയ്ക്കും വൈകാതെ പരിഹാരമുണ്ടാകും."

ബാക്കിയുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്? കിഴക്കൻ ലഡാക്കിലെ ഗോഗ്ര, ഹോട്ട് സ്പ്രിങ്സ്, ഡെപ്സാങ്, ചുഷുൽ താഴ്‌വര, ഡെം ചോക് തുടങ്ങി ചൈനയുടെ കൈവശമുള്ള പ്രദേശങ്ങളിൽനിന്ന് അവരെ ഒഴിപ്പിക്കാമെന്നോ? വടക്കും കിഴക്കും ലഡാക്കിൽനിന്ന് ചൈന കവർന്നെടുത്തത് 43,000 ചതുരശ്രകിലോമീറ്റർ ഭൂമിയാണെന്നു നേരത്തേതന്നെ കണ്ടെത്തിയിരുന്നു. രാജ്യത്തിന്റെ വടക്കുകിഴക്കുഭാഗത്തെ അരുണാചൽപ്രദേശിൽനിന്ന് കൈവശപ്പെടുത്തി അനുഭവിച്ചുപോരുന്നത് 73,000 ചതുരശ്രകിലോമീറ്റർ ഭൂപ്രദേശം! വടക്കൻ സിക്കിമിലെ ഡോക് ലാ മേഖലയിൽ നഷ്ടപ്പെട്ടത് എത്രയെന്നു കണ്ടെത്തിയിട്ടുമില്ല. ചൈനയുമായി അതിർത്തി പങ്കിടുന്ന 3,488 കിലോമീറ്ററിൽ നഷ്ടപ്പെട്ട ഭൂമിയുടെ കൃത്യമായ വിവരങ്ങളാണു പുറത്തുവരേണ്ടത്.

ഇപ്പോഴത്തെ സൈനിക പിന്മാറ്റക്കരാർപ്രകാരം കാലാൾപ്പടയുടെ പട്രോളിങ്ങിനുപോലും നിരോധനമുണ്ട്. യഥാർത്ഥ നിയന്ത്രണരേഖ വീണ്ടും പുനഃപരിശോധിക്കണമെന്ന ചൈനയുടെ ആവശ്യത്തിനു വഴങ്ങേണ്ടതുണ്ടോ? ബ്രിട്ടീഷ് ഭരണകാലത്ത് ടിബറ്റുമായി ഉണ്ടാക്കിയിരുന്ന രാജ്യാതിർത്തി നിലനില്ക്കുന്നതാണോ? പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ നിരവധിയാണ്.

ഇന്ത്യാ – ചൈന ബന്ധത്തിലെ ഏറ്റവും വലിയ വഴിത്തിരിവായി സേനാപിന്മാറ്റക്കരാറിനെ വിശേഷിപ്പിക്കുന്ന രാഷ്ട്രീയ നിരീക്ഷകരുണ്ട്. ഈ വർഷാവസാനം ഇന്ത്യയിൽ നടക്കാനിരിക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ സംബന്ധിക്കുന്ന ഷി ചിൻ പിങ്ങിന്റെ സന്ദർശനത്തോടെ അവശേഷിക്കുന്ന പ്രശ്നങ്ങളിൽ ചിലതെങ്കിലും പരിഹരിക്കാനാകുമെന്ന പ്രതീക്ഷയും അവർക്കുണ്ട്. കയ്യേറിയ ഭൂപ്രദേശങ്ങളിൽനിന്നുള്ള സമ്പൂർണപിന്മാറ്റമാണ് നമ്മുടെ ആവശ്യം. എന്തുതന്നെയായാലും, രണ്ട് അണുശക്തിരാഷ്ട്രങ്ങൾ തമ്മിലുള്ള അതിർത്തിപ്രശ്നങ്ങൾ പരിഹാരമില്ലാതെ നീണ്ടുപോകുന്നത് അത്യന്തം ആപത്കരമാണെന്നു പറയേണ്ടതില്ലല്ലോ! □

---

## കടലാസുകപ്പൽ

മിനിക്കഥ

ജോൺ ജെ. പുതുച്ചിറ

അത് ഒരു പെരുമഴക്കാലം ആയിരുന്നു. അന്നും ആകാശം കാർമേഘാവൃതമായിരുന്നു. താമസിയാതെ മഴ പെയ്യുകയും ചെയ്തു. ക്രമേണ അതിന്റെ ശക്തി ചോർന്നുചോർന്ന് വെറുമൊരു ചാറ്റൽമഴയായി മാറി.

ഉണ്ണിക്കുട്ടൻ ആ തക്കം നോക്കി തന്റെ കടലാസുവഞ്ചിയുമായി പുറത്തുചാടി.

വീടിനു മുൻഭാഗത്തുകൂടി ഒഴുകുന്ന കൊച്ചുതോട്ടിൽ കുത്തിയൊലിക്കുന്ന ജലം.

ആ തോട്ടിൽ അവൻ തന്റെ കടലാസുകപ്പൽ ഇറക്കി. ജലപ്രവാഹത്തിന്റെ വേഗതയ്ക്ക് അനുസരിച്ച് അതു മുന്നോട്ടൊഴുകി. അതിന്റെ പ്രയാണത്തിനനുസരിച്ച് ആർത്തുവിളിച്ചുകൊണ്ട് ഉണ്ണികൃഷ്ണനും മുന്നോട്ടോടി.

കുഞ്ഞലകളിൽ തെന്നിത്തെന്നി മുന്നോട്ടു കുതിക്കുന്ന കടലാസുകപ്പൽ.

മഴവെള്ളത്തിൽ നനഞ്ഞ്, ചെളിവെള്ളത്തിൽ ചവുട്ടി അതിന്റെ പ്രയാണത്തിനനുസരിച്ച് ഉണ്ണിക്കുട്ടനും.

അതിനിടയ്ക്ക് എപ്പോഴോ ചെളിമണ്ണിൽ ഉണ്ണിക്കുട്ടന്റെ കുഞ്ഞിക്കാലുകൾ തെന്നി. അവൻ വീണത് ജലപ്രവാഹത്തിനനുസരിച്ച് ഒഴുകിക്കൊണ്ടിരുന്ന കടലാസുകപ്പലിനു മീതെ.

അവനും ആ കടലാസുകളിപ്പാട്ടവും അടുത്ത നിമിഷത്തിൽ വെള്ളത്തിൽ മുങ്ങിത്താണു.

മഴയ്ക്കു വീണ്ടും ശക്തി വർദ്ധിക്കുകയായിരുന്നു.

# വോട്ടിന്റെ രാഷ്ട്രീയവും വോട്ടറുടെ ഗതികേടും

*ഒന്നാംപേജ് തുടർച്ച*




**ബംഗാളിലെ മമതയുടെ പോർവീര്യം**

പശ്ചിമബംഗാളിൽ മുഖ്യമന്ത്രി മമത ബാനർജിയുടെ തൃണമൂൽ കോൺഗ്രസും ആസാമിൽ ഭരണകക്ഷിയായ ബിജെപിയും ഭരണം നിലനിർത്തുമെന്നു സി വോട്ടർ പ്രവചിക്കുന്നു. തൃണമൂലിനു ഭൂരിപക്ഷം കുറയുമെങ്കിലും ബിജെപിക്ക് തത്കാലം ഭൂരിപക്ഷത്തിനു സാധ്യതയില്ല. പശ്ചിമബംഗാളിലെ 294 അംഗ നിയമസഭയിൽ തൃണമൂലിന് 148–164 സീറ്റുകൾ കിട്ടിയേക്കും.

നിലവിൽ വെറും മൂന്ന് എംഎൽഎമാരുള്ള ബിജെപിക്ക് 92–108 വരെ സീറ്റുകൾ കിട്ടുമെന്നാണു സർവേ പറയുന്നത്. കൊൽക്കത്തെയിൽ പടുകൂറ്റൻ റാലി നടത്തി മമതയുടെയും ബിജെപിയുടെയും ഉറക്കം കെടുത്തിയ കോൺഗ്രസ് – സിപിഎം സഖ്യം ഇക്കുറി 31–39 സീറ്റുകളിൽ ഒതുങ്ങുമെന്നും സി വോട്ടർ വിലയിരുത്തുന്നു.

തമിഴ്നാട്ടിൽ അണ്ണാ ഡിഎംകെ – ബിജെപി സഖ്യത്തിനു മോശം സൂചനയാണ്. ജയലളിതയും കരുണാനിധിയും ഇല്ലാത്ത നിയമസഭാതിരഞ്ഞെടുപ്പിൽ എം.കെ. സ്റ്റാലിൻ മുഖ്യമന്ത്രിക്കസേരയിലെത്തുമെന്ന് സി വോട്ടർ സർവേ പറയുന്നു. തമിഴ്നാട്ടിലെ 234 അംഗ സഭയിൽ ഡിഎംകെ – കോൺഗ്രസ് – സിപിഎം, സിപിഐ സഖ്യത്തിന് 154 മുതൽ 162 വരെ സീറ്റുകൾ നേടാനാകുമെന്നാണു പ്രവചനം. ഭരണകക്ഷിയായ അണ്ണാ ഡിഎംകെ യ്ക്ക് ബിജെപിയെയും കൂട്ടി ആകെ 58–66 സീറ്റുകളിലേക്ക് ഒതുങ്ങേണ്ടിവരാം. കമൽഹാസന്റെ മക്കൾ നീതിമയ്യത്തിന് 8–20 സീറ്റുകളിൽവരെ വിജയിക്കാമെന്നാണു കണ്ടെത്തൽ.

വൻഭൂരിപക്ഷം നേടി പുതുച്ചേരിയിൽ ഭരിച്ചിരുന്ന കോൺഗ്രസ് സർക്കാരിനെ ഒരു സീറ്റുപോലുമില്ലാതിരുന്ന ബിജെപി വളഞ്ഞ വഴിയിലൂടെ അട്ടിമറിച്ചതു വലിയ വിവാദമായിരുന്നു. എന്നിട്ടും തിരഞ്ഞെടുപ്പിൽ എൻഡിഎയ്ക്ക് 17 മുതൽ 21 വരെ സീറ്റുകളോടെ ഭരണത്തിലെത്താനാകുമെന്നാണ് എബിപി – സി വോട്ടറുടെ പ്രവചനം. കോൺഗ്രസിന് 12 സീറ്റു കിട്ടുമെന്നും പറയുന്നു.

ആസാമിലെ ഭരണകക്ഷിയായ ബിജെപിയെ മറികടക്കാൻ കോൺഗ്രസിനു കഴിയില്ലെന്നാണു സർവേയുടെ വിലയിരുത്തൽ. 126 അംഗ നിയമസഭയിൽ എൻഡിഎയ്ക്ക് 68–76 വരെ സീറ്റുകളും കോൺഗ്രസിന് 43–51 സീറ്റുകളും കിട്ടിയേക്കും. മറ്റുള്ളവർക്കെല്ലാംകൂടി 5–10 സീറ്റുകളും പ്രവചിട്ടുണ്ട്.

അഞ്ചു സംസ്ഥാനങ്ങളിലെ ജനവിധി പലതുകൊണ്ടും നിർണായകമാകും. സിപിഎമ്മിനെപ്പോലെ കോൺഗ്രസിനും അവസാന കച്ചിത്തുരുമ്പിൽ മുഖ്യമാണു കേരളം. കേരളഭരണം കൈവിടുന്നത് സിപിഎമ്മിനും കോൺഗ്രസിനും ആലോചിക്കാൻപോലുമാകുന്നില്ല. ബംഗാളിലും ആസാമിലും പുതുച്ചേരിയിലും തമിഴ്നാട്ടിലും കാര്യമായ സാധ്യതയില്ല. കേന്ദ്രം ഭരിക്കുന്ന ബിജെപിക്കും അതീവനിർണായകമാണ് അഞ്ചു സംസ്ഥാനങ്ങളിലെ ജനവിധി.

**പ്രസ്റ്റീജ് പോരാട്ടത്തിൽ പാലാ**

യുഡിഎഫിൽനിന്ന് ഒഴിവാക്കിയതോടെ എൽഡിഎഫിൽ ചേരാൻ നിർബന്ധിതനായ ജോസ് കെ. മാണിയുടെ കേരള കോൺഗ്രസ് – എമ്മിന് ശക്തി തെളിയിച്ചേ മതിയാകൂ. അഞ്ചു പതിറ്റാണ്ടിലേറെ കെ.എം. മാണി സാറിന്റെ തട്ടകമായിരുന്ന പാലാ നിയോജകമണ്ഡലം തിരിച്ചുപിടിക്കാനുള്ള ഉത്തരവാദിത്വംകൂടി ജോസ് കെ. മാണിക്കുണ്ട്. കഴിഞ്ഞതവണ ഇല്ലാതെപോയ രണ്ടില ചിഹ്നവും കേരള കോൺഗ്രസ് (എം) പാർട്ടിക്കുള്ള തിരഞ്ഞെടുപ്പുകമ്മീഷന്റെയും ഹൈക്കോടതിയുടെയും അംഗീകാരവും ജോസിന്റെ ആത്മവിശ്വാസം കൂട്ടും. മൂന്നു തവണ മാണി സാറിനോടു തോറ്റ ശേഷം ഉപതിരഞ്ഞെടുപ്പിൽ ജയിച്ച മാണി സി. കാപ്പനും ജയം ആവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

കഴിഞ്ഞതവണ യുഡിഎഫിലായിരുന്ന കേരള കോൺഗ്രസ് (എം) എൽഡിഎഫിലും എൽഡിഎഫിലായിരുന്ന എൻസിപി പിളർന്ന് കാപ്പൻ ഇക്കുറി യുഡിഎഫിലും വന്നതോടെ, പാലായിലേത് സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയവും വാശിയേറിയതുമായ മൽസരമായിരിക്കും. പ്രസ്റ്റീജ് മൽസരത്തിൽ ആർക്കാവും ജയമെന്നു തീരുമാനിക്കാൻ പാലായിലെ ജനത സജ്ജമാണെന്നു തീർച്ച. സംസ്ഥാനം ആരു ഭരിക്കുമെന്നതോടൊപ്പം പാലായിൽ ആരു വിജയക്കൊടി നാട്ടും എന്നതും കേരളമാകെ ഉറ്റുനോക്കുകയാണ്.

കോൺഗ്രസ്, സിപിഎം, സിപിഐ, മുസ്‌ലിം ലീഗ് പാർട്ടികളെപ്പോലെ ജോസ് കെ. മാണിയുടെ കേരള കോൺഗ്രസ്(എം), പി.ജെ. ജോസഫ് വിഭാഗം കേരള കോൺഗ്രസ്, ശ്രേയാംസ് കുമാറിന്റെ ലോക് താന്ത്രിക് ജനതാദൾ, അടുത്തിടെ പിളർന്ന എൻസിപി, ആർഎസ്പി തുടങ്ങി ചെറുതും വലുതുമായ ഏതാണ്ടെല്ലാ പാർട്ടികൾക്കും പി.സി. ജോർജ്, അനൂപ് ജേക്കബ്, ഷിബു ബേബി ജോൺ, ഗണേശ് കുമാർ തുടങ്ങിയ നേതാക്കൾക്കും അടുത്ത തിരഞ്ഞെടുപ്പ് അഗ്നിപരീക്ഷയാണ്. അവസാനനിമിഷം പി.സി. തോമസും മൽസരത്തിനിറങ്ങിയാൽ അദ്ഭുതപ്പെടാനില്ല. മിക്കവർക്കും ഇതു നിലനില്പിന്റെ പോരാട്ടമാണ്.

**ജനങ്ങളോടുള്ള വെല്ലുവിളി**

തിരഞ്ഞെടുപ്പുപ്രഖ്യാപനത്തിനുശേഷവും പാചകവാതകം, പെട്രോൾ, ഡീസൽ എന്നിവയുടെ വിലകൾ വീണ്ടും കൂട്ടിയ കേന്ദ്രസർക്കാരിന്റെ നടപടിക്കെതിരേയുള്ള ജനവികാരം തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്നുവേണം പ്രതീക്ഷിക്കാൻ. സാധാരണജനങ്ങളോടുള്ള ഭരണക്കാരുടെ വെല്ലുവിളിയായേ ഇതെല്ലാം കാണാനാകൂ. തുടർച്ചയായ വിവാദങ്ങളിൽപ്പെട്ട് ഉഴലുന്ന കേരള സർക്കാരിനും ഭരണസുതാര്യതയിലെ പോരായ്മകൾ വെല്ലുവിളികളാകും.

ഡൽഹിയിൽ മൂന്നു മാസത്തോളമായി തുടരുന്ന കർഷകരുടെ സഹനസമരം, കാർഷികമേഖലയിലെ വിലത്തകർച്ച, പൊതുവിപണിയിലെ വിലക്കയറ്റം, രൂക്ഷമായ തൊഴിലില്ലായ്മ, പരിസ്ഥിതിലോലപ്രദേശങ്ങളുടെയും വന്യജീവികളുടെയും പ്രശ്നങ്ങളിലെ കർഷകരോടുള്ള അനീതികൾ എന്നിവയെല്ലാം വോട്ടർമാരെ വേദനിപ്പിക്കുന്നു.

ഫാ. സ്റ്റാൻ സ്വാമിയും ദിഷ രവിയും പോലുള്ളവരുടെ അറസ്റ്റിനെ അഭിപ്രായ, വ്യക്തിസ്വാതന്ത്ര്യങ്ങളുടെമേലുള്ള കടന്നുകയറ്റമായി കാണുന്നവരാണു കൂടുതൽ വോട്ടർമാരും. മത, സാമുദായിക വർഗീയതകളും മാധ്യമങ്ങളുടെയും സാമൂഹിക മാധ്യമങ്ങളുടെയും മേലുള്ള കടന്നുകയറ്റങ്ങളും നിയന്ത്രണങ്ങളും തൊഴിൽ – വിദ്യാഭ്യാസ സംവരണങ്ങളിലും സ്കോളർഷിപ്പു വിതരണത്തിലുംവരെ നടക്കുന്ന അനീതികളുമെല്ലാം ഈ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കും.

□



**കാരിത്തടം വർക്കി**

# ഒറ്റപ്പെട്ടവൾ

സീത!

ആ പേരുകേട്ട് ആരും തെറ്റിദ്ധരിക്കരുത്. ഇത് പുരാണത്തിലെ കഥാപാത്രമല്ല. കള്ളവാറ്റുകാരൻ മാധവന്റെ മകൾ സീതയാണ്. നല്ല സൗന്ദര്യമുള്ള പെൺകുട്ടി. വയസ്സ് പതിനെട്ട് ആകുന്നതേയുള്ളൂ. എങ്കിലും ഒരു മുഴുത്ത പെണ്ണിന്റെ മട്ടുംഭാവവുമുണ്ട് അവൾക്ക്. ഡിഗ്രിക്കാരിയാകണമെന്നും ഉദ്യോഗം സമ്പാദിക്കണമെന്നുമൊക്കെ ആ മനസ്സിലുണ്ടായിരുന്നു. പക്ഷേ, സാഹചര്യത്തിന്റെ സമ്മർദംമൂലം എട്ടാംക്ലാസിൽ വച്ചുതന്നെ മോഹങ്ങളെല്ലാം ചുരുട്ടിക്കെട്ടേണ്ടിവന്നു.

"നീ പഠിച്ച് കളക്ടറൊന്നുമാകേണ്ട... എഴുതാനും വായിക്കാനും പഠിച്ചല്ലോ... അതുതന്നെ ധാരാളം. ഇനി അടങ്ങിയൊതുങ്ങി വീട്ടിലിരുന്നാ മതി. ഇവിടേം ആളു വേണമല്ലോ." അച്ഛന്റെ തീരുമാനം സീതയെ വല്ലാതെ വ്യാകുലപ്പെടുത്തി. അമ്മയുടെ മരണശേഷം തന്റെ പിതാവിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റം വന്നിരിക്കുന്നതായി അവളറിഞ്ഞു. എങ്കിലും പ്രതികരിക്കാൻ കഴിയാതെ അവൾ കുഴങ്ങി.



തന്റെ അമ്മ മരിച്ചതല്ലെന്നു പലരും പറഞ്ഞ് അവൾ കേട്ടിട്ടുണ്ട്. അച്ഛന്റെ കൊള്ളരുതായ്മകൾക്കു കൂട്ടുനില്ക്കാത്തതിനും അനാവശ്യമായ ആജ്ഞകൾ അനുസരിക്കാത്തതിനും ധിക്കാരിയെന്നു മുദ്രകുത്തി ചവിട്ടിക്കൊന്നതാണത്രേ.

വാറ്റുകാരൻ മാധവൻ ക്രൂരനാണ്. പരമദുഷ്ടൻ.

നാട്ടുകാർക്കെല്ലാം അതറിയാം. ആ മനുഷ്യനെ അനുസരിക്കാൻ സാധുവായ ഭാര്യയ്ക്കു കഴിഞ്ഞില്ലെങ്കിൽപ്പിന്നെയാർക്കാണു സാധിക്കുകയെന്നതു പലപ്പോഴും സീത ചിന്തിച്ചിട്ടുണ്ട്.

പാതിരാനേരത്താണ് വാറ്റ് ആരംഭിക്കുന്നത്. അതിന്റെ പണികൾക്കൊക്കെ പ്രത്യേകം ജോലിക്കാരുണ്ട്. വാറ്റിയെടുക്കുന്ന ചാരായം മോന്തിക്കൊണ്ടു മാധവൻ കിടക്കയിലേക്കു മറിയും. പിന്നെ കുന്തംകൊണ്ടു കുത്തിയാലും പൊങ്ങില്ല. ഈ സമയം സീത രംഗത്തിറങ്ങണം. അങ്ങനെയാണ് പിതാവിന്റെ നിർദേശം. അതു തെറ്റിച്ചാൽ പിന്നെന്തു നടക്കുമെന്നു പ്രവചിക്കാൻ പറ്റില്ല.

രാത്രിയുടെ യാമങ്ങളിൽ പതുങ്ങിപ്പതുങ്ങി വരുന്ന ബിസിനസുകാർക്ക് കന്നാസുകളിൽനിന്ന് ചാരായം ഒഴിച്ചുകൊടുക്കുകയും അതിന്റെ കാശ് കൃത്യമായി വാങ്ങുകയും ചെയ്യും.

ഈ സമയം ചാരായം കുടിക്കാൻ ഭാര്യമാരെ ഉറക്കിക്കിടത്തിയിട്ടു വരുന്നവർക്കും യാതൊരു മടിയുംകൂടാതെ മരുന്നുകൊടുക്കണമെന്നാണ് അച്ഛന്റെ കല്പന. ആരോടെങ്കിലും നീരസം കാട്ടിയെന്നോ ചാരായം കൊടുത്തില്ലെന്നോ അറിഞ്ഞാൽ പിറ്റേദിവസത്തെ കാര്യം പറയേണ്ട. മുഴുത്ത തെറിയും മർദനവും ലഭിക്കും. പാതിരാത്രിയിൽ അന്യന്മാർക്കു ചാരായം പകർന്നുകൊടുക്കാൻ പ്രായപൂർത്തിയായ സ്വന്തം മകളെ നിർബന്ധിക്കുന്ന പിതാവ്.

ഇതെങ്ങനെ കഴിയുന്നു?

ചില കാപാലികന്മാർ കുടിച്ചു ലഹരിപിടിക്കുമ്പോൾ സീതയുടെ ദേഹത്തു കൈവയ്ക്കാറുണ്ട്. അപ്പോഴൊക്കെ വളരെ വിദഗ്ധമായി ഒഴിഞ്ഞുമാറുകയാണു പതിവ്. വാസ്തവത്തിൽ ഇതു നരകമാണ്. യാതൊരു സുരക്ഷിതത്വവുമില്ല. ഏതു നിമിഷവും നശിച്ചുപോകാനിടയുണ്ട്. എങ്ങനെയും ആ തടങ്കൽപ്പാളയത്തിൽനിന്നു മുക്തി നേടണമെന്നവളാഗ്രഹിച്ചു. അങ്ങനെയിരിക്കെയാണ് ഒരു പുരുഷന്റെ ആവേശത്തിനു മുന്നിൽ എല്ലാം ഒടുങ്ങിയത്. കാത്തുസൂക്ഷിച്ചതെല്ലാം കവർന്നെടുക്കപ്പെട്ടു. സീത കരഞ്ഞു.

നശിപ്പിച്ചവന്റെ കാലിൽ കെട്ടിപ്പിടിച്ചു കെഞ്ചിപ്പറഞ്ഞു, തന്നെ ഉപേക്ഷിക്കരുതെന്ന്. അയാൾ കരുണയുള്ളവനായിരുന്നു. മനസ്സിൽ നന്മയുള്ളവനായിരുന്നു.

പതിനെട്ടാംവയസ്സിൽ ചാരിത്ര്യം നഷ്ടപ്പെട്ട അവളെ ഉപേക്ഷിക്കാൻ അയാൾക്കു മനസ്സു വന്നില്ല. ആ രാത്രിതന്നെ ആരുമറിയാതെ അയാൾ അവളെയും കൈയ്ക്കുപിടിച്ച് അവിടെനിന്നിറങ്ങിപ്പോയി. അങ്ങു ദൂരെ... ദൂരെ ഒരു ദേശത്തേക്ക്.

അങ്ങനെ കൗമാരത്തിന്റെ അന്ത്യദിശയിലവൾ ഭാര്യയായി. അവിടെയവർ ജീവിതം കെട്ടിപ്പടുത്തു. ആഹ്ലാദകരമായ ഒരു വർഷം. അപ്പോഴേക്കും അയാൾക്കൊരു പനി പിടിപെട്ടു.

എലിപ്പനി!

സീതയുടെ ഭർത്താവ് കിടപ്പിലായി. ഒരാഴ്ച തികയുംമുമ്പ് മരിക്കുകയും ചെയ്തു. ആ നിമിഷം മുതൽ അവൾ തികച്ചും ഒറ്റപ്പെട്ടവളായി. അനാഥയായി.

ഇനി എങ്ങോട്ടുപോകും?

വയറ്റിൽക്കിടക്കുന്ന കുഞ്ഞിനെ എങ്ങനെ വളർത്തും?

സീതയുടെ നെഞ്ചുരുകി.

യൗവനത്തിന്റെ വസന്താരംഭത്തിനുമുമ്പുതന്നെ വൈധവ്യം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട സീത മുന്നോട്ടുള്ള വഴിയറിയാതെ വിറങ്ങലിച്ചുനില്ക്കുന്നു.

■




# വൈറസിന്റെ കഥ



അപർണ എം.

കമ്പ്യൂട്ടർ വൈറസുകൾ ഇന്റർനെറ്റ് ലോകത്ത് ഭീതി പരത്താൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. വിശാലശൃംഖലകളും ചെറുകണ്ണികളുടെ അത്യാധുനികവും അനന്തവുമായ കൂടിച്ചേരലുകളുമായി അന്ന് കമ്പ്യൂട്ടർ നെറ്റ്‌വർക്ക് രൂപപ്പെടുന്നതിനുമുമ്പ് കംപ്യൂട്ടർവൈറസ് ബാധ ബഹുവിഭാഗത്തെ ക്ലേശിപ്പിക്കാത്ത സംഗതിയായി നിലനിന്നു.

എന്നാൽ, ആഗോളതലത്തിൽ കോടിക്കണക്കിനു ജനങ്ങളിലേക്കു കമ്പ്യൂട്ടർ സംവിധാനങ്ങളും അവയുടെ പ്രോഗ്രാമിങ്ങും വിപുലീകരണവും മറ്റും വന്നപ്പോൾ വൈറസ് ആക്രമണങ്ങളുടെ രൂക്ഷശല്യവും തുടങ്ങി. അതിനാൽത്തന്നെ ചെറിയ തകരാറുകൾപോലും അധി കജനങ്ങളെ ബാധിച്ചുതുടങ്ങി.

പ്രോഗ്രാമുകൾ നിർമിക്കുന്നവരും അവ വിപുലീകരിക്കുന്നവരും അവരുടെ പക്കലുള്ള വിവരങ്ങൾ, കോഡുകൾ എന്നിവ സോഫ്റ്റ്‌വെയർ രൂപത്തിൽ ഒരു പാക്കേജാക്കി മാറ്റിയാണ് ഉപഭോക്താക്കൾക്കു നൽകുന്നത്. ഇത്തരം സേവനങ്ങൾ സൗജന്യമായും ചാർജ് ഈടാക്കിക്കൊണ്ടും ലഭ്യമാണ്.

ഇത്തരം പ്രോഗ്രാമുകൾ അഥവാ ഫയലുകൾ തുറന്ന് അവ ഉപയോഗിക്കുക എന്നത് വളരെ സൗകര്യപ്രദവും സ്വീകാര്യവുമാണ്. എന്നാൽ, ഈ സുപ്രധാനഘട്ടമാണ് വൈറസ് ആക്രമണങ്ങൾ ഏറ്റവും പ്രതീക്ഷിക്കേണ്ട, കരുതിയിരിക്കേണ്ട ഘട്ടം. നിർദോഷമെന്നു തോന്നാവുന്ന ഒരു 'മെസേജ്' ആയിരിക്കും ഒരുപക്ഷേ, ഒരു സിസ്റ്റം മുഴുവൻ തകരാറിലാക്കുന്ന വൈറസ്. പലപ്പോഴും വൻഭീഷണിയുയർത്തുന്ന ഇത്തരം ഘട്ടങ്ങളിലാണ് ഹാക്കർമാർ വിജയം കാണുന്നത്. പരിചിതമല്ലാത്ത ഒരു ഇ-മെയിൽ ആവാം, അല്ലെങ്കിൽ അറ്റാച്ച്മെന്റ് ആയി വരുന്ന ഒരു 'ബ്ലാങ്ക് ഡോക്യുമെന്റ്' ആകാം ഇത്തരം വൈറസ് വാഹിനികൾ.




വളരെ സുരക്ഷിതമാണെന്നു ഒരുകാലത്ത് കരുതപ്പെട്ടിരുന്ന അമേരിക്കൻ ഗവൺമെന്റിനെ തുടരെത്തുടരെ ഇത്തരം ഹാക്കർമാർ വൈറസ് ആക്രമണങ്ങളിലൂടെ വെള്ളം കുടിപ്പിച്ചിട്ടുണ്ട്. 1980 കളിൽ ഹാക്കർമാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവായിരുന്നു ആ സുരക്ഷാത്തകർച്ചകളുടെ കാരണം.

## ട്രോജൻ ഹോഴ്സ്

സൈബർലോകത്ത് ട്രോജൻ ഹോഴ്സ് എന്നാൽ ഒരു മാൽവെയറിന്റെ പേരാണ്. ഒരു കമ്പ്യൂട്ടറോ സർവറോ നശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ചമച്ചുവിടുന്ന സോഫ്റ്റ്‌വെയറുകളെയാണ് മാൽവെയർ എന്ന പദം അർത്ഥമാക്കുന്നത്. ഇത്തരം മാൽവെയറുകൾ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചാണ് അവയുടെ പ്രവർത്തനത്തിൽ വിജയം കാണുന്നത്.

ട്രോജൻ ഹോഴ്സ് എന്ന നാമം ഈ മാൽവെയറിനെ സംബന്ധിച്ച് അന്വർത്ഥമാകുന്നതും ഇക്കാരണത്താലാണ്. പുരാതന ഗ്രീക്ക് കഥയിൽ ട്രോയ് നഗരം വഞ്ചനയിൽ പിടിച്ചെടുക്കാൻ നിർമിക്കപ്പെട്ട ട്രോജൻ കുതിരയിൽനിന്നുമാണ് രൂപം മാറി എത്തുന്ന വൈറസിനും ഈ പേരു ലഭിച്ചത്. സൗഹൃദരൂപത്തിൽ എത്തി നഗരം ഒന്നാകെ നശിപ്പിച്ച ട്രോജൻ കുതിരപോലെയാണ് നിർദോഷരൂപത്തിലെത്തി കമ്പ്യൂട്ടർ തകർക്കുന്ന ട്രോജന്റെയും പ്രവർത്തനം. സംശയകരമായി തോന്നാത്ത രൂപത്തിൽ ഇവ നിർമിക്കാൻ വൈദഗ്ധ്യം നേടിയ ഒട്ടേറെ ഹാക്കർമാർ ഇന്നുണ്ട്.

## ആദ്യ കമ്പ്യൂട്ടർ വൈറസ്

1971 ൽ റോബർട്ട് തോമസ് എന്ന എഞ്ചിനീയറാണ് ആദ്യമായി കമ്പ്യൂട്ടർ വൈറസ് നിർമിച്ചത് എന്നു കരുതപ്പെടുന്നു. ക്രീപർ എന്ന പേരിലാണ് ഈ വൈറസ് പ്രത്യക്ഷപ്പെട്ടത്. ടെലിമെസേജായി പ്രത്യക്ഷപ്പെടുന്ന ഒരു സന്ദേശമായിരുന്നു ഈ വൈറസ്.

പക്ഷേ, കമ്പ്യൂട്ടർ വൈറസ് ചരിത്രത്തിൽ ആദ്യ മാരകവൈറസ് എന്ന വിശേഷണം 'എൻക് ക്ലോണർ' വൈറസിനാണ്. 1982 ൽ റിച്ചാർഡ് സ്ക്രന്റ എന്ന കൗമാരക്കാരനായിരുന്നു ഈ വൈറസിനു പിന്നിൽ. ആപ്പിൾ കമ്പ്യൂട്ടറുകളെയായിരുന്നു ഈ വൈറസ് ബാധിച്ചത്. ഒരു തമാശയ്ക്കു തയ്യാറാക്കപ്പെട്ടവയായിരുന്നെങ്കിലും ഉപഭോക്താക്കളെയും വിവരസുരക്ഷയെയും മറ്റും എങ്ങനെ മാരകമായി ഇത്തരം പ്രോഗ്രാമുകൾ ബാധിക്കാം എന്നതിൽ ഗൗരവതരമായ ചർച്ചകൾ നടക്കാൻ ഇതു കാരണമായി.

1983 ൽ ഫ്രഡ് കോഹൻ എന്ന സതേൺ കാലിഫോർണിയ സർവകലാശാലയിലെ വിദ്യാർത്ഥിയാണ് കമ്പ്യൂട്ടർ വൈറസിനു കൃത്യമായ നിർവചനം നൽകിയത്. അദ്ദേഹത്തിന്റെ ഗവേഷണത്തോടുകൂടിയാണ് വൈറസിനെ പ്രതിരോധിക്കാൻ കമ്പ്യൂട്ടർവിദഗ്ധരുടെ ശ്രമങ്ങൾക്കു തുടക്കമായത്. എങ്കിലും 1990 കളിലാണ് പൊതുജനങ്ങൾക്ക് തങ്ങളുടെ കമ്പ്യൂട്ടറുകളെ സംരക്ഷിക്കുന്നതിനായി ആന്റിവൈറസുകൾ ഒഴിവാക്കാനാവാത്ത ഘടകമാണ് എന്നു ബോധ്യപ്പെട്ടത്. ആന്റിവൈറസ് സോഫ്റ്റ്‌വെയറുകൾ നിർമിക്കുന്ന കമ്പനികളും പിന്നോട്ടു നിന്നില്ല. അതീവസുരക്ഷ ഉറപ്പുവരുത്താനാകുന്ന സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ കണ്ടെത്തുന്നതിനായി വൈറസുകൾക്കെതിരേ അവരും പടപൊരുതാൻ തുടങ്ങി. അനന്തരഫലമായി 1995 ൽ ഒട്ടനേകം സുരക്ഷാസോഫ്റ്റ്‌വെയറുകൾ ഡൗൺലോഡ് ചെയ്യപ്പെടുകയും ഇന്റർനെറ്റ് മേഖലയിൽ വൻകുതിപ്പ് സംഭവിക്കുകയും ചെയ്തു.

ഇത്തരം വൈറസുകളിൽ പ്രധാനിയായിരുന്നു 1999 മാർച്ച് 26 ന് പുറത്തിറക്കപ്പെട്ട മെലീസ വൈറസ്. ഇ-മെയിൽ മുഖാന്തരം പടർത്തപ്പെട്ട ഈ വൈറസാണ് ഇന്നുവരെ ഏറ്റവും വേഗത്തിൽ പടർന്ന വൈറസ്. ഇ-മെയിൽ മെസ്സേജിൽ എത്തുന്ന ഒരു അറ്റാച്ച് (ഫയൽ) രൂപത്തിലാകും ഇവ എത്തുക. വളരെവേഗത്തിൽ അവ പടർന്ന് ആ യന്ത്രസംവിധാനത്തെത്തന്നെ തകരാറിലാക്കും. ഡേവിഡ് എൽസ്മിത്ത് എന്ന വ്യക്തിയായിരുന്നു ഈ വൈറസിനു പിന്നിൽ. മണിക്കൂറുകൾക്കുള്ളിൽ ആയിരക്കണക്കിനു കമ്പ്യൂട്ടറുകളെ തകരാറിലാക്കിയ മാരകമായ ഈ വൈറസ് നിർമിച്ചു പടർത്തുകമൂലം എൺപതു മില്യൺ ഡോളറിന്റെ നഷ്ടം വരുത്തിയ ഈ സൈബർ കുറ്റവാളിക്ക് ഇരുപതുമാസം തടവും അയ്യായിരം ഡോളർ പിഴയുമാണ് ശിക്ഷ ലഭിച്ചത്.

2001 – 2003 കാലയളവിൽ മറ്റനേകം കുപ്രസിദ്ധവൈറസുകളും പൊതുസൈബർ ഇടത്തിൽ പ്രത്യക്ഷപ്പെടുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. അവയിൽ പലതും ഡൗൺലോഡ് ചെയ്യാവുന്ന ചിത്രങ്ങളുടെ രൂപത്തിലും ഇ-മെയിൽ അറ്റാച്ച്മെന്റുകളുടെ രൂപത്തിലുമായിരുന്നു. കോഡ് റെഡ് വേം, നിംഡ വൈറസ്, ക്ലെസ് വേം എന്നിവ അവയിൽ ചിലതാണ്. അതിപ്രശസ്ത കമ്പനികളെയും വ്യക്തിഗതകമ്പ്യൂട്ടറുകളെയുമാണ് ഇവ റെക്കോഡ് വേഗത്തിൽ ആക്രമിച്ചത്.

## കമ്പ്യൂട്ടറുകളെ വൈറസ് ആക്രമണത്തിൽനിന്ന് എങ്ങനെ സംരക്ഷിക്കാം?

വിശ്വസിക്കാവുന്ന ആന്റിവൈറസ് ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക എന്നതാണ് വൈറസുകളിൽനിന്നു രക്ഷപ്പെടാൻ ചെയ്യേണ്ട ഏറ്റവും പ്രധാനമായ കാര്യം. ഇങ്ങനെ ആന്റിവൈറസുകൾ ലഭ്യമാണെങ്കിലും ഇവയെപ്പറ്റി എല്ലാവർക്കുംതന്നെ അറിവുണ്ടെങ്കിലും സമയത്ത് കമ്പ്യൂട്ടറിൽ ഇത്തരം ആന്റിവൈറസുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിലും അവയുടെ കാലാവധി തീരുന്നതിനനുസൃതം പുതുക്കി ഉപയോഗിക്കുന്നതിലും പലരും പിന്നിലാണ്. ഉപയോഗിച്ചു തഴക്കവും പഴക്കവും വരുമ്പോൾ സംഭവിക്കുന്ന ഉദാസീനതതന്നെ കാരണം.

അനാവശ്യമായ പരസ്യങ്ങളുടെ ചിത്രങ്ങളിലും മറ്റും ക്ലിക്ക് ചെയ്യാതിരിക്കുക എന്നതാണ് മറ്റൊരു നിയമം. വ്യാജമായ, എന്നാൽ ആകർഷണീയമായ പരസ്യങ്ങളുടെ രൂപത്തിൽ വരുന്ന വൈറസുകൾ ഇന്ന് സൈബറിടങ്ങളിൽ സർവസാധാരണമായി പ്രത്യക്ഷപ്പെടുന്നു.

ഇ-മെയിൽ ആയി വരുന്ന അറ്റാച്ച്മെന്റ് ഫയലുകൾ പലരും വളരെ അശ്രദ്ധമായാണ് കൈകാര്യം ചെയ്തുകാണുന്നത്. മൾട്ടിനാഷണൽ കമ്പനികളിൽ ഇത്തരം ഫയലുകൾ തുറക്കാനോ മറ്റാർക്കെങ്കിലും അയയ്ക്കാനോ പാടില്ലെന്ന് കർശനനിർദ്ദേശം നൽകാറുണ്ട്. കാരണം, വളരെ ഗുരുതരമായ വിവരമോഷണത്തിനുള്ള സാധ്യതയാകും ഇത്തരം ഒരു ഫയൽ തുറക്കുന്നതുവഴി സംഭവിക്കുക. സ്വകാര്യകമ്പ്യൂട്ടറുകളിൽ ഇത്തരം ഇ-മെയിൽ തുറക്കുന്നതിനുമുമ്പ് എല്ലായ്പോഴും സ്കാൻ ചെയ്യുക. സംശയകരമായി തോന്നുന്നപക്ഷം വിദഗ്ധാഭിപ്രായം തേടുക. ഇങ്ങനെ ഡൗൺലോഡ് ചെയ്യുന്ന ഫയലുകളും സ്കാൻ ചെയ്ത് സുരക്ഷ ഉറപ്പുവരുത്തിയ ശേഷം മാത്രം തുറക്കുക.

അശ്രദ്ധമായും നിസാരവത്കരിച്ചും സാങ്കേതികസംവിധാനങ്ങൾ ഉപയോഗിക്കാതിരിക്കുക എന്നതുതന്നെയാണ് സൈബർസുരക്ഷയ്ക്ക് പരമപ്രധാന ഘടകം.

**ലേഖിക എറണാകുളം ഗവ. ലോ കോളേജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്**

# ആശങ്കകൾ ഉണർത്തുന്ന വിദ്യാഭ്യാസനയം

ബ്ര. ജോസ് പുതുശ്ശേരി



ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് നിർണായകപരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാനുതകുന്ന പുതിയ വിദ്യാഭ്യാസനയം പുറത്തുവന്നിട്ട് അധികകാലമായില്ല. ഈ വിദ്യാഭ്യാസനയം പല ആശങ്കകളുമുയർത്തുന്ന ഒന്നാണ്. ലോകത്തിലെതന്നെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. ഈ രാജ്യത്തെ വിദ്യാഭ്യാസനയത്തിൽ ഭരണഘടനാമൂല്യങ്ങളെപ്പറ്റി ഒരു വാക്കുപോലും പ്രതിപാദിക്കുന്നില്ല. അത് അതിൽത്തന്നെ ഒരു വൈരുദ്ധ്യമാണ്. ഈ നയത്തിൽ മറ്റുപല മൂല്യങ്ങളും പഠിപ്പിക്കണമെന്നു പരാമർശിക്കുന്നുണ്ടെങ്കിലും ഭരണഘടനാമൂല്യങ്ങൾ പഠിപ്പിക്കണമെന്നോ അവയ്ക്കു കൂടുതൽ ഊന്നൽ നൽകണമെന്നോ ഒരിടത്തും പറയുന്നില്ല. ഇതുവഴി ഇന്ത്യയുടെ തന്മയെത്തന്നെ ഇല്ലായ്മ ചെയ്യാനാണ് നയസ്രഷ്ടാക്കളുടെ ശ്രമമെന്നു തോന്നുന്നു.

ഇന്ത്യൻ ഭരണഘടനാനിർമിതിയുടെ കാലത്ത് നെഹ്റു ഒരു പ്രഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "ഇന്ത്യയിൽ ഭൂരിപക്ഷമതാത്മകത ദേശീയമായും ന്യൂനപക്ഷമതാത്മകത തീവ്രവാദമായും തെറ്റിദ്ധരിക്കപ്പെടാനുള്ള സാധ്യതയുണ്ട്." ഇന്നത്തെ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ ഈ പ്രസ്താവം അന്വർത്ഥമായിത്തീരുകയാണോയെന്നു സംശയിക്കണം. ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന ഹൈന്ദവചിന്തകളെ ദേശീയതയായി ചിത്രീകരിക്കുന്ന പല സംഭവവികാസങ്ങളും അടുത്തിടെ നമ്മുടെ രാജ്യത്തു നടക്കുകയുണ്ടായി. ഈ വിദ്യാഭ്യാസനയം ന്യൂനപക്ഷവിഭാഗങ്ങളെക്കുറിച്ച് ഒന്നും പരാമർശിക്കാതിരിക്കുമ്പോൾ ഇന്ത്യയുടെ മതേതര മൂല്യങ്ങളിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം അത് ആശങ്കയുളവാക്കുന്നതാണ്.

ഇന്ത്യാരാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷത നാനാത്വത്തിലെ ഏകത്വമാണ്. കാശ്മീർ മുതൽ കന്യാകുമാരി വരെ വിവിധ സംസ്കാരങ്ങളാലും ഭാഷാരീതികളാലും ആചാരങ്ങളാലും അനുഷ്ഠാനങ്ങളാലും സമ്പന്നമാണ് ഇന്ത്യ. ഇങ്ങനെയുള്ള രാജ്യത്ത് ഏകീകൃതവിദ്യാഭ്യാസനയം എത്രത്തോളം പ്രസക്തമാണെന്നു നാം ചിന്തിക്കണം. വികേന്ദ്രീകരണത്തിന്റെ ഈ കാലഘട്ടത്തിൽ എല്ലാം കേന്ദ്രീകരിക്കുവാനാണ് സർക്കാർ ശ്രമിച്ചിരിക്കുന്നത്. വാസ്തവം പറഞ്ഞാൽ ഇന്ത്യയുടെ ബഹുസ്വരതയ്ക്കുമേലുള്ള കടന്നുകയറ്റമാണിത്.

വിദ്യാഭ്യാസകാര്യനിർവഹണത്തിനായി പുതുതായി ആരംഭിച്ചിരിക്കുന്ന യൂണിവേഴ്സിറ്റി എൻട്രൻസ് പരീക്ഷകൾക്കായുള്ള നാഷണൽ ടെസ്റ്റിങ് ഏജൻസിയും (എൻ.റ്റി.എ.), നാഷണൽ അലയൻസ് ഫോർ ടെക്നോളജിയും ഗവേഷണാംഗീകാരവുമായി ബന്ധപ്പെട്ട നാഷണൽ റിസേർച്ച് ഫൗണ്ടേഷനും കേന്ദ്ര വിദ്യാഭ്യാസമന്ത്രി അധ്യക്ഷത വഹിക്കുന്ന രാഷ്ട്രീയ ശിക്ഷാ ആയോഗും (ആർ.എസ്.എ.) എല്ലാം കേന്ദ്രസർക്കാരിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ സാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് അവരവരുടെ ആവശ്യങ്ങളനുസരിച്ച് തീരുമാനങ്ങൾ എടുക്കാൻ സാധിക്കാതെവരും. സ്വാതന്ത്ര്യാനന്തരകാലഘട്ടംമുതൽ വിദ്യ ആർജിച്ചെടുക്കുക എന്ന മുഖ്യലക്ഷ്യത്തിനനുസൃതമായാണ് ദേശീയനയം രൂപപ്പെടുത്തിയിരുന്നത്. എന്നാൽ, പുതിയ വിദ്യാഭ്യാസനയത്തിലുടനീളം നൈപുണികൾക്കും പ്രാവീണ്യത്തിനുമാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഈ സ്ഥിതിയിൽ മാർക്കറ്റിനാവശ്യമായ തൊഴിൽശക്തികളെ സൃഷ്ടിക്കുന്ന കേന്ദ്രങ്ങളായി വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറും എന്ന കാര്യം തീർച്ച.

വിദ്യാലയസമുച്ചയങ്ങൾ ഈ വിദ്യാഭ്യാസനയത്തിന്റെ ഒരു സവിശേഷതയാണ്. ഇവ നിർമിക്കുന്നത് ഫിലാന്ത്രോപിക് സംഘടനകളാണ്. മലയാളത്തിൽ ഇതിന്റെയർത്ഥം മനുഷ്യസ്നേഹികൾ, ജീവകാരുണ്യപ്രവർത്തകർ എന്നൊക്കെയാണ്. എന്നാൽ, സർക്കാരിന് ഈ മനുഷ്യസ്നേഹികൾ അംബാനിയും അദാനിയും അടങ്ങുന്ന കോർപ്പറേറ്റുകളാണ്. ചുരുക്കത്തിൽ, കോർപ്പറേറ്റുകൾ വിദ്യാഭ്യാസമേഖല പിടിച്ചടക്കുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. അവർതന്നെ അവിടത്തെ ഫീസും മറ്റും നിശ്ചയിക്കുന്നു. അങ്ങനെ, വിദ്യാഭ്യാസം പണമുള്ളവന്റെയും സമൂഹത്തിൽ നിലയും വിലയും ഉള്ളവന്റെയും മാത്രമായിത്തീരുന്നു.

വിദ്യാലയസമുച്ചയങ്ങൾ നഗരകേന്ദ്രിതമായിരിക്കും. ഈ നഗരകലാലയങ്ങളിലേക്ക് ഗ്രാമങ്ങളിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും എത്തിച്ചേരുവാൻ സാധിക്കാതെവരും. അവിടെ നിരാലംബരായിത്തീരുവാൻപോകുന്നത് ആദിവാസിജനതകളും ഉൾഗ്രാമങ്ങളിൽ താമസിക്കുന്നവരുമായിരിക്കും.

**ലേഖകൻ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ വിദ്യാർത്ഥിയാണ്.**

## ക്വിസ് കോർണർ

1. ഇന്ത്യൻ ഭരണഘടനയിൽ അംഗീകരിക്കപ്പെട്ട ഭാഷകളുടെ എണ്ണം?
2. അടുത്തനാളിൽ പട്ടാള അട്ടിമറിക്കു വിധേയനായ മ്യാൻമർ പ്രസിഡന്റ്?
3. ഈയിടെ അന്തരിച്ച മലയാളത്തിന്റെ പ്രിയ കവയിത്രി സുഗതകുമാരിയുടെ ആദ്യകവിതാസമാഹാരം ഏത്?
4. സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്?
5. കമ്പ്യൂട്ടർ സയൻസിൽ ആദ്യമായി പി.എച്ച്.ഡി നേടിയ വനിത?
6. അന്താരാഷ്ട്ര മാതൃഭാഷാദിനം ?
7. മെഡിറ്ററേനിയന്റെ മുത്ത് എന്നറിയപ്പെടുന്ന നഗരം?
8. ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് ആദ്യമായി തർജമ ചെയ്യപ്പെട്ടത് എവിടെ?
9. ഇത്തവണത്തെ വയലാർ അവാർഡിന് അർഹനായത് ആര്?
10. നാസയുടെ പെഴ്സിവിയറൻസ് പേടകവിക്ഷേപണത്തിനു പിന്നിൽ പ്രവർത്തിച്ച ഇന്ത്യൻ വംശജ?

ഉത്തരങ്ങൾ 11-ാം പേജിൽ

## എന്റെ വര











MARIA SHAJI
St. Augustine's HSS
Ramapuram

## മുടി ദാനം ചെയ്ത് യുവതികൾ



പാലാ: മാർച്ച് എട്ട് അന്താരാഷ്ട്രവനിതാദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ ഹെയർ ഡോണേഷൻ കാമ്പയിൻ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നെത്തിയ 16 യുവതികളാണ് അർബുദരോഗികൾക്കുവേണ്ടി മുടി ദാനം ചെയ്ത് സമൂഹത്തിനു മാതൃകയായത്. എസ്.എം.വൈ.എം. രൂപത വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയായുടെ അധ്യക്ഷതയിൽ ചേർന്ന കാമ്പയിൻ ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ പി.എൻ. ശ്രീദേവി ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് അഡ്വ. സാം സണ്ണി, ജന.സെക്രട്ടറി കെവിൻ ടോം, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., ബ്ര. ഡാൻ കടുപ്പിൽ തുടങ്ങിയവർ മുടിദാതാക്കളായ പെൺകുട്ടികളെ അഭിനന്ദിച്ചു സംസാരിച്ചു.

# ഉബുണ്ടു



ആൻ മരിയ തോമസ്

ആഫ്രിക്കൻനാട്ടിൽ നിന്നുരുത്തിരിഞ്ഞ ഉബുണ്ടു എന്ന സുന്ദരകഥ ലോകമെമ്പാടും പ്രശസ്തിയാർജിച്ചതാണ്. ആഫ്രിക്കക്കാരുടെ ഉബുണ്ടു സംസ്കാരം ആ ചെറുകഥയുടെ ആശയത്തിന്റെ കരുത്തു നമുക്കു കാണിച്ചുതരുന്നു.

ഒരിക്കൽ ആഫ്രിക്കയിലെ നാടോടിക്കുട്ടികൾക്കുവേണ്ടി ഒരു നരവംശശാസ്ത്രജ്ഞൻ ഒരു കളി നിർദേശിച്ചു. അതിപ്രകാരമായിരുന്നു:

നൂറു മീറ്ററകലെ കുട്ടികളെ മാറ്റിനിറുത്തിയതിനുശേഷം ഒരു കുട്ട നിറയെ മധുരവുമായി അദ്ദേഹം ഒരു മരച്ചുവട്ടിലേക്കു മാറിനിന്നു. മധുരം നിറച്ച കുട്ട അവിടെവച്ചതിനുശേഷം കളിയുടെ നിയമവശം അദ്ദേഹം കുട്ടികൾക്കായി വിശദീകരിച്ചു:

“നൂറു മീറ്റർ ഓടി കുട്ടയുടെ അടുത്ത് ആദ്യമെത്തുന്ന ആൾക്ക് ആ കുട്ട സമ്മാനം.”

കുട്ടികൾ ആവേശഭരിതരായി. അവർ ക്രമമനുസരിച്ച് ഒരു വരിയിൽ നിരന്നുനിന്നു. “റെഡി സ്റ്റെഡി ഗോ.” അദ്ദേഹം വിളിച്ചുപറഞ്ഞു.

പിന്നീടുണ്ടായ സംഭവം കാണികളെ വിസ്മയഭരിതരാക്കി. ഒരു കൈ അകലം പാലിച്ച് അതുവരെ അകന്നുനിന്ന നാടോടിക്കുട്ടികൾ അവരുടെ കരങ്ങൾ പരസ്പരം ചേർത്തുപിടിച്ചുകൊണ്ട് ഫിനിഷിങ് പോയിന്റിലേക്ക് ഓടിയെത്തി. കുട്ടയിലെ മധുരപലഹാരങ്ങൾ ഒരേപോലെ പങ്കുവച്ച് അവർ അവരുടെ സന്തോഷം പങ്കിടുകയും ചെയ്തു.

എന്തുകൊണ്ടാണ് കുട്ടികളേ, നിങ്ങൾ ഇപ്രകാരം ചെയ്തതെന്ന ശാസ്ത്രജ്ഞന്റെ ചോദ്യത്തിന് ഒരേസ്വരത്തിൽ അവർ മറുപടി നൽകി: ‘ഉബുണ്ടു.’

ഒരുവൻ ദുഃഖിക്കുമ്പോൾ അപരൻ എപ്രകാരം സന്തോഷിക്കും എന്ന ചോദ്യമാണ് ഉബുണ്ടു. ആഫ്രിക്കക്കാരുടെ ഭാഷയിൽ പറഞ്ഞാൽ അതിപ്രകാരമാണ്.

"I am because we are" എല്ലാ തലമുറകൾക്കും പിമ്പെല്ലാവുന്ന കരുത്തുറ്റ സന്ദേശം.

ഈ ആശയത്തെ നമുക്കു മറ്റൊരു തലത്തിലൂടെയും ചിന്തിക്കാം. മത്സരങ്ങൾ ഇപ്രകാരം ഒരുമിച്ചു മുന്നേറാനുള്ള തായാൽ അതെപ്രകാരം മത്സരമാവും? വിജയവും പരാജയവും ഏതൊരു കളിയിലും അവശ്യഘടകങ്ങളല്ലേ?

ഇവിടെയാണ് ഉബുണ്ടുവിന്റെ പ്രസക്തി. മത്സരബുദ്ധിയുടെ ആവേശം അതിരുകടക്കുമ്പോൾ ആരോഗ്യകരമായ മത്സരങ്ങൾ ഇല്ലാതാവുന്നു. വിജയപരാജയങ്ങൾ സ്വാഭാവികമാണ്. എന്നാൽ, താൻ വിജയിക്കുന്നതിനോടൊപ്പം അപരന്റെ ജീവിതത്തെക്കൂടി താറുമാറാക്കണമെന്ന വിഷം നിറഞ്ഞ ചിന്ത ഉടലെടുക്കുന്നിടത്ത് മത്സരങ്ങളുടെ അർത്ഥം ചോർന്നുപോകുന്നു.



വ്യക്തിപരമായ ശത്രുതകൾ ഉടലെടുക്കുന്നതിലൂടെ മത്സരങ്ങൾ പരാജയത്തിലേക്കു കൂപ്പുകുത്തുന്നിടത്താണ് ഉബുണ്ടു പ്രശസ്തിയാർജിക്കുന്നത്. മത്സരങ്ങൾ ഏതെന്നോ എന്തെന്നോ അല്ല എങ്ങനെ മത്സരിക്കണമെന്നാണ് ഈ കഥ പഠിപ്പിക്കുന്നത്.

വരൂ, നമുക്കും ഈ മനോഭാവത്തിനുടമകളാകാം. സമൂഹത്തിൽ ഇന്ന് അത്യന്താപേക്ഷിതമായ ഈ സന്ദേശത്തെ നമുക്കേറ്റെടുക്കാം. സ്വന്തമെന്ന് അവകാശം പറയാൻ ഒരു ഉബുണ്ടു ജീവിതത്തിനുടമകളായിക്കൊണ്ട് സമൂഹത്തിൽ സന്തോഷത്തിന്റെ കിരണങ്ങൾ പ്രശോഭിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്.*

# തിരിച്ചറിവുകളുടെ കോഴികൂവലുകൾ



ആൽബിൻ ജിജോ

പത്രോസ് ഈശോയെ തള്ളിപ്പറഞ്ഞപ്പോൾ കോഴി കൂവി എന്നു ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. ഉടനെ ഈശോ തിരിഞ്ഞ് പത്രോസിനെ നോക്കി. പീഡാനുഭവനൊമ്പരങ്ങൾക്കിടയിലും ആ നോട്ടം കരുണാർദ്രമായിരുന്നു. ഉടനെ പത്രോസ് പുറത്തുപോയി മനമൊന്നു കരഞ്ഞു.

ഈശോ നൽകിയ അടയാളമായിരുന്നു കോഴികൂവൽ. തിരിച്ചറിവിന്റെ അലാറമായിരുന്നു അത്. കൂടെ നടന്നവനെ, കൂട്ടിരുന്നവനെ, ചേർത്തുപിടിച്ചവനെ അറിയില്ല എന്നു പറഞ്ഞതിലുള്ള പശ്ചാത്താപബോധത്താൽ പത്രോസ് തിരിഞ്ഞുനടന്നു. ക്രൂശിതന്റെ മടിയിലേക്കുള്ള മടക്കമായിരുന്നു അത്.

കോഴികൂവലുകൾ ദിനംപ്രതി സംഭവിക്കാറുണ്ട്. ആഴമായി ചിന്തിക്കുമ്പോൾ ജീവിതത്തിന്റെ പരിസ്ഥിതികൾക്കിടയിൽ വന്നുഭവിക്കുന്ന, പല സംഭവവികാസങ്ങളും സൂചിപ്പിക്കുന്നത് ഓർമപ്പെടുത്തലിനുള്ള വിളിയിലേക്കാണ്. സ്വന്തം രക്തത്താൽ നമ്മെ നേടിയെടുത്തവന്റെ ആർദ്രമായ ആ കണ്ണുകളിലേക്കുള്ള തിരിഞ്ഞുനോട്ടത്തിനുള്ള ആഹ്വാനമാണ്. അത് ജീവിതത്തിലെ കോഴികൂവലുകൾക്കുവേണ്ടി കാതോർക്കുവാൻ, വീണുപോയിടത്തുനിന്നും തലയുയർത്തി നോക്കുവാൻ, മനമൊന്നു കരയുവാനുള്ള കാലഘട്ടമാണ് നോമ്പുകാലം. പശ്ചാത്താപത്തിന്റെ, ഉപവാസത്തിന്റെ, ഒരുക്കത്തിന്റെ സമയമാണത്.

പത്രോസിനെക്കുറിച്ചു വീണ്ടും ചിന്തിക്കുമ്പോൾ, യേശുവിനെ ആത്മാർത്ഥമായി സ്നേഹിച്ച ഒരു ശിഷ്യപ്രമുഖനായിരുന്നു അദ്ദേഹം. ഞാനൊരിക്കലും നിന്നെ വിട്ടുപോകില്ലെന്നു തറപ്പിച്ചുപറയുമ്പോൾ അതു സ്നേഹത്തിൽനിന്നുതന്നെയായിരുന്നു. യേശുവിന്റെ അദ്ഭുതങ്ങളിലും മറ്റവസരങ്ങളിലുമെല്ലാം അവനോടൊപ്പം ആയിരുന്നവരിൽ പ്രധാനിയായിരുന്നു പത്രോസ്. സഭയുടെ താക്കോലുകൾ യേശു ഏല്പിച്ചത് പത്രോസിനെയായിരുന്നു.

എന്നിട്ടും, ഒടുവിൽ എനിക്കറിയില്ലെന്നു പറയാൻ പത്രോസിനെ പ്രേരിപ്പിച്ചതെന്ത്? അത് സ്വാർത്ഥമായ, മാനുഷികമായ സ്നേഹത്തിന്റെ ബലഹീനതയാണ്. അവനവനുവേണ്ടി മറ്റുള്ളവനെ സ്നേഹിക്കുമ്പോൾ സ്വന്തം നിലനില്പിനു വിരുദ്ധമായവയെ ഒഴിവാക്കാനുള്ള പ്രവണതയാണത്. പക്ഷേ, ക്രിസ്തു സ്നേഹിച്ചത് നമുക്കുവേണ്ടിയാണ്. സ്വന്തം ജീവൻ നമുക്കുവേണ്ടി തന്ന് അവിടുന്ന് സ്നേഹമെന്താണെന്നു നിർവചിച്ചു. ആ നിർവചനത്തിലേക്കുള്ള ദൂരമായിരുന്നു പത്രോസിന്റെ തള്ളിപ്പറയലും കോഴികൂവലും തമ്മിലുള്ളത്. ഞാൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാനാണ് ക്രിസ്തു കല്പിച്ചത്. അപരനുവേണ്ടി സ്നേഹിക്കുവാനുള്ള ഉദ്ബോധനമാണത്.



നമ്മുടെ ബന്ധങ്ങളിൽ ക്രിസ്തുവിന്റെ ഈ സ്നേഹത്തെ സ്വീകരിക്കുമ്പോഴാണ് അതു സുന്ദരമാകുന്നത്. സ്വാർത്ഥം അന്വേഷിക്കാത്ത, അനുചിതമായി പെരുമാറാത്ത, സ്നേഹകീർത്തനത്തിലെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ആ സ്നേഹത്തിലേക്കു വളരുവാൻ ഈ നോമ്പുകാലം ഉപകാരപ്രദമാകട്ടെ. എനിക്കുവേണ്ടി എന്നെ സ്നേഹിച്ച എന്റെ ഈശോയെപ്പോലെ, മറ്റുള്ളവരെ ഹൃദയവിശാലതയോടെ സ്നേഹിക്കാൻ, തിരിച്ചറിവുകളുടെ കോഴികൂവലുകൾക്കായി കാതോർക്കാൻ ഈ നോമ്പ് കാരണമാകട്ടെ.

*ലേഖകൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്‌സി (മാത്സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.*

## ക്വിസ് കോർണർ
### ഉത്തരങ്ങൾ

1. 22
2. വിൻ മിയന്റ്
3. മുത്തുച്ചിപ്പി
4. കർദിനാൾ മാർ ആന്റണി പടിയറ
5. സിസ്റ്റർ ഡോ. മേരി കെന്നെത്ത് കെല്ലർ
6. ഫെബ്രുവരി 21
7. അലക്സാണ്ട്രിയ
8. അലക്സാണ്ട്രിയ
9. ഏഴാച്ചേരി രാമചന്ദ്രൻ
10. ഡോ. സ്വാതി മോഹൻ

# ആട്ടിയോടിക്കപ്പെടുന്ന ജനാധിപത്യം





**ആഷിൻ അനിൽ മേലേടം**

ഗാന്ധിയോടും, നെൽസൺ മണ്ടേലയോടും, മാർട്ടിൻ ലൂഥർ കിങ് ജൂനിയറോടും ചേർത്തു വായിക്കാവുന്ന പേരാണ് ഓങ് സാങ് സൂകിയുടേത്. അവരുടെ പിതാവ് ഓങ് സാങ്ങാണ് ബ്രിട്ടീഷ്സാമ്രാജ്യത്വത്തിൽനിന്ന് മ്യാൻമറിനെ (പഴയ ബർമ) മോചിപ്പിച്ചത്. തുടർന്ന് അധികാരത്തിലെത്തിയ ഓങ് സാങ്ങിനെ 1947 ൽ ക്യാബിനറ്റിനിടയിൽ എതിരാളികൾ വധിച്ചു. എങ്കിലും 14 വർഷം മ്യാൻമറിൽ ജനാധിപത്യഭരണം തുടർന്നു.

1962 ലാണ് മ്യാൻമറിൽ പട്ടാളഭരണം ആരംഭിക്കുന്നത്. പതിറ്റാണ്ടുകൾ നീണ്ട പട്ടാളഭരണം മ്യാൻമറിനെ തളർത്തി. പട്ടാളഭരണത്തിനെതിരേ നടന്ന പ്രക്ഷോഭങ്ങളുടെ സമയത്താണ് ഓങ് സാങ് സൂകി 1988 ൽ തന്റെ അമ്മയെ ശുശ്രൂഷിക്കാൻ മ്യാൻമറിൽ എത്തുന്നത്. തുടർന്ന് സമരനേതൃത്വം സൂകി ഏറ്റെടുത്തു. ഇതിനിടയിൽ നടന്ന തിരഞ്ഞെടുപ്പിൽ സൂകിയുടെ പാർട്ടി വിജയിച്ചു. എന്നാൽ, പട്ടാളം അത് അംഗീകരിച്ചില്ല. നീണ്ട 20 വർഷം സൂകി വീട്ടുതടങ്കലിൽ കഴിഞ്ഞു. രോഗിയായ ഭർത്താവിനെ കാണാൻപോലും അവർക്കു കഴിഞ്ഞില്ല. ഇതേ കാലയളവിൽ നൊബേൽ സമ്മാനം അടക്കമുള്ള പുരസ്കാരങ്ങൾ സൂകിക്കു ലഭിക്കുകയും ചെയ്തു.

ദീർഘകാലത്തെ പട്ടാളഭരണം മ്യാൻമറിനെ പിന്നോട്ടടിച്ചു. തുടർന്ന് നിരവധി സമരങ്ങൾക്കുശേഷം ജനാധിപത്യം പേരിനുമാത്രം പുനഃസ്ഥാപിച്ചു. 2012 ൽ സൂകി മത്സരിച്ച് എം.പി. ആകുകയും 2015 ൽ സൂകിയുടെ പാർട്ടി വിജയിക്കുകയും വൻ ഭൂരിപക്ഷം നേടുകയും ചെയ്തു. സൂകി മ്യാൻമറിന്റെ സ്റ്റേറ്റ് കൗൺസിലറായി സ്ഥാനം ഏറ്റെടുത്തു. ദീർഘകാലത്തെ സഹനസമരത്തിന്റെ ഫലമായിരുന്നുവത്.

എന്നാൽ, പിന്നീടു നടന്ന സംഭവവികാസങ്ങളും, അവർ നടത്തിയ പ്രസ്താവനകളും ഓങ് സാങ് സൂകിയുടെ രാഷ്ട്രീയപ്രതിച്ഛായതന്നെ മാറ്റിമറിക്കുന്നതായിരുന്നു. രോഹിംഗ്യൻ ജനതയ്ക്കെതിരേ സൈന്യം നടത്തിയ അക്രമങ്ങളെ തടയാനോ അതിനെതിരേ പ്രതികരിക്കാനോ സൂകി മുതിർന്നില്ല. മാത്രമല്ല, സൈന്യത്തെ പിന്തുണച്ചുകൊണ്ടും രോഹിംഗ്യൻ ജനതയെ അവഹേളിച്ചുകൊണ്ടും സൂകി പ്രസ്താവനകൾ നടത്തി. ഇത് അന്താരാഷ്ട്രതലത്തിലുള്ള അവരുടെ പേരിനു മങ്ങലേല്പിച്ചു. എന്നാൽ, ദേശീയതലത്തിൽ അവരുടെ ജനപ്രീതി ഒട്ടും കുറഞ്ഞില്ല എന്നതും ശ്രദ്ധേയമാണ്. രോഹിംഗ്യരുടെ പലായനത്തെ മ്യാൻമർ ജനത പിന്തുണയ്ക്കുന്നതായിരിക്കാം അതിനു കാരണം. സൈന്യത്തെ ഭയന്നിട്ടാണ് സൂകി ഇതിനു കൂട്ടുനിന്നത് എന്ന വാദമുഖവുമുണ്ട്. നാസിസത്തിന്റെ മറ്റൊരു പതിപ്പാണ് മ്യാൻമറിൽ നടമാടുന്നത്.

ബംഗ്ലാദേശിന്റെ രൂപീകരണത്തോടെയാണ് രോഹിംഗ്യൻജനതയുടെ ദുരിതകാലം ആരംഭിക്കുന്നതെന്നു പറയാം. ബംഗ്ലാദേശിലെ വിമോചനസമരത്തിന്റെ ബാക്കിപത്രം മ്യാൻമറിലേക്കും വ്യാപിക്കാമെന്നും അതുവഴി ഭരണം അട്ടിമറിച്ചേക്കാമെന്നു സൈന്യം ഭയപ്പെട്ടിരിക്കണം. എന്നാൽ, 1962 ൽത്തന്നെ പൗരത്വനിയമം വഴി രോഹിംഗ്യൻ ജനതയെ മ്യാൻമർ പൗരന്മാരല്ലാതാക്കിയിരുന്നു. ഇറാനിൽ ഇസ്ലാമികവിപ്ലവം ഉണ്ടായപ്പോൾ സദ്ദാം ഹുസൈനുണ്ടായ അതേ ഭയംതന്നെയാണ് ഇതും. തദ്ഫലമായി ഓപ്പറേഷൻ ഡ്രാഗൺ കിങ് എന്ന സൈനികനീക്കത്തിന് പട്ടാളം തയ്യാറായി. 1978 ൽ അത് നടപ്പിലാക്കുകയും ചെയ്തു. ഇങ്ങനെയൊരു ഭയം ഉണ്ടാകാൻ കാരണങ്ങൾ ഇല്ലായെന്നു തീർത്തും പറയാനാകില്ല. പാക്കിസ്ഥാന്റെ രൂപീകരണകാലത്ത് പടിഞ്ഞാറൻ മ്യാൻമറിലെ രോഹിംഗ്യൻ മുസ്ലീങ്ങൾ ഈ ഭാഗം



കിഴക്കൻ പാക്കിസ്ഥാനിലേക്ക് (ഇന്നത്തെ ബംഗ്ലാദേശ്) ലയിപ്പിക്കുന്നതുവേണ്ടി ഒരു വിഘടനവാദപ്രസ്ഥാനം രൂപീകരിച്ചിരുന്നു. ബുദ്ധമതക്കാർക്കു ഭൂരിപക്ഷമുള്ള ഒരു രാജ്യത്തെക്കുറിച്ച് രോഹിംഗ്യൻജനത ഭയപ്പെട്ടിരുന്നു എന്നതും ഒരു വസ്തുതയാണ്. മ്യാൻമറിലെ മയൂ പ്രവിശ്യ പാക്കിസ്ഥാനിലേക്കു ലയിപ്പിക്കുന്നതിന് മുഹമ്മദലി ജിന്നയോട് അന്നവർ സഹായം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, പല കാരണങ്ങൾകൊണ്ടും ജിന്നയ്ക്ക് അതു പരിഗണിക്കാൻ കഴിഞ്ഞില്ല. പിന്നീട് പലപ്പോഴായി രോഹിംഗ്യൻജനത അക്രമങ്ങൾ നേരിട്ടു. 2012 ൽ ഒരു റായെൻ സ്ത്രീ കൊല്ലപ്പെടുന്നു. അതിന് ഉത്തരവാദികൾ രോഹിംഗ്യകളാണെന്ന് ആളുകൾ വാദിച്ചു. ഇതിനെത്തുടർന്ന് ഒരു വംശീയകലാപം തന്നെ ഉടലെടുത്തു. ഏകദേശം ഒരു ലക്ഷത്തോളം ആളുകളാണ് അന്ന് പലായനം ചെയ്തത്. അടിച്ചമർത്തപ്പെടുന്ന ഒരു ന്യൂനപക്ഷജനതയുടെ ചെറുത്തുനില്പെന്നോണം, ARSA എന്ന സായുധസംഘത്തിന് ഒരുകൂട്ടം രോഹിംഗ്യകൾ രൂപം നല്കി. 2016 ൽ ARSA മ്യാൻമറിലെ ഒരു പട്ടാളപോസ്റ്റ് അക്രമിച്ചു. ഇതിന്റെ പ്രത്യാഘാതങ്ങളെ ഭയന്ന് അന്നും ലക്ഷക്കണക്കിനാളുകൾ പലായനം ചെയ്തു. അതിനുശേഷം 2017 ലാണ് ARSAയുടെ ആക്രമണമുണ്ടാകുന്നത്. ഇതിനെത്തുടർന്ന് മ്യാൻമർ സൈന്യം അതിശക്തമായ ആക്രമണമാണ് രോഹിംഗ്യൻ ജനതയ്ക്കു നേരേ അഴിച്ചുവിട്ടത്. അവരുടെ വീടുകൾ നശിപ്പിച്ചു. കൂട്ടക്കൊലകൾ നടത്തി, അക്രമങ്ങൾ അതിരുകടന്നു. ഏഴുലക്ഷത്തോളം ആളുകൾ അന്ന് അഭയാർത്ഥികളായി മാറി. ലോകം അറിയപ്പെടുന്ന നേതാവായ ഓങ് സാങ് സൂകി അപ്പോഴും തണുത്ത മട്ടിലാണ് അതിനോടു പ്രതികരിച്ചത്. എന്നിരുന്നാലും സൂകിയുടെ ജനപ്രീതിക്ക് മ്യാൻമറിൽ കോട്ടം തട്ടിയില്ല. അതിന്റെ ഏറ്റവും വലിയ തെളിവാണ് 2020 ലെ ഇലക്ഷനിൽ എൻ.എൽ.ഡി. വൻഭൂരിപക്ഷത്തോടെ വിജയിച്ചത്. ജനാധിപത്യമെന്നത് മ്യാൻമറിനെ സംബന്ധിച്ചിടത്തോളം വിദേശശക്തികളോട് അടുക്കാനുള്ള ഒരു ഉപാധി മാത്രമാണ്. അതുകൊണ്ടാണ് സൂകിയുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയെ സൈന്യം ഭയന്നതും ഭരണ അട്ടിമറി നടപ്പിലാക്കിയതും. 2020 ൽ നടന്ന തിരഞ്ഞെടുപ്പിൽ ക്രമക്കേടുണ്ടെന്ന് സൈന്യം തിരഞ്ഞെടുപ്പു കമ്മീഷനെ അറിയിച്ചിരുന്നു. എന്നാലത് കമ്മീഷൻ അംഗീകരിച്ചില്ല. ഇതിനെത്തുടർന്നാണ് രാജ്യം സൈനികഭരണത്തിലേക്കു മാറിയത്.

സൂകിയെയും, നേതാക്കളെയും തടവിലാക്കുകയും വൈസ് പ്രസിഡന്റ് മൈന്റ് സേയെ പ്രസിഡന്റാക്കുകയും ചെയ്തു. രാജ്യത്ത് പ്രസിഡന്റ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് സൈനികമേധാവി മിൻ ഓംഗ് ലായിങ്ങിന്റെ ഭരണം നിലവിൽ വരുകയും ചെയ്തു. ലോകരാജ്യങ്ങളും വിദേശസംഘടനകളും മ്യാൻമറിലെ സ്ഥിതിഗതികൾ നിരീക്ഷിക്കുകയാണ്. അമേരിക്ക മ്യാൻമറിന് മുന്നറിയിപ്പു നല്കിയിട്ടുണ്ടെങ്കിലും സൈനികനീക്കം ഉണ്ടാകുമെന്നു കരുതാനാവില്ല. എന്നാൽ, രാജ്യത്തിനകത്ത് വിമത ഗ്രൂപ്പുകളെ സൃഷ്ടിക്കാനുള്ള സാഹചര്യം ഉണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. അമേരിക്ക ഇതിനു മുമ്പും മ്യാൻമറിന് ഉപരോധം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

ജനങ്ങൾ തെരുവുകളിൽ ശക്തമായ പ്രതിഷേധങ്ങൾ നടത്തുന്നില്ല. ഹോൺ മുഴക്കിയും സോഷ്യൻ മീഡിയകളിലെ പ്രൊഫൈലുകൾ ചുവന്ന നിറത്തിലാക്കി ബാഡ്ജുകൾ ധരിച്ചും പ്രതിഷേധങ്ങൾ അറിയിക്കുന്നു. മ്യാൻമർ ഭരണകൂടം ഒരിക്കലും ജനാധിപത്യത്തെ മാനിക്കുന്നില്ല. ഫാസിസ്റ്റ് ചിന്താഗതിതന്നെയാണ് അധികാരത്തിന്റെ ഇടനാഴികളിൽ ഇപ്പോഴും നിലനില്ക്കുന്നത്. സൈനികഭരണം തന്നെയാണ് ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ രാജ്യത്ത് നിലനിന്നിരുന്നത്. ഓങ് സാങ് സൂകിയുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയും എൻ.എൽ.ഡി യുടെ വൻ ഭൂരിപക്ഷവിജയവും സൈനികനിയന്ത്രണങ്ങളെ വെല്ലുവിളിക്കാൻ കെല്പുള്ളതാണെന്ന് സൈന്യം മനസ്സിലാക്കി. അതിന്റെ പരിണതഫലമാണ് മ്യാൻമറിലെ ഈ സൈനിക അട്ടിമറി.

**ലേഖകൻ ഉഴവൂർ ഒ.എൽ.എൽ. ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിയാണ്.**

# വെയിൽച്ചൂടിൽ വെന്തുരുകി കേരളം

ഒന്നാംപേജ് തുടർച്ച

വേനൽ കടുത്തതോടെ കർഷകരും പ്രതിസന്ധിയിലായി. കനത്ത വെയിലിൽ കൃഷിയിടങ്ങളും പുല്ലുകളും കരിഞ്ഞുണങ്ങിത്തുടങ്ങി. ജലാശയങ്ങൾ വരളുകയും കിണറുകളിലെ വെള്ളം താഴുകയും ചെയ്തു. പലയിടത്തു കുടിവെള്ളക്ഷാമവും അനുഭവപ്പെട്ടുതുടങ്ങി.

പണം ഉണ്ടാക്കാനുള്ള പരക്കംപാച്ചിലിൽ മനുഷ്യൻ പ്രകൃതിയോടു ചെയ്ത ക്രൂരതയുടെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. ഭരണത്തിൽ സ്വാധീനമുള്ളവർ പാടങ്ങൾ നികത്തുകയും മലകൾ ഇടിച്ചു നിരത്തുകയും ചെയ്യുന്നതു കാണുമ്പോൾ നിസ്സഹായരായി നോക്കിനിൽക്കാനേ നമുക്കു കഴിയുന്നുള്ളൂ. വയൽ നികത്തലിനും മലയിടിക്കലിനും കൂട്ടുനിൽക്കുമ്പോൾ നഷ്ടമാകുന്നത് കേരളത്തിന്റെ പച്ചപ്പാണ്.



20 ആളുകൾക്ക് ആവശ്യമായ ശുദ്ധവായു ലഭ്യമാക്കുവാൻ ഒരു മരമെങ്കിലും വേണം എന്നാണു കണക്ക്. എന്നാൽ, ഉള്ള മരങ്ങൾ മുറിച്ചുമാറ്റി അവിടെ വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമിക്കുകയല്ലാതെ പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കാൻ ആരും ശ്രദ്ധിക്കാറില്ല. അന്തരീക്ഷതാപത്തെ കുറയ്ക്കാനുള്ള പ്രകൃതിദത്തസംവിധാനങ്ങൾ നാം നഷ്ടപ്പെടുത്തിക്കഴിഞ്ഞു.

വാഹനങ്ങളുടെ എണ്ണം വർധിച്ചപ്പോൾ അന്തരീക്ഷത്തിലേക്കു പ്രവഹിക്കുന്ന കാർബൺ ഡയോക്സൈഡിന്റെ തോതു കൂടി. അതോടെ ഭൂമിയിലെത്തുന്ന സൂര്യപ്രകാശത്തിന്റെ അളവും വർധിച്ചു.

ഉയർന്നുനിൽക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും മേൽക്കൂരയിലെ ലോഹഷീറ്റുകളും വലിച്ചെടുക്കുന്ന താപം ചൂടുതരംഗമായി രാത്രിയിൽ പുറന്തള്ളുന്നത് രാത്രികാലതാപവർധനയ്ക്കു കാരണമായി.

കായലുകൾ, തടാകങ്ങൾ, തണ്ണീർത്തടങ്ങൾ, പുഴകൾ, തോടുകൾ, അരുവികൾ, കുളങ്ങൾ, കനാലുകൾ തുടങ്ങിയവയെല്ലാം ധാരാളമായി നമ്മുടെ നാട്ടിലുണ്ട്. പക്ഷേ, ഇവയെല്ലാം സംരക്ഷിക്കാനും വൃത്തിയായി സൂക്ഷിക്കാനും എത്രപേർ മനസ്സുവച്ചിട്ടുണ്ട്? വീട്ടിലെ മാലിന്യങ്ങൾ പ്ലാസ്റ്റിക് കൂടുകളിലാക്കി നമ്മൾ വലിച്ചെറിയുന്നത് കനാലുകളിലേക്കും പുഴകളിലേക്കും റോഡുവക്കിലേക്കുമൊക്കെയല്ലേ? ഈ മാലിന്യങ്ങൾ കറങ്ങിത്തിരിഞ്ഞ് എത്തിച്ചേരുന്നതോ, നമ്മുടെ കിണറുകളിലെയും കുളങ്ങളിലെയും വെള്ളത്തിലും.

ജലസ്രോതസ്സുകൾ വൃത്തിയായും അടയാതെയും സൂക്ഷിക്കുക, ജലസംഭരണികൾ ശുചിയാക്കുക, കൃഷിയിടങ്ങളിൽ പുതയിട്ട് ബാഷ്പീകരണത്തോതു കുറയ്ക്കുക, മഴവെള്ളം സംഭരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുക, മഴക്കുഴികൾ തീർക്കുക, കിണറുകൾ റീചാർജ്ജ് ചെയ്യുക തുടങ്ങിയവയാണ് ജലക്ഷാമത്തെ നേരിടാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങൾ. നികന്നുപോയതും അനാഥമായിക്കിടക്കുന്നതുമായ കുളങ്ങളും ജലാശയങ്ങളും നന്നാക്കിയെടുത്താൽ കുടിക്കാനും ജലസേചനത്തിനും ആവശ്യമുള്ള വെള്ളം സംഭരിക്കാനാവും.

സുഖശീതളമായ കാലാവസ്ഥയുടെ കാര്യത്തിൽ പണ്ടുമുതലേ ടൂറിസ്റ്റുമാപ്പിൽ ഒരിടമുണ്ടായിരുന്നു കേരളത്തിന്. മലയാളമണ്ണിനെ സുഖവാസസ്ഥലമായി കണ്ടു വിദേശികൾ അവധിക്കാലം ആഘോഷിക്കാൻ ഇങ്ങോട്ട് ഓടിയെത്തിയതും അതുകൊണ്ടുതന്നെ.

ആറും തോടും കരകവിഞ്ഞൊഴുകിയിരുന്ന, വർഷത്തിൽ ഏഴു മാസം മഴ കിട്ടിയിരുന്ന മാവേലിനാടിനെ ഈ നിലയിലെത്തിച്ചതു മറ്റാരുമല്ല. ഇവിടെ പെയ്യുന്ന മഴവെള്ളം അതതിടത്തു കെട്ടിനിർത്തുന്നു എന്നു സങ്കല്പിച്ചാൽ മൂന്നുമീറ്റർ വെള്ളത്തിൽ മുങ്ങിക്കിടക്കും കേരളം എന്നാണ് ഗവേഷകരുടെ കണ്ടെത്തൽ. പ്രകൃതിയോടും മണ്ണിനോടും നാം ക്രൂരത കാട്ടിയപ്പോൾ നഷ്ടമായത് പുഴകളുടെ സൗന്ദര്യവും മഴത്തുള്ളികളുടെ കിലുക്കവുമാണ്.

നമ്മുടെ ജീവിതശൈലികളും പരിസ്ഥിതി അവബോധവും പുതുക്കിപ്പണിയാതെ കൊടുംചൂടിനു തടയിടാനാവില്ല. ഭാവിതലമുറയ്ക്കുവേണ്ടി വെള്ളം സംരക്ഷിക്കാനും, മലിനമാക്കാതിരിക്കാനും അതു ശ്രദ്ധിച്ചുപയോഗിക്കാനുമുള്ള സാമൂഹികാവബോധം ഉണ്ടാകണം. ജലം അമൂല്യമാണ്, അത് പാഴാക്കരുത് എന്ന ചിന്ത ഓരോ വ്യക്തിയിലും ഉണ്ടാകണം. മണ്ണും വെള്ളവും ജൈവസമ്പത്തും പ്രകൃതിവിഭവങ്ങളും വരുംതലമുറയ്ക്കായി കരുതിവയ്ക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ് എന്ന വസ്തുത വിസ്മരിക്കാതിരിക്കുക.

---

## കയ്പേറിടും സത്യം

കവിത

വി.പി.ജോൺസ്

കുടത്തിലെ വിളക്കായി
കാൺമോർ കണ്ണിൽ കരടായി
കാലക്ഷേപം കഴിപ്പാനോ
കവിയാവാൻ തുനിഞ്ഞു ഞാൻ?

കാലക്കേടിൻ കർക്കിടകം
കനിഞ്ഞേകി യുവകവിപ്പട്ടം
കാവ്യാലാപനവേദിയിൽ
കയറാനർഹനായിതേ!

കാര്യം കാണാൻ കഴുതതൻ
കാലു നാലും പിടിച്ചിടാം
അതിനാലെത്തിനാൻ ചാരെ
കവിപുംഗവ സന്നിധേ.

“നീയോ കവിയശഃപ്രാർത്ഥി
നിർഗുണൻ സാരമേശാത്തോൻ?
വാക്കും പൊരുളുമെന്തെന്ന്
അറിയാത്ത നിരക്ഷരൻ!

ആദ്യംപോയ് അക്ഷരം കൊൾക
അനന്തരം ഭാഷാസിദ്ധി
ഒപ്പം പ്രാർത്ഥിച്ചിടാവൂ നീ
പൊരുളാം ഭാവനയ്ക്കായും

ആർക്കും കയറിക്കൊട്ടാനു-
ള്ളലമ്പൻ ചെണ്ടയോ കാവ്യം?”
ആരാഞ്ഞാൻ മഹാഭാഗൻ
കവിതാകാന്തൻ ‘മഹാകവി!’

കാലിൽ വീണു കേണാൻ ഞാൻ
കരൾ നീറിപ്പിടയ്ക്കവേ,
കവിതാകാമിനിയിൽനിന്നും
ആട്ടിപ്പായിക്കൊലാ ഗുരോ!

കിംഫലം? കവിതാഭൂപൻ
കോപിഷ്ഠൻ കൈവിട്ടെന്നെ
ഓടിച്ചാൻ ബഹുദൂരം മേ
ഒന്നുമേകാതെ നിർദ്ദയം

വീണ്ടും കുടത്തിലേക്കാശു
ഗമിച്ചാൻ ലജ്ജാലു ഞാൻ
ഗ്രഹിച്ചേൻ ശാശ്വതം സത്യം
ഗ്രഹണ, ഗ്രസ്തനാദിത്യൻ പോൽ

കവിതാദേവി സ്വാർത്ഥത്തെ
കൊൾവോർക്കൊപ്പമാണു ഹേ!
ഇതുതാൻ കവിതാസാരം
കയ്പേറുന്ന തത്ത്വവും

ഇതിനൊപ്പം ചരിക്കാത്തോർ-
ക്കെന്തധികാരം വിധിക്കുവാൻ?

---

# കരിമ്പ്



കാർഷികം

ജോഷി മുഞ്ഞനാട്ട്

**പോഷ**കവും ഔഷധവും നിറഞ്ഞതാണ് കരിമ്പ്. വിറ്റാമിനുകൾ, ധാതുക്കൾ എന്നിവയാൽ സമൃദ്ധം. പൊട്ടാസ്യം, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പുസത്ത് തുടങ്ങിയവ കരിമ്പിൽ അടങ്ങിയിരിക്കുന്നു. പോഷകക്കുറവുകൂടാതെ ആരോഗ്യത്തെ സംരക്ഷിക്കാൻ കരിമ്പ് സഹായിക്കുന്നു.

ദാഹത്തിനും ക്ഷീണത്തിനും ഉപകരിക്കുന്ന ഒന്നാണ് കരിമ്പിൻ ജ്യൂസ്. ചുമ, ജലദോഷം, തൊണ്ടവേദന എന്നിവയ്ക്കും കരിമ്പിൻനീര് ഉത്തമം.

വേനൽക്കാലത്ത് ശരീരോഷ്മാവു നിയന്ത്രിക്കാൻ പറ്റിയ ഏറ്റവും നല്ല ഒരു പാനീയമാണ് കരിമ്പിൻജ്യൂസ്. അല്പം കരിമ്പിൻജ്യൂസ് കുടിച്ചാൽത്തന്നെ ശരീരത്തിലെ ജലാംശത്തിന്റെ കുറവു നികത്താനും ഫലപ്രദം.

കരിമ്പിൽ കാൽസ്യം കൂടുതലായി ഉള്ളതിനാൽ പല്ലുകൾക്കും എല്ലുകൾക്കും ഇവ ബലമേകുന്നു. കരിമ്പിൽ പ്രകൃതിദത്തമായി അടങ്ങിയിട്ടുള്ള ആൽക്കലൈനിന് കാൻസർ സുഖപ്പെടുത്താനുള്ള കഴിവുള്ളതായി പറയപ്പെടുന്നു. ഹൃദയത്തിന് കരിമ്പ് ബലമേകുന്നു. വയറ്റിലുള്ള അശുദ്ധിയെ പുറന്തള്ളുന്നു.

കരിമ്പ് ശരീരത്തിന് ശക്തിയും ഉന്മേഷവും നല്കുന്നു. വായിലെ ദുർഗന്ധം അകറ്റാനും ഇവ ഉപകരിക്കും. കരിമ്പിൻനീര് ഛർദ്ദി, പിത്തം എന്നിവയ്ക്കും ഔഷധമായി ഉപയോഗിക്കാറുണ്ട്.

കരിമ്പ് മുറിച്ചെടുത്ത് പുറംഭാഗം നീക്കിയശേഷം ചവച്ചുതുപ്പുന്നത് പല്ലുകൾക്കും മോണകൾക്കും നല്ലതാണ്. കരിമ്പിൻ ചാറ് തിളപ്പിച്ച് ഉണക്കിയാൽ പഞ്ചസാരയായി. എന്നാൽ ഇതിന് പഴുപ്പുനിറമായിരിക്കും. ഇതിൽ രാസവസ്തുക്കൾ ചേർത്ത് വെളുപ്പിച്ച് വിപണിയിൽ എത്തുന്നതാണ് പഞ്ചസാര. വെളുത്ത പഞ്ചസാരയെക്കാൾ പഴുപ്പു പഞ്ചസാരയാണ് കൂടുതൽ ഗുണപ്രദം.

---

# ഡാന്റീസ് കൂനാനിക്കൽ സാക്ഷരതാമിഷൻ ഭരണസമിതിയിൽ



പാലാ: സംസ്ഥാന സാക്ഷരതാമിഷൻ അതോറിട്ടി ഭരണസമിതിയിലേക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പബ്ലിക് റിലേഷൻസ് ഓഫീസറും രാമപുരം മാർ ആഗസ്തീനോസ് കോളജ് ഹിന്ദി അധ്യാപകനുമായ ഡാന്റീസ് കൂനാനിക്കലിനെ സർക്കാർ നാമനിർദേശം ചെയ്തു. കർഷകയൂണിയൻ എം. സംസ്ഥാനജനറൽ സെക്രട്ടറിയായ ഡാന്റീസിനെ കേരള കോൺഗ്രസ് എം പ്രതിനിധിയായി പാർട്ടി ചെയർമാൻ ജോസ് കെ. മാണി നിർദേശിച്ചതിനെത്തുടർന്നാണ് നിയമനം. ഗ്രാമ, ബ്ലോക്ക്, ജില്ലാപ്പഞ്ചായത്ത് ആസൂത്രണസമിതിയംഗം, വിവിധ പഞ്ചായത്തുകളിലെ ജലനിധി ടീം മാനേജർ എന്നിങ്ങനെയും പ്രവർത്തിക്കുന്ന ഡാന്റീസ്, കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി ഡയറക്ടർ ബോർഡംഗംകൂടിയാണ്.

# ജോൺ കച്ചിറമറ്റം ശതാഭിഷേകനിറവിൽ

ഡോ. സെബാസ്റ്റ്യൻ ഐക്കര

ചരിത്രകാരൻ, സമുദായസംഘടനാനേതാവ്, പത്രാധിപർ, മലയോര കർഷകപ്രക്ഷോഭത്തിന്റെ മുന്നണിപ്പോരാളി എന്നീ നിലകളിൽ കേരളസമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ ജോൺ കച്ചിറമറ്റത്തിന് മാർച്ച് പത്തിനു ശതാഭിഷേകം. ഈ ശതാഭിഷേക വർഷത്തിൽ രണ്ടു സുപ്രധാനഗ്രന്ഥങ്ങളുടെ പണിപ്പുരയിലാണ അദ്ദേഹം. ജൂൺ ഒന്നിന് പ്രസിദ്ധീകരിക്കാൻ തയ്യാറാക്കുന്ന പുസ്തകങ്ങളിലൊന്ന് ആയിരം പേജുള്ള 'കത്തോലിക്കാകോൺഗ്രസ് ചരിത്രം' രണ്ടാം ഭാഗമാണ്. 'കേരളസഭാരത്നങ്ങൾ' എന്ന പുസ്തകമാണ് രണ്ടാമത്തേത്. രണ്ടായിരത്തിലധികം പേജുകൾ വരുന്ന ഈ ഗ്രന്ഥം ശ്രീ കച്ചിറമറ്റത്തിന്റെ എഴുപതാമത്തെ പുസ്തകമാണ്.

അടിസ്ഥാനപരമായി അധ്യാപകനായ ശ്രീ ജോൺ കച്ചിറമറ്റം ഭക്തസംഘടനകളിൽക്കൂടിയാണ് പൊതുപ്രവർത്തനരംഗത്തേക്കു പ്രവേശിക്കുന്നത്. കത്തോലിക്കായുവജനസംഘടനയുടെ സ്ഥാപക ജനറൽ സെക്രട്ടറിയായും പിന്നീട് എട്ടു വർഷം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 'കേരള എക്യുമെനിക്കൽ യൂത്ത് മൂവ്മെന്റി'ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും പിന്നീടു പ്രസിഡന്റുമായിരുന്നു. 'അഖിലകേരള കത്തോലിക്കാ കോൺഗ്രസി'ന്റെ ജനറൽ സെക്രട്ടറിയായി 18 വർഷവും പ്രസിഡന്റായി എട്ടുവർഷവും വർക്കിങ് കമ്മിറ്റി മെമ്പറായി 42 വർഷവും പ്രവർത്തിച്ചിട്ടുണ്ട്. 'ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ' സെക്രട്ടറിയായും പിന്നീട് വൈസ് പ്രസിഡന്റായും നാഷണൽ കോർഡിനേറ്ററായി പത്തു വർഷവും അദ്ദേഹം സേവനം ചെയ്തു. 'കേരള കാത്തലിക് ഫെഡറേഷ'ന്റെ പ്രസിഡന്റായി അഞ്ചു വർഷവും 'കേരളക്രിസ്ത്യൻ കാത്തലിക് ആക്ഷൻ കൗൺസിലി'ന്റെ ജനറൽ കൺവീനറായി മൂന്നു വർഷവും അദ്ദേഹം നേതൃത്വം നൽകി. 'കേരള കാത്തലിക് ട്രസ്റ്റ്'ന്റെ ഡയറക്ടർ ബോർഡ് മെമ്പറായി 31 വർഷവും പ്രവർത്തിച്ചിട്ടുണ്ട്.



ഉടുമ്പൻചോല, അമരാവതി, ചുരുളി, കീരിത്തോട്, കൊട്ടിയൂർ, ഗൂഡല്ലൂർ എന്നിവിടങ്ങളിൽ നടന്ന കുടിയിറക്കിനെതിരേ ഉയർന്ന കർഷകസമരത്തിനു ശക്തമായ നേതൃത്വം കൊടുത്തവരിലൊരാളാണ് ജോൺസാർ. മലനാട് കർഷകയൂണിയന്റെ ജനറൽ സെക്രട്ടറി, ഫാ. വടക്കൻ ചെയർമാനായി രൂപീകരിച്ച മലയോര കർഷകഫെഡറേഷൻ വൈസ് പ്രസിഡന്റ് എന്നീ നിലകളിലെല്ലാം കർഷകർക്കു ശക്തമായ നേതൃത്വം കൊടുത്തുകൊണ്ട് കർഷകപ്രക്ഷോഭങ്ങളെ തീവ്രമായ ജീവൽസമരമാക്കി മാറ്റുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1976 ൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ പങ്കെടുപ്പിച്ചു പാലായിൽ നടന്ന 'ദീപിക ലക്ഷം പുഷ്പമേള' ഒരു ചരിത്രസംഭവമായിരുന്നു. മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരേ ഏഴുലക്ഷംപേരെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തു വച്ചു നടന്ന മഹാസമ്മേളനവും റാലിയും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. മാർ കരിയാറ്റിയുടെ മെത്രാഭിഷേകത്തിന്റെ ദ്വിശതാബ്ദിയാഘോഷം രാമപുരത്തുവച്ച് 1983 ൽ നടത്തിയത് സഭയുടെ ചരിത്രത്തിൽ വേറിട്ടുനില്ക്കുന്ന സംഭവമാണ്. രാഷ്ട്രപതി ഗ്യാനി സെയിൽസിങ് ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനവും ജനപങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമായിരുന്നു. 1986 ൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി മുഖ്യാതിഥിയായി പങ്കെടുത്ത ദീപികയുടെ ശതാബ്ദിയാഘോഷങ്ങളുടെയും ജനറൽ കൺവീനർ കച്ചിറമറ്റം സാർ ആയിരുന്നു. സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് 1999 ൽ പാറേമ്മാക്കൽ തോമാക്കത്തനാരുടെ ചരമദ്വിശതാബ്ദിയാഘോഷം, 2014 ൽ പ്രധാനമന്ത്രി മൻമോഹൻസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളത്തു നടത്തിയ എം.എം. ജേക്കബ് ശതാഭിഷേകച്ചടങ്ങ് എന്നിവയുടെയും ജനറൽ കൺവീനർ ജോൺ സാറായിരുന്നു.

കത്തോലിക്കാകോൺഗ്രസ് ബുള്ളറ്റിൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുടങ്ങാതെ 32 വർഷം പ്രസിദ്ധീകരിച്ചു. കൂടാതെ, കേരളസഭാമാസികയുടെ ചീഫ് എഡിറ്ററായി 12 വർഷം പ്രവർത്തിച്ചു.

സീറോ മലബാർ സഭയുടെ ഏറ്റവും ഉന്നതമായ 'സഭാതാരം' അവാർഡ് നല്കി സഭ അദ്ദേഹത്തെ ആദരിച്ചു. മാത്രമല്ല, വിശിഷ്ടമായ 45 ലധികം അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

# പാലാ രൂപതയുടെ ചരിത്രഗ്രന്ഥവും നിയമാവലിയും പുറത്തിറക്കി

പാലാ രൂപതയുടെ കഴിഞ്ഞ എഴുപതു വർഷത്തെ സംഗൃഹീതചരിത്രം പ്രതിപാദിക്കുന്ന 'കൃപയുടെ നാൾവഴികൾ' എന്ന ചരിത്രഗ്രന്ഥവും പാലാ രൂപത നിയമാവലിയും പുറത്തിറക്കി. എഴുപതു വർഷത്തെ രൂപതാചരിത്രത്തിനപ്പുറം നൂറു വർഷം മുമ്പത്തെ പാലായുടെ സാമൂഹികചിത്രവും യഥാതഥമായി വരച്ചുകാട്ടുന്ന ചരിത്രഗ്രന്ഥത്തിൽ 20 നൂറ്റാണ്ടുകൾ പഴക്കമുള്ള മാർത്തോമ്മാനസ്രാണിസഭയെയും രൂപത ഇന്നെത്തിച്ചേർന്നിരിക്കുന്ന സമസ്തമേഖലകളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

പുതുകാനാൻദേശം, ഉത്പത്തി, സഭാപ്രസംഗകൻ, നടപടി, സംഖ്യ, സമാഗമകൂടാരങ്ങൾ എന്നിങ്ങനെ ആറു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന, 1716 പേജുള്ള ഈ ബൃഹദ്ഗ്രന്ഥത്തിന്റെ മുഖവില 2000 രൂപയാണ്. ഇപ്പോൾ 1500 രൂപയ്ക്ക് പാലാ ബിഷപ്സ് ഹൗസിൽ ഗ്രന്ഥം ലഭ്യമാണ്.




രൂപതയിലെ പ്രത്യേക നിയമങ്ങളും നടപടിക്രമങ്ങളും അവയുടെ വിശകലനങ്ങളുമടങ്ങിയ 'പാലാ രൂപത നിയമാവലി' രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും കത്തോലിക്കാസഭയിലെ പൗരസ്ത്യസഭകളുടെ കാനൻനിയമസംഹിതയടക്കമുള്ള എല്ലാ പൊതുനിയമങ്ങളും സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളും പൂർണമായും അംഗീകരിച്ചും സ്വീകരിച്ചും ഇതഃപര്യന്തം രൂപതയിൽ നിലനിന്നിരുന്ന പാരമ്പര്യങ്ങളെ പരിഗണിച്ചുമാണ് തയ്യാറാക്കിയിരിക്കുന്നത്.

# മുത്തശ്ശിമാവ്

സി. ഹരികുമാർ, തോട്ടപ്പള്ളി



കാലങ്ങളേറെയായി
ആ വഴിയോരത്ത്
മുത്തശ്ശിമാവൊന്നു
നില്പതുണ്ട്.
മുത്തശ്ശിതൻ വാക്കു
പോലെ മധുരമാം
മാമ്പഴമെന്നും
തരാറുമുണ്ട്.
പച്ചപ്പനംതത്ത
കൊമ്പത്തിരുന്നിട്ട്
പയ്യാരമോതി
രസിക്കാറുണ്ട്.
വേനലിൽ മാന്തണൽ
തേടും പഥികർക്കു
മാമ്പഴമുണ്ണുവാൻ
നല്കാറുണ്ട്.
ഓണത്തിനൂഞ്ഞാല്
കെട്ടുവാൻ കൊമ്പൊന്ന്
താഴേക്കു ചാഞ്ഞു
വളർന്നിട്ടുണ്ട്.
ബാല്യങ്ങളെത്രയോ
മാഞ്ചോട്ടിലായ്വന്നു
ഓടിത്തിമിർത്തു
കളിച്ചിട്ടുണ്ട്.
മുത്തശ്ശിമാവിനെ
നോവിച്ചിടാതെ നാം
മുത്തശ്ശിയെപ്പോലെ
നോക്കിടേണം.

## വായന

### നോമ്പിന്റെ നീലാകാശം

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. സ്റ്റാഴ്സൺ ജെ. കള്ളിക്കാടൻ |
| പ്രസാധനം | : സെന്റ് പോൾസ്, എറണാകുളം |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 100 രൂപ |

അമ്പതുനോമ്പിന്റെ ഓരോ ദിവസത്തെയും ധ്യാനാത്മകവും വിശുദ്ധവുമാക്കാനുതകുന്ന അമ്പതു ധ്യാനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.



### കുരിശ് പൂക്കുന്ന കാലം

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. ജോർജ് അമ്പഴത്തുങ്കൽ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 120 രൂപ |

ആത്മാവിന്റെ വസന്തത്തിന്റെ വീണ്ടെടുപ്പാണ് നോമ്പ്. പുതിയ ഉൾക്കാഴ്ചയും ഉത്തേജനവും സ്വീകരിക്കുന്ന കാലം. പുഷ്പങ്ങൾ വിരിയുന്ന, ഫലങ്ങൾ കായണയുന്ന കാലം. നോമ്പിന്റെ ഭാവാത്മകമാനം മനസ്സിനു പകരുന്ന മനോഹരങ്ങളായ കുറിപ്പുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.






## അധ്യായം 27

**വൈ**കുന്നേരം ഏഴുമണിക്ക് ഒരു കോൺഫെറൻസിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ കളക്ടർ സലോമിക്ക് ഡോക്ടർ ജെയ്ക്കിന്റെ ഫോൺ വന്നു. അറ്റൻഡ് ചെയ്തിട്ട് സോറി പറഞ്ഞു വച്ചു. ഔദ്യോഗികവസതിയിലെത്തിയ ഉടനെ തിരിച്ചു വിളിച്ചെങ്കിലും മറ്റൊരാളാണ് ജെയ്ക്കിന്റെ ഫോണെടുത്തത്. ഡോക്ടർ ഓപ്പറേഷൻ തീയറ്ററിലാണെന്ന് മറുപടി കിട്ടി. രാത്രി പതിനൊന്നുമണിക്ക് ജെയ്ക്ക് തിരികെവിളിച്ചു.

"കളക്ടർ കിടന്നുറങ്ങിയാരുന്നോ?" ഡോക്ടർ തുടങ്ങിയതങ്ങനെയാണ്.

"ഇല്ല. മിക്കവാറും കിടപ്പ് പന്ത്രണ്ടുമണിയോടെയാണ്. ഓപ്പറേഷൻ നടത്തിയത് സക്സസായോ?"

"സക്സസായി. ഒരാക്സിഡന്റ് കേസായിരുന്നു. കാർട്ടേഴ്സിൽനിന്ന് എന്നെ വിളിച്ചു വരുത്തുകയായിരുന്നു. സലോമിയുടെ കോൺഫെറൻസൊക്കെ എപ്പോൾ കഴിഞ്ഞു?"

"എട്ടരയ്ക്കു തീർന്നു. ഫോണെടുത്തിട്ട് സംസാരിക്കാതെ വച്ചപ്പോ അരിശം തോന്നിയോ?"

"കൊല്ലാനാ തോന്നിയെ. ഒന്നു മിണ്ടാൻ കൊതിയായിട്ടു വിളിച്ചതാ. നമ്മൾക്കൊന്നും ഒരു ജീവിതമില്ല അല്ലേ സലോമീ?"

"മിക്കവാറും താലികെട്ടുന്ന നേരത്തും ഒരു അർജന്റ് കോളെത്തിയെന്നിരിക്കും. തിരക്കിലും പ്രശ്നങ്ങളിലും രസം കണ്ടെത്തിയില്ലെങ്കിൽ ഭ്രാന്തുപിടിക്കും. അകലെനിന്നു നോക്കുന്നവർക്ക് നമ്മള് കളക്ടറും ഡോക്ടറുമൊക്കെ വലിയ സംഭവമാ. അവസ്ഥ നമുക്കല്ലേ അറിയൂ."

"അമ്മ സലോമിയോടൊപ്പമുണ്ടോ?"

"ഉണ്ടല്ലോ. അമ്മയ്ക്ക് ആകെ ടെൻഷനാ. എല്ലാരും നടത്തുന്നതുപോലെ മകളുടെ കല്യാണം നടത്താനുള്ള ചുറ്റുപാടില്ലല്ലോന്നോർത്താ. കുറേ സ്ഥലവും നല്ലൊരു വീടുമൊക്കെ വാങ്ങണമെന്നുണ്ട്. പെട്ടെന്നു സാധിക്കുമോന്നറിയില്ല."

"ധൃതിപിടിച്ചു വീടൊന്നും വാങ്ങിക്കണ്ട സലോമി. ഫങ്ഷനൊക്കെ പള്ളിയിലും ഓഡിറ്റോറിത്തിലും വച്ചല്ലേ. തിരികെ വീട്ടിലൊന്നു ചെല്ലണം. ഇപ്പഴുള്ള വീട് എനിക്ക് ഒരപമാനവുമില്ല."

"അത്... ഒരു സൗകര്യവുമില്ലാത്ത ഒരു കുന്നിൻപുറത്താ ജെയ്ക്ക്. ആളുകൾക്കെത്താൻ ബുദ്ധിമുട്ടാ. വഴിസൗകര്യം തീരെയില്ല. ഡോക്ടറുടെ വീട്ടുകാരും ഫ്രണ്ട്സുമൊക്കെ അതു കണ്ടാൽ... ഓർക്കാൻ വയ്യ."

"പുതിയ വീടും സ്ഥലവുമൊക്കെ വാങ്ങി വരുമ്പോഴേക്കും ഒത്തിരി താമസിക്കും."

"ഇത്തിരി താമസിച്ചാലെന്താ.'എന്നെക്കെട്ടാൻ അത്രയ്ക്കു ധൃതിയാണോ?"

"അതെ. ഒരു കാര്യം തീരുമാനിച്ചാൽ പിന്നെയത് ഒത്തിരി നീട്ടുക്കൊണ്ടുപോകുന്നതു ശരിയല്ല. പിന്നെ... എങ്ങനെയുണ്ട് സലോമീടെ പ്രൊഫഷൻ? ത്രില്ലിങ്ങാണോ? ബോറിങ്ങാണോ?"

"എനിക്കിഷ്ടമാ. മനസ്സുവച്ചാൽ ഒത്തിരി നല്ല കാര്യങ്ങൾ ആളുകൾക്കു ചെയ്യാൻ കഴിയും. അകാരണമായി കെട്ടിവച്ചിരിക്കുന്ന പല ഫയലുകളിലും തീർപ്പുണ്ടാക്കാൻ പറ്റും. നാളെത്തന്നെ മുപ്പതു പാവപ്പെട്ട കർഷകർക്ക് പട്ടയം കൊടുക്കുകയാ. വർഷങ്ങളായി അതു സംഘടിപ്പിക്കാൻ ഓഫീസുകൾ കയറിയിറങ്ങി മടുത്തവർക്കാ കിട്ടുന്നത്. അതൊക്കെ മനസ്സിന് സന്തോഷം തരും."

"എന്റെ പ്രൊഫഷനിലും അങ്ങനെ ചിലതുണ്ട്. സങ്കീർണ്ണമായ ചില ഓപ്പറേഷനുകൾ വിജയിപ്പിക്കുമ്പോൾ, നഷ്ടപ്പെട്ടേക്കാവുന്ന ജീവനുകൾ തിരിച്ചുപിടിക്കുമ്പോൾ ബന്ധുക്കളും പ്രിയപ്പെട്ടവരുമൊക്കെ എന്തോ, ദൈവത്തെപ്പോലെയാ ഡോക്ടറെ കാണുന്നെ."

"നമ്മൾ രണ്ടു തിരക്കുള്ളവർ ഒരുമിച്ചുകഴിയുമ്പോൾ എന്താകുമോ? പേടി തോന്നുന്നു."

"സ്നേഹം നഷ്ടപ്പെടുത്താതിരുന്നാൽ ഒരു പ്രശ്നവുമുണ്ടാവില്ല. ഈഗോയും പാടില്ല."

"എനിക്കൊരിക്കലും ഈഗോയുണ്ടാവില്ല ജെയ്ക്ക്. ഞാനിങ്ങനെ ആയത് എന്റെ കഴിവുകൊണ്ടല്ലെന്ന് എപ്പഴും ചിന്തയുണ്ട്. അത് പലരുടെ സഹായവും ദൈവത്തിന്റെ നിശ്ചയവും കൊണ്ടാ. എന്നും, ഒത്തിരി വയസ്സാകുമ്പഴും ജെയ്ക്ക് എന്നെ സ്നേഹിക്കുമോ?"

"എന്റെ സ്വന്തമാകട്ടെ, സലോമിയെ സ്നേഹിച്ചു കൊല്ലും ഞാൻ."

"അയ്യോ... വർത്താനം തുടങ്ങീട്ട് നേരം ഒത്തിരിയായി. വയ്ക്കട്ടെ."

"എന്തിനാ നിർത്തുന്നെ. ഇപ്പഴൊക്കെയല്ലേ ഒന്നു മിണ്ടാൻ പറ്റൂ."



"ജെയ്ക്ക്, അമ്മ ഞാൻ ചെല്ലാൻ ഉറങ്ങാതെ കാത്തിരിക്കുകാ. ഗുഡ്നൈറ്റ്."

"ഗുഡ്നൈറ്റ് സലോമീ" ഡോക്ടർ ജെയ്ക്ക് ഫോൺ കട്ടാക്കി.

അമ്മയോടൊപ്പമാണ് സലോമി ഉറങ്ങാൻ കിടന്നത്. സെലീന അവളെ കെട്ടിപ്പിടിച്ച് സ്നേഹപൂർവം നെറുകയിൽ ഉമ്മ കൊടുത്തു.

"മോളേ, നിന്നെ ഞാനാ പ്രസവിച്ചതെങ്കിലും വളർത്തിയതും പഠിപ്പിച്ചതും ഇന്നത്തെ നിലയിലെത്തിച്ചതും കരോളിനമ്മയാ. ജീവിതത്തിൽ അതൊരിക്കലും മറക്കരുത്. മറ്റുള്ളവരെപ്പോലെ ഒരു കുടുംബജീവിതം എനിക്കുണ്ടായിട്ടില്ല. എന്നും കഷ്ടപ്പാടും ഇടിയും തൊഴിയും തെറിവിളിയുമാ കിട്ടിയത്. എന്റെ മകള് സന്തോഷത്തോടെ ജീവിക്കുന്നതു കണ്ടിട്ട് മരിക്കണോന്നേ ആഗ്രഹമുള്ളൂ. കണ്ടിട്ടും മിണ്ടിയിട്ടും ജെയ്ക്ക് ഒരു നല്ലവനാണെന്നാ തോന്നിയെ."

"നല്ലയാളാ. അമ്മേ. അതുകൊണ്ടല്ലേ നമ്മുടെ പാവം പിടിച്ച വീട്ടിൽ വച്ച് നടത്തിയാലും മതിയെന്നു പറഞ്ഞത്." സലോമി പറഞ്ഞു.

"അവനങ്ങനെ പറഞ്ഞാലും നമ്മൾക്കു പുതിയ വീടു വാങ്ങിക്കണം. ലോണെടുത്ത് രൂപയുണ്ടാക്കമെന്നല്ലേ നീ പറഞ്ഞത്."

"അതെ. കുറച്ചു താമസം വരും."

"കല്യാണം ഇടവകപ്പള്ളീൽ വച്ചുതന്നെ നടത്തണം. നാട്ടുകാരെയും ബന്ധുക്കളെയും മുഴുവൻ ക്ഷണിക്കണം. മഠത്തിലുള്ളവർക്കു ഭക്ഷണം എത്തിച്ചുകൊടുക്കാം."

"ക്ഷണിക്കാനൊന്നും എനിക്കു സമയം കിട്ടില്ലല്ലോ അമ്മേ?"

"അതു സാരമില്ല. ഞാനെല്ലാവരെയും വീട്ടിൽ ചെന്നു വിളിച്ചോളാം. എനിക്കതൊരു ബുദ്ധിമുട്ടല്ല. സന്തോഷമാ."

സെലീന പിന്നെ പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ രണ്ടാളും ഉറങ്ങി.

ഗ്രാമപ്രദേശത്തെ വില്ലേജ് ആഫീസിലായിരുന്നു, പട്ടയവിതരണപരിപാടി സംഘടിപ്പിച്ചിരുന്നത്. ആദ്യം റവന്യൂ മന്ത്രി വരുമെന്നറിയിച്ചിരുന്നെങ്കിലും പിന്നീട് അടിയന്തരമന്ത്രിസഭായോഗം വന്നതിനാൽ അദ്ദേഹം പ്രോഗ്രാം കാൻസൽ ചെയ്തു.

കൃത്യം പതിനൊന്നുമണിക്കുതന്നെ കളക്ടർ സലോമി പട്ടയവിതരണസ്ഥലത്തെത്തി. ഇന്റലിജൻസിന്റെ റിപ്പോർട്ടുള്ളതിനാൽ സെക്യൂരിറ്റിയായ ഗൺമാനും കളക്ടറെ അനുഗമിച്ചിരുന്നു. തഹസീൽദാർ ശിവൻപിള്ള സ്വാഗതം ആശംസിച്ചു. അതിനുശേഷം സലോമി ലഘുപ്രസംഗം നടത്തി. പട്ടയം ഏറ്റുവാങ്ങാനുള്ളവർ വില്ലേജ് ആഫീസിന്റെ മുറ്റത്ത് നിരയായി നില്ക്കുകയായിരുന്നു.

ഏറ്റവും പിന്നിലായി വേദിയിലുള്ളവരുടെ ചലനംപോലും നിരീക്ഷിച്ച് ഒരാൾ നില്ക്കുന്നു: രമണി ഷാജി! അവന്റെ കണ്ണുകൾ വന്യമായി തിളങ്ങി. എങ്ങനെ ലക്ഷ്യം കാണും? തല പുകയുകയായിരുന്നു. ആരും അവനെ തിരിച്ചറിഞ്ഞില്ല. സംശയിച്ചില്ല. പട്ടയം ഏറ്റുവാങ്ങാനെത്തിയ ഏതോ ഒരുവൻ എന്നു മാത്രം കരുതി. അവന്റെ മുമ്പിലുണ്ടായിരുന്ന ഇരുപതുപേരും പട്ടയം വാങ്ങി, കളക്ടറെ വണങ്ങി തിരികെപ്പോയി. ഇടിമിന്നൽപോലൊരു നീക്കം ഷാജിയിൽനിന്നുണ്ടായി.. നിവർത്തിപ്പിടിച്ച കഠാരയുമായി അവൻ മുമ്പോട്ടു കുതിച്ചു. ഗൺമാൻ അതു കണ്ടു. നിമിഷനേരംകൊണ്ട് റിവോൾവർ കൈയിലെടുത്ത് അവനു നേരേ ചൂണ്ടി. ഷാജി നിന്നു.

"സ്റ്റോപ്പ്! സ്റ്റോപ്പ്! സറണ്ടർ... സറണ്ടർ" ഗൺമാൻ അലറിപ്പറഞ്ഞു. രമണിഷാജി കയ്യുയർത്തിയില്ല. കീഴടങ്ങാൻ മനസ്സില്ലെന്ന മട്ടിൽ മുരണ്ടു. നാലടിയകലെ തനിക്കുനേരേ കത്തി ചൂണ്ടി വിറഞ്ഞു നില്ക്കുന്ന ആറടി പൊക്കക്കാരനെ സലോമി അതിശയത്തോടെ നോക്കി. തന്റെ അപ്പൻ, കാലൻ മാത്തന്റെ തനിരൂപം! ആരാണിത്? അപ്പന്റെ പ്രേതമോ? ബാലിശമാണ് ആ വിചാരം. മറ്റൊരു സംശയംകൂടി മനസ്സിലുദിച്ചു. ഞാനറിയാത്ത, കാണാത്ത, തന്റെ സഹോദരനോ? അടുത്ത നിമിഷം എന്തേലും സംഭവിക്കാം.

സലോമിക്കൊരു വിറയലുണ്ടായി.

"ഹേ മിസ്റ്റർ.. കീഴടങ്ങിയില്ലെങ്കിൽ ഷൂട്ട് ചെയ്യും ഞാൻ." സെക്യൂരിറ്റി പോലീസുകാരൻ അലറിപ്പറഞ്ഞു. രമണി ഷാജി കീഴടങ്ങാനുള്ള ഭാവമില്ല. തക്കം നോക്കി കുതിച്ചു കയറാൻ തയ്യാറെടുക്കുകയാണവൻ! അടുത്തനിമിഷം അവൻ മുമ്പോട്ടാഞ്ഞു. ഗൺമാൻ റിവോൾവറിന്റെ ട്രിഗറമർത്താൻ ഭാവിക്കുന്ന കണ്ട് മുന്നോട്ടു കയറിയ സലോമി അതു തടയാൻ ശ്രമിച്ചപ്പോഴേക്കും വെടിയുതിർന്നു. നെഞ്ചിൽ വെടിയേറ്റ അവൾ കുഴഞ്ഞുപിടഞ്ഞ്, നിലത്തേക്കു വീണു.

*(തുടരും)*

# ഒരു കൊവിഡ് പീഡാനുഭവചരിത്രം



ഡോ. തോമസ് മുലയിൽ

കേരളം എന്നും എല്ലാ കാര്യങ്ങളിലും ഒന്നാംസ്ഥാനത്താണല്ലോ. കൊവിഡിന്റെ കാര്യത്തിലും അങ്ങനെതന്നെ. ഏറ്റവും കുറവു രോഗബാധിതർ കേരളത്തിലായിരുന്നു; മരണനിരക്കിലും മാറ്റമില്ലായിരുന്നു. പക്ഷേ, ഇന്നിപ്പോൾ നേരേ മറിച്ചായിരിക്കുന്നു. ഒന്നാംസ്ഥാനം നമ്മൾ നിലനിർത്തുന്നു! ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൊവിഡ് രോഗികൾ ഉള്ളതു കേരളത്തിലാണ്. മരിക്കുന്നവരുടെ എണ്ണത്തിലും മുമ്പിൽത്തന്നെ.

കൊവിഡ് ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇംഗ്ലീഷിലും ഹിന്ദിയിലും മലയാളത്തിലും മൊബൈലിൽ കേൾക്കാൻ തുടങ്ങിയിട്ട് വർഷം ഒന്നാകുന്നു. മാസ്ക് ധരിക്കുക, ആറടി അകലം പാലിക്കുക, കൈ കഴുകുക, കൈത്തൂവാല കൊണ്ടുനടക്കുക, അതോടൊപ്പം, പനി, ചുമ, ശ്വാസംമുട്ടൽ എന്നിവയാണ് കൊവിഡിന്റെ ലക്ഷണങ്ങളെന്നും. പഴയ നാട്ടുവൈദ്യന്മാരുടെ ഒറ്റമൂലിപോലെ ഫലപ്രദമായിട്ടാണ് അറിയിപ്പുവരുന്നത്. മൊബൈലിൽ പറയുന്നതുപോലെ ചെയ്താൽ കൊവിഡ് വരില്ല; അഥവാ വന്നാൽത്തന്നെ പൂർണമായി അതങ്ങു മാറിക്കോളുംപോലും! എത്ര പേർക്ക് കൊവിഡ് പിടിച്ചെന്നും എത്ര പേർ മരിച്ചെന്നും എത്രപേർ രോഗമുക്തരായെന്നും മെഡിക്കൽ ബുള്ളറ്റിൻ എല്ലാ ദിവസവും വന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ സർക്കാർനടപടികൾ വലിയ നേട്ടമാണെന്നു ഭരണകർത്താക്കളും കോട്ടമാണെന്ന് എതിർപക്ഷവും പറയുന്നു; ചർച്ചയും തർക്കവുമൊക്കെ നന്നായി നടന്നുകൊണ്ടിരിക്കുന്നു.

കൊവിഡ് വന്നു കഷ്ടപ്പെടുന്നവരുടെ അവസ്ഥ ആരറിയുന്നു? കൊവിഡ് വന്ന് അതിന്റെ ദുരന്തം ശരിക്കുമനുഭവിച്ചു രോഗവിമുക്തി നേടിയ അനുഭവത്തിൽനിന്നാണ് ഇതെഴുതുന്നത്. മൊബൈലിൽ പറയുന്ന രോഗലക്ഷണങ്ങളൊന്നും എനിക്കനുഭവപ്പെട്ടില്ല: 'പനി, ചുമ, ശ്വാസംമുട്ടൽ'; വിശപ്പില്ലായ്മയും ക്ഷീണവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സർക്കാരിന്റെ അറിയിപ്പായതിനാലും ഇവ മൂന്നുമില്ലാതിരുന്നതുകൊണ്ടു വൈകിയാണു ടെസ്റ്റിനു വിധേയനായത്. ആശുപത്രിയിൽ വന്നപ്പോഴാണ് കൊവിഡ് രോഗികളുടെ കഷ്ടപ്പാടും സഹനവും മനസ്സിലായത്. മൊബൈലിൽ പറയുന്ന ശ്വാസതടസമുള്ള രോഗികൾ സഹിക്കുന്നതു കണ്ടു നില്ക്കാൻപോലും ഭയം തോന്നിപ്പോകും! അപ്പോൾ സഹിക്കുന്ന രോഗിയുടെ അവസ്ഥ എന്തായിരിക്കും? പറഞ്ഞു മനസ്സിലാക്കാൻ വാക്കുകൾ അപര്യാപ്തം. നെഗറ്റീവായാലും പാർശ്വഫലങ്ങൾ വളരെയാണ്. അവ ദിവസങ്ങളും മാസങ്ങളുംതന്നെ നീണ്ടുനില്ക്കുന്നു. മരിക്കുന്ന രോഗികൾ എന്തുമാത്രം സഹിച്ചിട്ടാണു ജീവൻ പിരിയുന്നത്...!

ചികിത്സയും പരിചരണവും കിട്ടാത്ത രോഗികളുടെ അവസ്ഥ എത്രയോ കഠിനം? സർക്കാർ ആശുപത്രികൾ നിറഞ്ഞുകവിഞ്ഞു. പ്രൈവറ്റാശുപത്രികളുടെയും സ്ഥിതി മറിച്ചല്ല. മറ്റു രോഗികളുടെ ചികിത്സയും നടക്കണ്ടേ? പണമില്ലാതെ അഷ്ടിക്കുവേണ്ടി കഷ്ടപ്പെടുന്നവർക്ക് ഈ മാരകരോഗം പിടിപെട്ടാലുള്ള അവസ്ഥ എത്രയോ ദയനീയം!

ഇതോടു ചേർന്നു ചിന്തിക്കേണ്ട കാര്യമാണ് ചികിത്സിക്കുന്ന ഡോക്ടർമാരുടെയും പരിചരിക്കുന്ന നഴ്സുമാരുടെയും സ്ഥിതി. അക്ഷരാർത്ഥത്തിൽ ജീവനെടുത്തു കൈയിൽ പിടിച്ചുകൊണ്ടുള്ള ജോലിയാണിത്. കൊവിഡ് ബാധിച്ച രോഗിയുടെ അടുത്തുപോകുന്ന ഡോക്ടറാകട്ടെ, നഴ്സാകട്ടെ കണ്ണൊഴികെ പാദംപോലും മൂടിക്കെട്ടിയാണു പോകുന്നത്. രാപകലില്ലാതെ, വിശ്രമമില്ലാതെ സേവനം ചെയ്യുന്ന അവരുടെ ക്ലേശം വിശദീകരിക്കാനാവുന്നില്ല. ഭക്ഷണം കഴിക്കാൻപോലും സമയം കിട്ടാത്ത ജോലി. എന്നെ പരിചരിച്ച ഒരു നേഴ്സിനോടു ഞാൻ ചോദിച്ചു, 'കൊച്ച് വല്ലതും കഴിച്ചോ?'' (സമയം മൂന്നുമണിയായി) "രാവിലെ ഒരു മുട്ട കഴിച്ചു," അതായിരുന്നു മറുപടി. "ഊണോ?" ഞാൻ ചോദിച്ചു. നാലുമണി നേരമായിരിക്കും! ഇത്രയും പറഞ്ഞുതീർന്നപ്പോഴേക്കും അടുത്ത രോഗി വിളിച്ചു. ഉടനെ അങ്ങോട്ടോടി. ഡോക്ടർമാരുടെ സ്ഥിതിയും മറിച്ചല്ല.

ഈ കുറിപ്പുകൊണ്ടൊന്നും കഷ്ടപ്പെട്ടു ജോലി ചെയ്യുന്ന ഡോക്ടറുടെയോ നഴ്സിന്റെയോ അനുഭവം പ്രകടമാക്കാനാവില്ല. ഒരു മണിക്കൂറോ ഒരു ദിവസമോ ആഴ്ചയോ അല്ല, മാസങ്ങളായിരിക്കുന്നു ഈ മനുഷ്യസ്നേഹികൾ ഇങ്ങനെ ക്ലേശിക്കാൻ തുടങ്ങിയിട്ട്. എന്തെങ്കിലും വീഴ്ച എവിടെയെങ്കിലും സംഭവിച്ചാൽ...!



ഒരു കാര്യം വ്യക്തം, മനുഷ്യന്റെ ബുദ്ധിക്കും ശക്തിക്കും പരിധിയും പരിമിതിയുമുണ്ട്. വൈദ്യശാസ്ത്രത്തിനും പരിമിതിയുണ്ട്. എല്ലാം കൈപ്പിടിയിലാക്കാൻ ശാസ്ത്രത്തിനു കഴിയുമെന്ന മിഥ്യാധാരണയിലാണ് ശാസ്ത്രലോകം. പക്ഷേ, കൊവിഡിന്റെ കാര്യത്തിൽ വൻശക്തികൾപോലും പരാജയം സമ്മതിച്ചിരിക്കുന്നു. കൊവിഡ് ചികിത്സയ്ക്കു വിധേയനായപ്പോൾ കൊവിഡ് രോഗാണുവിനെ നശിപ്പിക്കാനുള്ള മരുന്നൊന്നും ഡോക്ടർമാർ നിർദേശിച്ചില്ല; മറിച്ച്, പ്രതിരോധിക്കാനുള്ള മരുന്നുകൾ മാത്രമാണു നല്കിയത്. പലരും സ്വയം ക്വാറന്റൈനിൽ പോയി ഒരു മരുന്നും കഴിക്കാതെ പനി വന്നാൽ, പാരസെറ്റമോൾ കഴിച്ചു സുഖപ്പെട്ടതായി അറിയാം. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന വാക്സിൻപോലും പൂർണമായും ഫലപ്രദമെന്നു പറയാറായിട്ടില്ല. പാർശ്വഫലങ്ങൾ പ്രവചനാതീതമെന്നും പറയുന്നുണ്ട്.

അതുകൊണ്ട്, നമ്മുടെ പരിമിതികളെ അംഗീകരിച്ചുകൊണ്ട് ദൈവത്തിൽ ആശ്രയിക്കുക. ഇതു പറയുമ്പോൾ പുച്ഛിക്കുന്നവരും ഉണ്ടെന്നറിയാം. എങ്കിലും അനുഭവസാക്ഷ്യം, എന്നെ സംബന്ധിച്ചിടത്തോളം ദൈവം എന്നെ സുഖപ്പെടുത്തി എന്നാണ്. അങ്ങനെ വിശ്വസിക്കുന്ന ഈശ്വരവിശ്വാസികൾ അനവധിയാണ്. ബൈബിളിൽ യേശു പ്രവർത്തിച്ച അദ്ഭുതരോഗശാന്തികളുടെ നീണ്ടനിര നമുക്കു കാണാൻ സാധിക്കും. ഈ മഹാമാരിക്കു പരിഹാരം കാണുവാൻ യേശുവിനു കഴിയും. ഉണർന്നു പ്രാർത്ഥിക്കാം, തുടർന്നും പ്രാർത്ഥിക്കാം.

ഹൈന്ദവ – മുസ്ലീം മത വിഭാഗത്തിൽപ്പെട്ട എന്റെ സുഹൃത്തുക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അങ്ങനെ, ഒട്ടേറെ പേരുടെ പ്രാർത്ഥന എനിക്കു ലഭിച്ചു. അവരെയെല്ലാം നന്ദിപൂർവ്വം ഓർമിക്കുന്നു.

□

പ്രണയപാഠാവലി (73)



ഡോ. ആന്റണി ജോസ്

# പരിദേവനമേ ശരണം!

ഇത്തരം പ്രകൃതക്കാർ പ്രസന്നരായി കാണപ്പെടുക എന്നതുതന്നെ അപൂർവമാണ്. എപ്പോഴും വേവലാതിയും വ്യഥയുമായിട്ടാണു നടപ്പ്. സങ്കടപ്പെടാൻ എന്തെങ്കിലും ഒരു കാരണം തിരഞ്ഞുകൊണ്ടിരിക്കുകയാണെന്നു തോന്നും. ഫലമോ? ഉത്കണ്ഠയും വിഷാദവും!

വളരെ ഉയർന്ന സംവേദനക്ഷമതയുള്ളവരാണ് ഇക്കൂട്ടർ. നിസാരകാര്യങ്ങൾപോലും വലിയ പ്രതിഫലനങ്ങൾ ഉണ്ടാക്കാം. അതുകൊണ്ടാണ് മിക്കപ്പോഴും ടെൻഷനടിച്ചു കാണുന്നത്. ചെറിയ ചെറിയ സമ്മർദങ്ങളെ അതിജീവിക്കാൻ വലിയ ശ്രമം നടത്തേണ്ടിവരുന്നു.

കോപം, ഉത്കണ്ഠ, നിരാശ, വിഷാദം, അപകർഷത തുടങ്ങിയ നിഷേധാത്മകവികാരങ്ങൾ, മഴ കാത്തിരിക്കുന്ന വിത്തുപോലെയാണെന്നു പറയാം. പ്രശ്നങ്ങളുടെ ചെറിയൊരു ചാറ്റൽമഴ... അതുമതി വലിയ കോളിളക്കങ്ങൾ ശാഖ വിരിക്കാൻ.

സമാധാനമുള്ള അന്തരീക്ഷത്തിൽപ്പോലും, അപകടം പതിയിരുപ്പുണ്ടെന്ന് ഇവർ കണക്കുകൂട്ടുന്നു. കൊച്ചുകൊച്ചു പരാജയങ്ങളെ, ഇനി പ്രതീക്ഷയില്ലാത്തവിധം അറംപറ്റിയ ദുരന്തങ്ങളായിക്കാണുന്നു. ദമ്പതിമാരിൽ ഒരാൾ പരിദേവനപ്രകൃതമുള്ളയാളാണെന്നിരിക്കട്ടെ, പങ്കാളിയുടെ ജീവിതം വിഷാദധൂമിലമായ താഴ്‌വരപോലെയാകാനാണു സാധ്യത. തന്റെ ജീവിതപങ്കാളി അരക്ഷിതാവസ്ഥയിലും അശാന്തിയിലും കഴിയുന്നത് എപ്പോഴും കാണേണ്ട ദുർഗതി... പങ്കാളിയെന്ന നിലയിൽ ആ ദുരവസ്ഥയുടെ ഒരു വിഹിതം ഏറ്റുവാങ്ങേണ്ടിയും വരും. അംഗീകാരം, കരുതൽ, സാമീപ്യം ഇതെല്ലാം വെറും മരീചികയാകും.

മുദ്രിതവ്യക്തിത്വങ്ങളിൽ ഒട്ടും സ്വീകാര്യമല്ലാത്ത ഒന്നാണിതെന്നു കരുതാം. മറ്റുള്ളവ നാലും ആ വ്യക്തിക്കെങ്കിലും ചില മെച്ചങ്ങൾ ഉണ്ടാക്കിക്കൊടുത്തെന്നിരിക്കും. മറ്റുള്ളവർ സഹിച്ചിട്ടാണെങ്കിലും പരിദേവനക്കാർ സ്വയം ഒരു ദുരന്തമായിട്ടാണു മാറുക.

# ജന്മദിനം

കഥ

മിനി സുരേഷ്

നഗരത്തിലെ തുണിക്കടയിൽനിന്ന് ഒത്തിരി വിലയുള്ളതല്ലാത്ത സാരി തിരഞ്ഞെടുക്കുമ്പോഴും, ഓഫീസിനടുത്തുള്ള ബേക്കറിയിൽനിന്ന് ഒരു കപ്പ് ഐസ്ക്രീം വാങ്ങിക്കഴിച്ച്, മകനും ഭർത്താവിനുംവേണ്ടി പലഹാരപ്പൊതികളുമായി പുറത്തിറങ്ങുമ്പോഴും അവളുടെ മനസ്സ് കൊച്ചുകുട്ടിയെപ്പോലെ സന്തോഷംകൊണ്ട് തുള്ളിച്ചാടുകയായിരുന്നു.

എല്ലാ വർഷവും അവളിങ്ങനെയാണ് ജന്മദിനം ആഘോഷിക്കുന്നത്. ആരുമറിയാത്തൊരു സന്തോഷം. ഒറ്റമോളായിരുന്ന അവളുടെ ജന്മദിനം അച്ഛനും അമ്മയും ഒരു ഉൽസവംപോലെ ആഘോഷമാക്കിയിരുന്നു. പട്ടുപാവാടയൊക്കെയിട്ട് അച്ഛന്റെയും അമ്മയുടെയും ഒപ്പം അമ്പലത്തിൽ പോയതൊക്കെ അവളോർത്തു. ഇന്നാണെങ്കിൽ രാവിലെ അടുക്കളജോലിയൊക്കെ ത്തീർന്ന് കുളിച്ചുവന്നപ്പോൾ നേരം വൈകി. അച്ഛനും അമ്മയും മരിച്ചുപോയതിനാൽ ജന്മദിനാശംസകൾ നേരാൻ ആരുമില്ല.

ഭർത്താവ് അവളുടെ ജന്മദിനമൊന്നും ഓർക്കാറില്ല. അവൾക്കതിൽ പരിഭവവുമില്ല. ഒരു പോലീസ് കോൺസ്റ്റബിളിന്റെ തിരക്കുകളെക്കുറിച്ചും, കഷ്ടപ്പാടുകളെക്കുറിച്ചും അവൾക്കു നന്നായറിയാം. ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്ന മക്കളുടെ കുസൃതികളെക്കുറിച്ചോ, അമ്മായിയമ്മയുടെ കൊള്ളിവാക്കുകളെക്കുറിച്ചോ അവളൊരു പരാതിയും പറയാറില്ല. വീട്ടുജോലികളും ഓഫീസ്കാര്യങ്ങളുമായി നടക്കുന്ന പാവം പെണ്ണ്.

വീട്ടിന്റെ ഗേറ്റ് കടന്നതും അവൾ അദ്ഭുതപ്പെട്ടു. പോർച്ചിൽ ഭർത്താവിന്റെ സ്കൂട്ടറിരിക്കുന്നു. ഇന്നെന്താണാവോ നേരത്തേ വന്നത്? ചായ കുടിച്ചു കാണുമോ എന്തോ?

കടയിലൊക്കെ കയറിയതിനാൽ താമസിച്ചു. ഉമ്മറത്ത് കുട്ടികളെയും കാണുന്നില്ലല്ലോ. ചാരിക്കിടന്നിരുന്ന വാതിൽ തള്ളിത്തുറന്നതും അവളമ്പരന്നുപോയി. നിറയെ ബലൂണുകളും തോരണങ്ങളും. 'ഹാപ്പി ബർത്ത്ഡേ അമ്മാ.' മക്കൾ ഓടിവന്നു കെട്ടിപ്പിടിച്ചു. 'പ്രിയതമയ്ക്കൊരു സാരി.' സമ്മാനപ്പൊതിയുമായി നിൽക്കുന്ന ഭർത്താവിനെ നോക്കി അവൾ ചോദിക്കാനൊരുങ്ങി: 'ചേട്ടൻ എങ്ങനെ...'

"മോനുവല്ലേ നിന്റെ ഫേസ്ബുക്ക് ഒക്കെ റെഡിയാക്കിത്തന്നത്. എന്റെ തിരക്കിനിടയ്ക്ക് ഞാൻ ഓർക്കാറില്ല, നീയൊട്ടു പരിഭവം പറയാറുമില്ല."

"അമ്മേ, വാ കേക്കുമുറിക്കാം, അമ്മൂമ്മ നല്ല പായസമുണ്ടാക്കിയിട്ടുണ്ട്."

"അല്ലാ... അമ്മ ഇന്നു പോരൊക്കെ മാറ്റിവച്ചോ.." ഭർത്താവ് അമ്മയെ കളിയാക്കുന്നതുകേട്ട് അവൾക്കു ചിരിവന്നു. താൻ ഒന്നും പറഞ്ഞില്ലെങ്കിലും എല്ലാം അദ്ദേഹം മനസ്സിലാക്കുന്നുണ്ടായിരുന്നു.

പൊട്ടിച്ചിരികളുടെ മുത്തുകൾ ചിതറുന്നതിനിടെ മക്കളെ ചേർത്തുപിടിച്ചുകൊണ്ട് കേക്കുമുറിക്കുമ്പോൾ അവളുടെ ഹൃദയത്തിൽ സന്തോഷം തിരതല്ലുകയായിരുന്നു.

□

# പത്മശ്രീയെക്കാൾ ഉയരത്തിലൊരാൾ





വത്സല നിലമ്പൂർ

പ്രശസ്തനായ സമുദ്രഗവേഷകനും കൃഷിശാസ്ത്രജ്ഞനുമാണ് അലി മാണിക് ഫാൻ. ബഹുഭാഷാപണ്ഡിതൻ, കപ്പൽനിർമാതാവ് എന്നീ നിലകളിലും പ്രശസ്തൻ. മൂസ മാണിക്ഫാന്റെയും ഫാത്തിമ മാണിക്കയുടെയും മകനായി മിനിക്കോയ് ദ്വീപിൽ 1938 മാർച്ച് 16 നാണ് ജനനം.

ദ്വീപിൽ വിദ്യാഭ്യാസസൗകര്യങ്ങൾ കുറവായതിനാൽ പിതാവ് അലി മാണിക്ഫാനെ കണ്ണൂരിലേക്ക് ഔപചാരികവിദ്യഭ്യാസത്തിനായി അയച്ചു. അഞ്ചാംക്ലാസുവരെ ഹോംട്യൂഷൻവഴി പഠിച്ച് ആറാംക്ലാസിലേക്ക് പാഠശാലയിൽ കയറിച്ചെന്ന കൊച്ചുമാണിക്ഫാൻ പതിയെ തിരിച്ചറിഞ്ഞു, താൻ എന്തു പഠിക്കണമെന്നാഗ്രഹിക്കുന്നുവോ അത് പാഠശാലയിൽനിന്ന് ഒരിക്കലും ലഭിക്കുകയില്ല.

വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തേക്കു സ്വതന്ത്രമായി വിടണം. ഒരു കാര്യം പഠിക്കാൻ മനസ്സുണ്ടെങ്കിൽ എന്തും പഠിച്ചെടുക്കാം. സ്കൂൾ വിദ്യാഭ്യാസകാലത്ത് കുട്ടികൾക്കു താത്പര്യമില്ലാത്ത കാര്യങ്ങൾ പഠിച്ച് സമയം നഷ്ടപ്പെടുത്തുകയാണെന്ന് മാണിക് ഫാൻ അഭിപ്രായപ്പെടുന്നു. "കുട്ടികൾക്ക് അവരുടെ കുട്ടിക്കാലം പിന്നിട്ടുപോയാൽ പിന്നെ തീവ്രമായ ജിജ്ഞാസ ജീവിതത്തിലൊരിക്കലും ഉണ്ടാവില്ല. അതുകൊണ്ട് ചെറുപ്പത്തിലേ അവർക്കു താത്പര്യമുള്ളതും സമൂഹത്തിനു ഗുണപരവുമായ മേഖലകളിലേക്കു തിരിച്ചുവിടാൻ വിദ്യാഭ്യാസംകൊണ്ട് സാധിക്കണം." അദ്ദേഹം തുടർന്നു.

എട്ടാം ക്ലാസിൽവച്ച് പഠനം നിർത്തി സ്കൂൾ വിട്ടിറങ്ങിപ്പോയ ആ ബാലൻ, ഇതാ പത്മശ്രീ പദത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

ഔപചാരികവിദ്യാഭ്യാസം പൂർത്തിയാക്കാതെ, ഡിഗ്രികൾ സ്വന്തമാക്കാതെ, മാതൃഭാഷയായ ദിവേഹിക്കുപുറമേ ഇംഗ്ലീഷ്, ഹിന്ദി, മലയാളം, അറബിക്, ലാറ്റിൻ, ഫ്രഞ്ച്, പേർഷ്യൻ, സംസ്കൃതം തുടങ്ങി പതിനഞ്ചോളം ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. തുടർന്ന് സമുദ്രജീവിശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, സാമൂഹ്യശാസ്ത്രം, കപ്പൽനിർമാണം തുടങ്ങിയ വിഷയങ്ങളിൽ അറിവു സമ്പാദിക്കുന്നതിൽ അദ്ദേഹം സമയം കണ്ടെത്തി. 1956ൽ അധ്യാപകനായും തുടർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ചീഫ് സിവിൽ ഒഫീഷ്യലിന്റെ ഓഫീസിലും ജോലി ചെയ്തു. എന്നാൽ, സമുദ്രഗവേഷണത്തോടുള്ള താത്പര്യംമൂലം 1960 ൽ ഫിഷറീസ് വകുപ്പിൽ ഗവേഷകനായി ചേർന്നു.

സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്ന അദ്ദേഹം, ലളിതമായ വേഷവിധാനവും പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലിയും ഭക്ഷണശീലങ്ങളും കണ്ടെത്തുകയും തന്റെ ജീവിതം അവയ്ക്കനുസരിച്ചു ചിട്ടപ്പെടുത്തുകയും ചെയ്തു. സ്വന്തം വീട്ടിലെ വൈദ്യുതോപകരണങ്ങളും വൈദ്യുതോർജ്ജംവരെയും സ്വന്തമായി വികസിപ്പിച്ചുപയോഗിക്കുന്നു.

കടൽ എന്ന വിശാലതയെ അടുത്തറിഞ്ഞ് അതിലെ ആഴമളന്ന് കരയിലെത്തി. കര കണ്ടതോടെ ആകാശത്തേക്കു സഞ്ചരിച്ചു. മനുഷ്യന്റെ ജിജ്ഞാസയാണ് മികച്ച വിദ്യാഭ്യാസമെന്ന് അദ്ദേഹം കാട്ടിത്തന്നു.

മിനിക്കോയി ദ്വീപിലെ മെറ്ററോളജി (Meterology) വകുപ്പിൽ ബാലൂൺ ഫ്ളൈറ്റ് അസിസ്റ്റന്റിന്റെ താത്കാലിക ജോലി കിട്ടിയതോടെ നിരീക്ഷണങ്ങൾ ഓരോന്നും തുറന്നുവച്ചു.

മാണിക് ഫാന്റെ പേരിൽ ഒരു മത്സ്യവർഗം അറിയപ്പെടുന്നുണ്ട്. അലി മാണിക് ഫാൻ കണ്ടെത്തിയ ഈ സ്പീഷിസാണ് അബു.

മിനിക്കോയിലെ സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ദേഹം തുടങ്ങിയ ഗവേഷണങ്ങളിൽ നാനൂറിലധികം മത്സ്യങ്ങളെ അറിഞ്ഞ് കണ്ടെത്താൻ സാധിച്ചു.

ഏകീകൃത ചാന്ദ്രമാസ കലണ്ടർ മാണിക് ഫാൻ വർഷങ്ങൾക്കുമുമ്പു രൂപപ്പെടുത്തിയതാണ്. എല്ലാ വർഷവും കലണ്ടറും ഡയറിയും തയ്യാറാക്കുന്നതിനായി മലപ്പുറം മക്കരപറമ്പ പുണർപ്പയിലെ കൂരിമണ്ണിൽ കുഞ്ഞിമുഹമ്മദ് എന്ന കുമുകുമ മാസ്റ്ററുടെ വീട്ടിൽ ദിവസങ്ങളോളം തങ്ങാറുണ്ട്. പരിസരപ്രദേശങ്ങളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സ്ഥിരം അതിഥിയുമാവാറുണ്ട്. വിവിധ ഭാഷകളിൽ രൂപപ്പെടുത്തുന്ന കലണ്ടറിന്റെയും ഡയറിയുടെയും നിർമാണവിതരണപ്രചാരണച്ചുമതല വർഷങ്ങളായി നിർവഹിച്ചുവന്നിരുന്നത് കുമുകുമ മാസ്റ്ററായിരുന്നു

കഴിഞ്ഞ ഓഗസ്റ്റ് 16 ന് കുമുകുമ മാസ്റ്റർ അന്തരിച്ചു. ഇപ്പോൾ അതിന്റെ പ്രചാരണാർത്ഥം ലോകമെമ്പാടും സഞ്ചരിക്കുകയാണ് മാണിക് ഫാൻ.

സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്തിരുന്ന കാലത്ത് മിനിക്കോയ് ദ്വീപിൽനിന്ന് കല്ലിന്റെ നങ്കൂരം ലഭിച്ചു. ഫിഷറീസ് വകുപ്പ് ഏറെ സമുദ്രഖനനം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ഇപ്പോൾ മറൈൻ ആർക്കിയോളജി വകുപ്പിന്റെ ശേഖരത്തിലുള്ള ഈ കല്ല് ഇരുമ്പ് കണ്ടുപിടിക്കുന്നതിനുമുമ്പ് പായക്കപ്പലിന്റെ നങ്കൂരമായി ഉപയോഗിച്ചതാണെന്ന് മാണിക് ഫാൻ കണ്ടെത്തി.

പരമ്പരാഗതമായ ഒരു അറബിക്കപ്പൽ ഉണ്ടാക്കാൻ ആരെങ്കിലുമുണ്ടോയെന്ന മറൈൻ ഡയറക്ടർ എസ്. ജോൺസിനോടൊത്തുള്ള ഐറിഷ് സഞ്ചാരിയായ ടിം സെവറിന്റെ അന്വേഷണം മാണിക് ഫാനിലെത്തിപ്പെട്ടു.

കപ്പൽ നിർമിക്കാൻ സാധിക്കുമോയെന്ന് മാണിക് ഫാനോട് ഡയറക്ടർ ജോൺസ് തിരക്കി. അത് ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ അറബികളുടെ പാരമ്പര്യ ചരക്കുകപ്പലായ സോഹറിന്റെ നവീകരിച്ച മാതൃക രൂപകല്പന ചെയ്തു. പെരുമ്പാവൂരിൽനിന്നാണ് കപ്പലിനുള്ള മരം ഒമാനിലേക്കു കൊണ്ടുപോയത്. ഒമാനിലാണ് കപ്പൽനിർമാണം പൂർത്തിയാക്കിയതും.

ഇതിനു ലോഹഭാഗങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല. അയനിമരവും കയറും മാത്രമുപയോഗിച്ച് കൈകൊണ്ടു നിർമിച്ചതായിരുന്നു ഈ കപ്പൽ.

ജ്ഞാനം വെറും തൊഴിലുപകരണമല്ല എന്ന് മാണിക്ഫാൻ ലോകത്തോടു പറഞ്ഞു. കോഴിക്കോട് ഒളവണ്ണയിലെ വാടകവീട്ടിലാണ് മാണിക് ഫാൻ താമസിക്കുന്നത്.

■

## 7 കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

# കാട്ടുപോത്ത്

കേരളത്തിലെ കാടുകളിൽ ആനയും കടുവയും കഴിഞ്ഞാൽ മൂന്നാംസ്ഥാനം കാട്ടുപോത്തിനുതന്നെ. മണംപിടിക്കാനുള്ള കാട്ടുപോത്തിന്റെ കഴിവ് അപാരമാണ്. ഇവയെ കാട്ടിയെന്നും കാട്ടുകാളയെന്നുമൊക്കെ ചിലയിടങ്ങളിൽ വിളിക്കാറുണ്ട്. പറമ്പികുളം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ ഇവയെ ധാരാളമായി കണ്ടുവരുന്നു. കേരളത്തിലെ കാട്ടുപോത്തിന് ഇരുണ്ട തവിട്ടുനിറമാണ്. കാലുകളുടെ മുട്ടിനുതാഴെ വെള്ളനിറമായിരിക്കും. അർദ്ധവൃത്താകൃതിയിലാണ് കൊമ്പുകൾ.

കൂട്ടത്തോടെയാണ് ഇവയെ കാണുക. അപൂർവമായി ഒറ്റയ്ക്കും സഞ്ചരിക്കുന്നു. ആണും പെണ്ണും കുട്ടികളും ഒന്നിച്ചാണ് കാണപ്പെടുന്നത്. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ചുമതല പ്രധാനമായും അമ്മയ്ക്കു തന്നെ. ഇക്കാര്യത്തിൽ കൂട്ടത്തിലെ മറ്റുള്ളവയും സഹായിക്കാറുണ്ട്. ആദ്യനാളുകളിൽ പാൽ മാത്രം കുടിച്ചുവളരുന്ന കുഞ്ഞ് നാലോ അഞ്ചോ മാസത്തിനുള്ളിൽ പുല്ലും തിന്നുതുടങ്ങുന്നു.



വളർച്ചയെത്തിയ കാട്ടുപോത്തിന് ഒരു ടൺവരെ ഭാരമുണ്ടാവാം. ഇതിന് അസാമാന്യശക്തിയുണ്ടെങ്കിലും പൊതുവേ ശാന്തസ്വഭാവമാണ്. മനുഷ്യന്റെ സാമീപ്യമറിഞ്ഞാൽ ഓടിയൊളിക്കും. ശ്രവണശക്തിയും കാഴ്ചശക്തിയും അത്രയേറെയില്ലെന്നതാണ് വസ്തുത. ആൺപോത്തിനു രണ്ടു മീറ്റർവരെ ഉയരം വയ്ക്കാറുണ്ട്. കൊമ്പിന്റെ നീളം ഒരു മീറ്ററോളം വരും. തല ഉയർന്നുനിൽക്കും.

ബൈസൺ എന്ന് ഇംഗ്ലീഷിൽ വിളിക്കുന്ന കാട്ടുപോത്തിന്റെ ശാസ്ത്രനാമം ബോസ്ഗാറസ് എന്നാണ്. പൊതുവേ ചതുപ്പുപ്രദേശമാണ് കാട്ടുപോത്തുകൾക്കിഷ്ടം. പുല്ലും ഇലകളുമാണ് ഭക്ഷണം. ആന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സസ്യാഹാരം തിന്നുന്നത് കാട്ടുപോത്തുതന്നെ. വയലുകൾപോലെയുള്ള ചതുപ്പുസ്ഥലങ്ങളും ജലാശയങ്ങളുമൊക്കെയുള്ള പ്രദേശങ്ങളാണ് പോത്തുകൾ താവളമാക്കുന്നത്. സ്വാഭാവികവനപ്രദേശത്തു പോത്തിൻപറ്റങ്ങൾ മേയുന്ന കാഴ്ച കൗതുകമുണർത്തുന്നതാണ്.




## മാർച്ച് 14
### നോമ്പുകാലം
### അഞ്ചാം ഞായർ



ഉത്പ 16:6 – 16
ജോഷ്വ 9:16 – 27
റോമ 12:1 – 11
യോഹ 7:37 – 39, 8:12 – 20

ഡോ. ജോഷി മയ്യാറ്റിൽ

# ഉറവയ്ക്കായും പ്രകാശത്തിനായും പതുങ്ങുക

**യോ**ഹന്നാനും ഏശയ്യായും ഇണപിരിയാത്ത കൂട്ടുകാരാണ് – ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്ത കൂട്ടുകാർ! യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് നോമ്പുകാലത്തിലെ അഞ്ചാം ഞായറാഴ്ച നാം വായിച്ചുകേൾക്കുന്ന ആത്മകൈമാറ്റം, ലോകപ്രകാശം എന്നീ പ്രമേയങ്ങൾ ഏശയ്യായിലെ യഥാക്രമം നാലും രണ്ടും കർത്തൃദാസഗീതങ്ങളോടു ബന്ധപ്പെട്ടതാണ്! എഴുനൂറു വർഷങ്ങൾക്കപ്പുറവും ഇപ്പുറവുമായി ജീവിച്ചിരുന്ന രണ്ടു പേർക്കിടയിലുള്ള അതിതീക്ഷ്ണമായ ഈ ദൈവശാസ്ത്രസൗഹൃദത്തെ 'ദൈവനിവേശനത്തിന്റെ മഹാദ്ഭുതം' എന്നേ വിശേഷിപ്പിക്കാനാകൂ...

ജറുസലേമിലെ കൂടാരത്തിരുനാളാഘോഷങ്ങൾക്കിടയിൽ ഈശോ അരുൾചെയ്ത തിരുവചനങ്ങളുടെ ചരിത്രപശ്ചാത്തലം മനസ്സിലാക്കാൻ ആദ്യം ശ്രമിക്കാം; അതിനുശേഷം, പശ്ചാത്തലത്തിൽ ഊന്നിയുള്ള സുവിശേഷവ്യാഖ്യാനവും. എല്ലാം ഗ്രഹിച്ചുകഴിയുമ്പോൾ നമുക്കു മനസ്സിലാകും, യോഹന്നാനും ഏശയ്യായ്ക്കും കൂട്ടുകാരനായി ഒരു പാട്ടുകാരനും കൂടിയുണ്ടെന്ന് – 36-ാം സങ്കീർത്തനത്തിന്റെ രചയിതാവ്!

**കൂടാരത്തിരുനാൾ**

യഹൂദകലണ്ടറനുസരിച്ച് തിഷ്റിമാസം (സെപ്തംബർ-ഒക്ടോബർ) 15-22 തീയതികളിൽ ജറുസലേമിന്റെ തെരുവുകളിലും ദൈവാലയപരിസരത്തും ജനം താത്കാലിക കൂടാരങ്ങളിൽ പാർത്തിരുന്നു. ആ ദിനങ്ങളിൽ അവർ നടത്തിയിരുന്ന മൂന്നു കർമാനുഷ്ഠാനപ്രദക്ഷിണങ്ങളിൽ രണ്ടാമത്തേത് പുരോഹിതരുടെ ജലപ്രദക്ഷിണമായിരുന്നു. ദേവാലയത്തിൽനിന്ന് സീലോഹാക്കുളത്തിലേക്കു ചെന്ന് വെള്ളം കോരി അതുമായി ജലകവാടത്തിലൂടെ ദൈവാലയത്തിലേക്കു കടന്ന് അൾത്താരയിൽ ജലധാരയൊഴുക്കുന്ന ഈ കർമാനുഷ്ഠാനം ഗീതങ്ങളാലും വാദ്യോപകരണസംഗീതത്താലും നൃത്തത്താലും മേളക്കൊഴുപ്പുള്ളതായിരുന്നു. മൂന്നാമത്തെ സാഘോഷമായ സായാഹ്നപ്രദക്ഷിണത്തിനിടെ വനിതകൾക്കുള്ള ദൈവാലയ പരിസരത്തു സ്ഥാപിതമായിട്ടുള്ള നാലു ഭീമൻ വിളക്കുകാലുകളിൽ പുരോഹിതർ ദീപം തെളിക്കുമായിരുന്നു. ജറുസലേംമുഴുവൻ പ്രോജ്ജ്വലിപ്പിക്കുന്ന ആ ദീപക്കാഴ്ച അതിസുന്ദരമായിരുന്നു.

**ആത്മകൈമാറ്റം**

മേൽപ്രതിപാദിച്ച കർമത്തിലെ ജലധാരയൊഴുക്കൽ കർമം യേശുവിൽ വിശ്വസിക്കുന്നവർക്കുള്ള അവിടത്തെ പരിശുദ്ധാത്മദാനത്തിന്റെ പ്രതീകമായി വ്യാഖ്യാനിക്കുകയാണ് യോഹന്നാൻസുവിശേഷകൻ. നോമ്പിന്റെ അഞ്ചാം ഞായറാഴ്ചയിലെ സുവിശേഷഭാഗത്തിൽ നോമ്പുകാലപ്രസക്തം എന്ന് ഒറ്റ നോട്ടത്തിൽ വ്യക്തമാകുന്ന തിരുവചനം 'അതുവരെയും ആത്മാവു നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല' (യോഹ 7,39) എന്നതാണ്. 'ദൊക്സാറ്റ്സോ' എന്ന ക്രിയാപദമാണ് ഇവിടെ 'മഹത്ത്വീകരിക്കുക' എന്ന ക്രിയാപദമായി പ്രയോഗിക്കപ്പെട്ടിട്ടുള്ളത്.

ഏശ 52,13-ന്റെ ഗ്രീക്കുഭാഷ്യത്തിലും 'ദൊക്സാറ്റ്സോ' എന്ന ക്രിയാപദം കാണാം: ''എന്റെ ദാസനു ശ്രേയസ്സുണ്ടാകും. അവൻ ഉയർത്തപ്പെടുകയും ഏറെ മഹത്ത്വപ്പെടുകയും ചെയ്യും.'' ഒറ്റനോട്ടത്തിൽ, ആർക്കോ നല്ല കാലം വന്നുചേർന്നിരിക്കുന്നു എന്ന ധ്വനിയുണർത്തുന്ന ഈ വാക്യത്തിന്റെ തൊട്ടുപിന്നാലെയുള്ള ഭാഗം വായിക്കുമ്പോഴാണ് നാം പകച്ചുപോകുന്നത്: "അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല." അത്ര ദയനീയമായ സഹനനിമിഷങ്ങളെയാണ് ഏശയ്യാപ്രവാചകൻ മഹത്ത്വത്തിന്റെ നിമിഷമായി ചിത്രീകരിച്ചിരിക്കുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടും അതുതന്നെ – കുരിശിലേറുന്ന നിമിഷമാണ് യേശുവിന്റെ മഹത്ത്വത്തിന്റെ നിമിഷം. ആ നിമിഷമാണ് ആത്മാവ് കൈമാറപ്പെടുന്നത്. യോഹ 19,30ൽ നാം വായിക്കുന്നു: "അവൻ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു." ഈ പരിഭാഷ അർത്ഥമാക്കുന്നത് അവൻ തലചായ്ച്ച് ആത്മാവിനെ പിതാവിനു സമർപ്പിച്ചു എന്നാണ്. 'പാരാദീദൊമി' എന്ന ഗ്രീക്കുവാക്കിന് 'കൈമാറുക' എന്നേ അർത്ഥമുള്ളൂ എന്നതിനാൽ, യേശുവിന്റെ മഹത്ത്വീകരണത്തോടെ വിശ്വാസികളിലേക്ക് പരിശുദ്ധാത്മാവിന്റെ കൈമാറലുണ്ടാകും എന്ന വാഗ്ദാനത്തിന്റെ (യോഹ 7,37-39) പൂർത്തീകരണ നിമിഷമാണത് എന്നു വ്യക്തമാണ്.



അതിനാൽ, കുറെക്കൂടി കൃത്യവും സാധുവുമായ പരിഭാഷ, 'അവൻ തലചായ്ച്ച് ആത്മാവിനെ കൈമാറി' എന്നായിരിക്കും. പരിഷ്കരിച്ച പി.ഒ.സി. ബൈബിളിൽ ഇതു കാണാം.

നോമ്പുകാലം ആത്മസമൃദ്ധിയുടെ മരുഭൂമിക്കാലമായിരിക്കണമെന്ന സഭയുടെ ദർശനം ഈ ആരാധനക്രമത്തിലൂടെ നമുക്കു സ്വന്തമാക്കാം. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും ഫലങ്ങളാലും നമ്മുടെ ജീവിതം സമ്പന്നമാകട്ടെ! സങ്കീർത്തകനോടൊപ്പം നമുക്കും പാടാം: "അങ്ങിലാണ് ജീവന്റെ ഉറവ" (36,9).

**ലോകപ്രകാശം**

മേൽപ്പറഞ്ഞ കർമത്തിലെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശധോരണി ലോകത്തിന്റെ പ്രകാശമായ യേശുവിന്റെ പ്രതീകമായി വ്യാഖ്യാനിക്കുകയാണ് യോഹന്നാൻ (8,12-20). ഈ വ്യാഖ്യാനം, യഥാർത്ഥത്തിൽ, സഹനദാസനെക്കുറിച്ചുള്ള ഏശയ്യാപ്രവാചകന്റെ രണ്ടാം പ്രവചനത്തിന്റെ പൂർത്തീകരണമാണ്: "യാക്കോബിന്റെ ഗോത്രങ്ങളെ ഉയർത്താനും ഇസ്രായേലിൽ അവശേഷിച്ചിരിക്കുന്നവരെ ഉദ്ധരിക്കാനും നീ എന്റെ ദാസനായിരിക്കുക വളരെ ചെറിയ കാര്യമാണ്. എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും" (ഏശ 49,6).

താൻ ലോകത്തിന്റെ പ്രകാശമാണെന്ന യേശുവിന്റെ പ്രസ്താവനയ്ക്ക് രണ്ട് അർത്ഥങ്ങളുണ്ടാകാം: (1) ലോകത്തിനു കാഴ്ചയും ഉൾക്കാഴ്ചയും നല്കുന്നവനാണ് ഈശോ. അന്ധർക്കു കാഴ്ചയും (യോഹ 9) വഴിപിഴച്ചവർക്കു വിശുദ്ധവഴിയും (യോഹ 8,1-12; 4,1-42) സമ്മാനിച്ചവനാണവിടന്ന്. (2) ഈശോ നടത്താനിരിക്കുന്ന ന്യായവിധിയെയും ഇതു സൂചിപ്പിക്കുന്നുണ്ടാകാം. തന്റെ വിധി സത്യമാണെന്ന അവിടത്തെ പ്രസ്താവന (8,16) ഇതിലേക്കാണല്ലോ വിരൽചൂണ്ടുന്നത്.

യേശുവിന്റെ വെളിച്ചം കൂടുതൽക്കൂടുതലായി സ്വന്തമാക്കി ജീവിതത്തിന്റെ ഇരുളുകൾ പാടേ നീക്കാൻ നമുക്കു ലഭിച്ചിട്ടുള്ള അനുഗ്രഹകാലമാണ് നോമ്പുകാലം. സങ്കീർത്തകനോടൊപ്പം ആത്മാർത്ഥമായി നമുക്കും പാടാം: "അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം" (സങ്കീ 36,9).

■


അനുഗ്രഹസ്മരണ



ഒരു വിശ്വാസി
അമ്പാറനിരപ്പേൽ

അനുഗ്രഹസ്മരണ



ഒരു വിശ്വാസി
അമ്പാറനിരപ്പേൽ

അനുഗ്രഹസ്മരണ



ഒരു വിശ്വാസി
അമ്പാറനിരപ്പേൽ

അനുഗ്രഹസ്മരണ



ഒരു വിശ്വാസി
അമ്പാറനിരപ്പേൽ

അനുഗ്രഹസ്മരണ



ഒരു വിശ്വാസി
അമ്പാറനിരപ്പേൽ

# വരുൺവധത്തിന്റെ പിന്നാമ്പുറ'ദൃശ്യ'ങ്ങൾ






ബിജോ രാജു ഗ്രേഷ്യസ്




'ദൃശ്യം 2' സിനിമ നമ്മുടെ സമൂഹത്തിൽ വൈകാരിക ഉണർവ് ഇളക്കിവിട്ടിരിക്കുകയാണ്. കൊവിഡ് പ്രതിസന്ധിമൂലം നിശ്ചലമായിപ്പോയ സിനിമാമേഖലയെ മാത്രമല്ല കലാരംഗം ആകമാനമായിട്ടാണ് 'ദൃശ്യം 2' ചലനാത്മകമാക്കിയിരിക്കുന്നത്. ഏഴു വർഷംമുമ്പു വന്ന ഒന്നാം ദൃശ്യം മലയാളസിനിമാചരിത്രത്തിലെ ആദ്യത്തെ നൂറു കോടിപ്പടമായിരുന്നു. മാത്രമല്ല, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി തുടങ്ങിയ ഇന്ത്യൻ ഭാഷകളിലും, ചൈനീസ് അടക്കമുള്ള വിദേശഭാഷകളിലും പുനർനിർമിക്കപ്പെടുകയും അവിടെയെല്ലാം വിജയം ആവർത്തിക്കുകയും ചെയ്തു.

രണ്ടാംവരവിലും ജോർജ്കുട്ടിയും കുടുംബവും ആഗോളസിനിമാസ്വാദകരുടെ ആകാംക്ഷകൾക്ക് ആക്കംകൂട്ടുന്ന ദൃശ്യരസങ്ങൾ പകർന്നാണ് ജൈത്രയാത്ര തുടരുന്നത്. തിരക്കഥയിലെ സാമ്പ്രദായികവ്യവസ്ഥിതികളിൽനിന്നു മാറി സഞ്ചരിച്ച ജീത്തു ജോസഫിന്റെ തിരക്കഥയുടെ വ്യത്യസ്തതയും, സംവിധാനമികവും, അഭിനയകലയുടെ അതികായൻ മോഹൻലാൽ, ജോർജുകുട്ടി എന്ന നാലാംക്ലാസ്സുകാരനായ നാട്ടിൻപുറത്തുകാരന്റെ മാനസികസംഘർഷങ്ങളിലൂടെ നടത്തുന്ന പകർന്നാട്ടവും സൗന്ദര്യശാസ്ത്രപരമായി സമന്വയിക്കുന്നിടത്താണ് ദൃശ്യത്തിന്റെ മുന്നേറ്റം.

ഭാര്യയോടും രണ്ടു പെൺമക്കളോടുമൊപ്പം തന്റേതായ ഒരു ലോകത്ത് സന്തോഷത്തോടെ ജീവിക്കുന്ന ജോർജുകുട്ടിയുടെ കുടുംബത്തിലക്ക് ഒരുദിവസം കടന്നുവരുന്ന, ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥയുടെ മകനായ വരുൺ, ഒരേസമയം ജോർജുകുട്ടിയുടെ ഭാര്യ റാണിയെയും മൂത്ത മകളെയും മാനഭംഗപ്പെടുത്താൻ ശ്രമിക്കുന്നു. കൺമുമ്പിൽ പെറ്റമ്മയുടെ മാനത്തിനു വില പറയുമ്പോൾ, മുറിവേറ്റ സ്ത്രീത്വത്തിന്റെ, വീറുള്ള പ്രതിരോധമെന്നവണ്ണം ആ മകൾ അവനെ തലയ്ക്കടിച്ചുകൊല്ലുന്നു. നിയമത്തിന്റെ പിടിയിൽപ്പെട്ടു തന്റെ മകളുടെ ഭാവി ശിഥിലമായിപ്പോകാതിരിക്കാൻ ജോർജുകുട്ടി എന്ന പിതാവ് നടത്തുന്ന, പ്രതിരോധപ്രയത്നങ്ങളാണ് ദൃശ്യവിസ്മയങ്ങളായി മാറുന്നത്.

മാനം കാക്കാനുള്ള സ്ത്രീയുടെ തത്രപ്പാടിനിടയിൽ സംഭവിക്കുന്ന ഇത്തരത്തിലുള്ള കൈയബദ്ധങ്ങളായ കൊലപാതകങ്ങൾക്കെതിരേ കേസുപോലും ഉണ്ടാകില്ലെന്നുള്ള 'ലോ പോയിന്റ്' ഓരോ സ്ത്രീപീഡനത്തിന്റെയും പിറ്റേന്ന് തെരുവോരങ്ങളിൽനിന്ന് ഘോരഘോരം പ്രസംഗിക്കാൻ ഇവിടത്തെ സ്ത്രീപക്ഷവാദികൾക്കും രാഷ്ട്രീയക്കാർക്കുമൊക്കെ ആവേശമുണ്ടാകുമെങ്കിലും, പണമുള്ളവന്റെ വരുതിക്കു മാത്രം ഏകപക്ഷീയമായി വഴങ്ങിപ്പോരുന്ന നമ്മുടെ നിയമവ്യവസ്ഥിതിയിൽ നീതി നിഷേധിക്കപ്പെട്ടവരുടെ ഒരു നീണ്ടനിരതന്നെ ഇവിടെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം പ്രേക്ഷകരും ജോർജുകുട്ടിയും കുടുംബവും ശിക്ഷിക്കപ്പെടരുതെന്ന് സിനിമ കാണുമ്പോൾ ആഗ്രഹിച്ചുപോകുന്നു, അതുകൊണ്ടുതന്നെയാണ് ഇവിടെ ജോർജുകുട്ടിക്ക് ജനപിന്തുണ കൂടുന്നത്.

സാധാരണ കണ്ടുവരുന്ന കുറ്റാന്വേഷണ കഥകളോടു സമരസപ്പെടാതെ വേറിട്ടുനിൽക്കുന്നതാണ് ദൃശ്യത്തിന്റെ കഥാഗതി. തീർച്ചയായും ഇതൊരു ക്രൈം ത്രില്ലർ പടംതന്നെയാണ്. പക്ഷേ, ഇവിടെ കുറ്റാന്വേഷകനല്ല ക്രിമിനലിനെ സംരക്ഷിക്കുന്ന പിതാവാണ് ഹീറോ. അപ്പോൾ പഴുതടച്ചുള്ള അന്വേഷണത്തിലൂടെ കുറ്റവാളിയിലേക്കെത്തുന്ന അന്വേഷണ ഉദ്യോഗസ്ഥനല്ല, തെളിവുകൾ നശിപ്പിച്ചും, വാക്കുകൾ തന്ത്രപൂർവം പ്രയോഗിച്ച് കേവലമനുഷ്യരെക്കൊണ്ട് അവർപോലുമറിയാതെ കള്ളസാക്ഷ്യം പറയിച്ചും അനിവാര്യമായ ശിക്ഷാനടപടികളിൽനിന്ന് അകന്നുപോകുന്ന ക്രിമിനൽ പരിവേഷമുള്ള നായകനാണ് കൈയടി വാങ്ങുന്നത്. ചുരുക്കിപ്പറഞ്ഞാൽ, കുറ്റം കണ്ടെത്തുന്നതല്ല, അത് മറച്ചുവയ്ക്കുന്നതാണ് ഇവിടത്തെ ത്രില്ലിംഗ്. 'ക്ലാസ്സിക് ക്രിമിനൽ' എന്ന വിശേഷണംതന്നെ ആ വഴിക്കാണു നായകനിലേക്കെത്തുന്നത്.

മാനസികസമ്മർദങ്ങളുടെ ആഴങ്ങളിൽ വലയുമ്പോളും അത്, തന്നെമാത്രം ആശ്രയിച്ചുകഴിയുന്ന ഭാര്യയും മക്കളും അറിയാതിരിക്കാൻ ക്ലേശിക്കുന്ന ജോർജുകുട്ടി തന്റെ കുടുംബത്തിലെ ഏറ്റവും ചെറിയ കാര്യങ്ങളിൽപ്പോലും കുടുംബത്തോടൊപ്പം സന്തോഷിക്കാൻ സമയം കണ്ടെത്തുന്നുണ്ട്. അതൊരു വലിയ മേന്മതന്നെയാണ്. മാത്രമല്ല സ്നേഹം, കരുതൽ, ഉത്തരവാദിത്വം, ദീർഘവീക്ഷണം, ശ്രദ്ധ, ഇങ്ങനെ സവിശേഷമായ പല മാനുഷിക ഗുണങ്ങളും അയാളിൽ ദർശിക്കാനാകും. ഈ ഗുണങ്ങളിലൂടെത്തന്നെയാണ് അയാൾ തന്റെ പ്രതിരോധങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതും.

ഈ കഥയ്ക്കൊരു മൂന്നാം ഖണ്ഡംകൂടി ഉണ്ടാകാനുള്ള സാധ്യതകളെക്കുറിച്ച് സൂത്രധാരനായ ജീത്തു ജോസഫ് സൂചിപ്പിക്കുന്നുണ്ട്. അതിന്റെ ക്ലൈമാക്സ് തന്റെ കയ്യിലുണ്ടെന്നും അദ്ദേഹം പറയുന്നു. അതെങ്ങനെയാകും, ശോകപര്യവസായിയായിരിക്കുമോ, ജോർജുകുട്ടി തങ്ങളെ കരയിക്കുമോ എന്നുള്ള ചിന്ത ഇപ്പോൾത്തന്നെ സിനിമാസ്വാദകരുടെ നെഞ്ചിൽ അശാന്തിയായി മാറിക്കഴിഞ്ഞു. വരുൺ വധിക്കപ്പെട്ടത് എങ്ങനെയാണെന്നും അയാളുടെ ശവശരീരം ജോർജുകുട്ടി എന്തു ചെയ്തെന്നും പോലീസ് ഉദ്യോഗസ്ഥർക്ക് ഒഴികെ, പ്രഥമ ദൃശ്യം കണ്ട മുഴുവൻ പ്രേക്ഷകർക്കും അറിവുള്ളതായിരുന്നു. പുതിയ ദൃശ്യത്തിൽ വരുണിന്റെ സ്കെൽറ്റൻ പോലീസ് കണ്ടെടുത്തെങ്കിലും മേൽപ്പരാമർശിച്ച ദീർഘവീക്ഷണത്തോടെ നീങ്ങിയ ജോർജുകുട്ടി അതിനെയും ഫലപ്രദമായി പ്രതിരോധിക്കുന്നു. അതിഭാവുകത്വമോ സാങ്കേതികപ്രശ്നങ്ങളോ ചൂണ്ടിക്കാട്ടി 'ദൃശ്യ'ത്തെ എതിർക്കാൻ ഒരു കേവല ന്യൂനപക്ഷത്തിനു കഴിഞ്ഞേക്കാം, പക്ഷേ, ദൃശ്യം എന്ന വാണിജ്യസിനിമ കച്ചവടത്തിന്റെ നീതിശാസ്ത്രത്തെയും, പ്രേക്ഷകരുടെ രുചിഭേദങ്ങളെയും ഒരിടത്തും നിരാകരിക്കുന്നില്ല. അപ്പോൾ വിജയം സ്വാഭാവികം.

ഒരു കുറ്റവും ചെറുതല്ല, ഏതൊരു കുറ്റവും ഒരിക്കൽ പിടിക്കപ്പെടും, ആ തിരിച്ചറിവായിരുന്നു ദൃശ്യത്തിന് രണ്ടാം ഭാഗം ഉണ്ടാകാനുള്ള കാരണം. നാളെ അത് പിടിക്കപ്പെട്ടാൽ എങ്ങനെ പ്രതിരോധിക്കാം എന്ന മുൻവീക്ഷണവും അതിനായുള്ള തയ്യാറെടുപ്പും... എന്നാൽ മൂന്നാം ഭാഗമോ...?

മോഹൻലാലിന്റെ അതുല്യമായ അഭിനയപാടവം വാക്കുകൾക്ക് അതീതമാണ്. സക്കീർ അലിയായും, അലിഭായിയായും മാത്രമല്ല പൂവള്ളി ഇന്ദുചൂഡനായും, കണിമംഗലം ജഗന്നാഥനായും പിന്നെ നെടുമ്പള്ളി സ്റ്റീഫനായും, തോമസ് ചാക്കോ എന്ന സാക്ഷാൽ ആടുതോമായായും, ജോർജുകുട്ടിയായുമൊക്കെ, കളിയരങ്ങിലെ പല വ്യത്യസ്തവേഷപ്പകർച്ചകളായി വന്ന് മോഹൻലാൽ ഇനിയും പ്രേക്ഷകമനസ്സിൽ വിസ്മയങ്ങൾ തീർക്കട്ടെ... □

---

## ജില്ലാപ്പഞ്ചായത്ത്

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

മഹാവൈയാകരണനായ എ.ആർ. രാജരാജവർമ്മ അന്നു നിലവിലിരുന്ന ഭാഷയ്ക്കാണ് പ്രയോഗവ്യവസ്ഥ ഏർപ്പെടുത്തിയത്. കേരളപാണിനീയം പ്രസിദ്ധീകൃതമായിട്ട് ഒന്നേകാൽ നൂറ്റാണ്ടോളമായി. ഭാഷയിലും വ്യാകരണചിട്ടവട്ടങ്ങളിലും നിരന്തരം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അവയിൽ പലതും ഉൾക്കൊള്ളാൻ കേരളപാണിനീയവിധികൾക്കാവുന്നില്ല. പുതുപദയോഗങ്ങളെ വ്യവസ്ഥപ്പെടുത്താൻ നവീനവ്യാകരണനിയമങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ദ്വിത്വസന്ധിയിലാകട്ടെ, വ്യവസ്ഥ ചെയ്യാൻ പറ്റാത്തത്ര ശിഥിലതകളാണുള്ളത്. തമ്മിൽ ചേരുന്ന വർണ്ണങ്ങളിൽ ഒന്നാമത്തേതോ രണ്ടാമത്തേതോ പുതിയതായി വന്നാൽ അവയിൽ ഒന്ന് ഇരട്ടിക്കും. പരമായി വരുന്നത് സ്വരമാണെങ്കിൽ പൂർവ്വപദാന്തവർണ്ണത്തിനും (തൊള് + ആയിരം = തൊള്ളായിരം) പരമായി വരുന്നത് വ്യഞ്ജനമാണെങ്കിൽ ആ വ്യഞ്ജനത്തിനും (സ്വർണ്ണ + കമ്മൽ = സ്വർണ്ണക്കമ്മൽ) ദ്വിത്വം സംഭവിക്കും.

സമാസിക്കുമ്പോൾ പൂർവ്വപദാന്തവർണ്ണത്തിനോ ഉത്തരപദാദിവ്യഞ്ജനത്തിനോ പ്രാധാന്യം വരാം. പരാമൃഷ്ടവർണ്ണങ്ങൾക്ക് ഊന്നൽ കൊടുത്താണ് പ്രാധാന്യം കൈവരുത്തുന്നത്. ഉച്ചാരണത്തിനു നല്കുന്ന ഊന്നൽ ദ്വിത്വത്തിനു കാരണമാകുന്നു. ഈ പ്രവണതയ്ക്ക് 'ബലാഘാതം' എന്നു പരികല്പന ചെയ്യാം. "സന്ധി ചേരുന്നിടത്ത് ബലത്തിനുവേണ്ടി ഒരു വർണ്ണം ഉറപ്പിച്ച് ഉച്ചരിക്കുന്നതാണ് ബലാഘാതം" * എല്ലാത്തരം ദ്വിത്വസന്ധിക്കും അടിസ്ഥാനം ബലാഘാതമെന്നത്രേ നവീന വ്യാകരണമതം.

അറബിഭാഷയിൽനിന്നു സ്വീകരിക്കപ്പെട്ട ഒരു തദ്സമമാണ് ജില്ലാ എന്ന പദം (മലയാളത്തിൽ ജില്ല എന്നു മതി). അതിനോട് ഉറുദു (ഹിന്ദി) വാക്കായ പഞ്ചായത്ത് ചേരുമ്പോൾ, പൂർവ്വപദാന്തദീർഘം നഷ്ടപ്പെടാതെതന്നെ ബലാഘാതംമൂലം 'പ'കാരത്തിന് ദ്വിത്വം വരും. അങ്ങനെ ജില്ലാ + പഞ്ചായത്ത്, ജില്ലാപ്പഞ്ചായത്ത് എന്നാകുന്നു. ജില്ലാ + കോടതി = ജില്ലാക്കോടതി; ജില്ലാ + കോർട്ട് = ജില്ലാക്കോർട്ട് എന്നിങ്ങനെ സമാന സമസ്തപദങ്ങൾ ഭാഷയിൽ ഉണ്ട്. പരീക്ഷാപ്പേപ്പർ, ഗുണ്ടാപ്പിരിവ് മുതലായവയിലും ഇതേ നയമാണ് പ്രവർത്തിക്കുന്നത്.

ബ്ലോക്കുപഞ്ചായത്തിൽ 'പ' കാരം ഇരട്ടിക്കാത്തതിന് വേറെ കാരണമുണ്ട്. പൂർവ്വപദം സംവൃതോകാരാന്തമായാൽ പരവ്യഞ്ജനത്തിനു പ്രായേണ ദ്വിത്വമില്ല. അതിൻപ്രകാരം ബ്ലോക്ക് + പഞ്ചായത്ത്, ബ്ലോക്കുപഞ്ചായത്ത് എന്നു വരുന്നു. 'പഞ്ചായത്ത്' എന്ന ഉത്തരപദത്തിലെ പകാരത്തിന് ബലാഘാതമില്ലാത്തതും ഇരട്ടിക്കാത്തതിനു കാരണമാകാം. എന്നാൽ, ഗ്രാമപഞ്ചായത്തിൽ (ഗ്രാമ + പഞ്ചായത്ത് = ഗ്രാമപ്പഞ്ചായത്ത്) വിശേഷണവിശേഷ്യത്വവും ബലാഘാതവും സംയുക്തമായി സംഭവിക്കുന്നതിനാൽ ഇരട്ടിപ്പ് അവർജ്യമാകുന്നു.

* നമ്പൂതിരി, ഇ.വി.എൻ, കേരളഭാഷാവ്യാകരണം, ഡി.സി. ബുക്സ്, 2005, പുറം – 40.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 2 Date of Publication 4 March 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

## അയർക്കുന്നം, കോട്ടയം

Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# സ്നേഹസ്മരണയ്ക്ക്

## രണ്ടാം ചരമവാർഷികം

06 – 03 – 2021



**മാത്യു ജോസഫ് (ബേബിച്ചൻ)**
**മൂഴയിൽ, കടവന്ത്ര**

ജനനം: 11 – 02 – 1945, മരണം: 06 – 03 – 2019

"ഞാൻ നിങ്ങളിൽനിന്നു വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ."

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org